Amendment to Standing Orders.

Mr. K. T. Mathew.—I beg to move that the amendment to Standing Order 31 (1) as amended by the Council be taken up and passed.

Mr. K. G. Nayar.—I beg to second it.

Motion put and carried.

Cochin Nambudiri Bill.

മിസ്റ്റർ ചെ. എസ്സ്. കേശവൻനമ്പൂതിരി.—സാർ, നമ്പൂതിരി ബില്ലിനെപ്പറ്റി ആലോചിക്കുവാനായി ഈ സഭയിൽനിന്നും നിയമിച്ചിട്ടുണ്ടായിരുന്ന സിലക്ടു കമ്മിറ്റിയിൽ ഏകദേശം പത്തു പതിനൊന്നു മെമ്പർമാരുണ്ടായിരുന്നു. അവർ ഈ കൊച്ചീ രാജ്യത്തു നമ്പൂതിരിമാർധാരാളമായി അധിവസിക്കുന്ന നാട്ടംപുറങ്ങളിലും മറ്റു പലസ്ഥിക്കുകളിലും സഞ്ചരിച്ചു തെളിവുകൾ എടുക്കുകയുണ്ടായി. ഏകദേശം നൂറിൽ ചിലപ്പോൾ നമ്പൂതിരിമാരെ നേരിട്ടു വിസ്തരിച്ചുതന്നെ തെളിവുകൾ എടുത്തിട്ടുണ്ട്. കൂടാതെ അറുപതോളം അന്തർജ്ജനങ്ങളുടെ അഭിപ്രായവും സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, പത്തു പതിനെട്ടു അന്തർജ്ജനങ്ങളെ ഞങ്ങൾക്കു നേരിട്ടു വിസ്തരിക്കുവാനും അവരുടെ മൊഴികൾ രേഖപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്. ആദ്യമായി യാഥാസ്ഥിതികരായ ചില നമ്പൂതിരിമാർ ശ്രീമതി പാർവ്വതി നെന്മിനിമംഗലം കമ്മിറ്റിയിൽ ഉള്ളതുകൊണ്ടു കമ്മിറ്റിയെ ബഹിഷ്കരിക്കുന്ന എന്നും മറ്റുമുള്ള ചില ശബ്ദങ്ങൾ അവിടവിടെയായി പുറപ്പെടുവിച്ചിരുന്നുവെങ്കിലും സിലക്ടു കമ്മിറ്റി കൂടുന്ന സ്ഥലങ്ങളിലെല്ലാം എഴുപതിരണ്ടും എഴുപത്തഞ്ചും വയസ്സായവർ ഉൾപ്പടെ അനവധി നമ്പൂതിരിമാർ വരികയും കമ്മിറ്റിക്കു് അവർ തെളിവു തരികയും ചെയ്തിട്ടുണ്ട്. ഈ ബില്ലിനെസംബന്ധിച്ചു ഞങ്ങൾ തെളിവുകൾഎടുത്തിരിക്കുന്ന കൂട്ടത്തിൽ മദിരാശിയിൽ പാസ്സാക്കിയിട്ടുള്ള ബില്ലിനോടു് ഏകദേശം രൂപപ്പെടുത്തണമെന്നുദ്ദേശിച്ചു് അതിലേക്കാവശ്യമുള്ള മാറ്റങ്ങൾ കമ്മിറ്റിയിൽ നിന്നും തന്നെ ചെയ്തിട്ടുണ്ട്. ഇതു് മദിരാശിയിൽ പാസാക്കിയ ബില്ലിന്റെ ഏകദേശമുള്ള ഒരു തനിപകർപ്പാണെന്നു തന്നെ പറയാം. ഇതിനുമുമ്പു് മഹാരാജാവുതിരുമനസ്സുകൊണ്ടു് തള്ളിക്കളഞ്ഞിട്ടുണ്ടായിരുന്ന ബില്ലിനെ സംബന്ധിച്ചു് ഗവൺമെൻറിൽനിന്നും പ്രസിദ്ധംചെയ്തിരുന്ന കമ്മ്യൂണിക്കിൽ പറഞ്ഞിട്ടുള്ള ആ ദോഷങ്ങൾ ഇതിലും വരുമെന്നുള്ള വിചാരവും ഞങ്ങൾക്കുണ്ടായിരുന്നു. ഈ ബില്ലിൽ മൂന്നാലു സംഗതികൾ കല്പിങ്ങാട്ടു ശങ്കരൻനമ്പൂതിരിയുടെ ബില്ലിൽ നിന്നും വിത്യാസപ്പെട്ടതാണു്. ശങ്കരൻനമ്പൂതിരിയുടെ ബില്ലിൽ ഉള്ള ഒന്നു രണ്ടു ദോഷഭാഗങ്ങൾ കൂടി പറയാം.

അതിൽ സ്ത്രീധനസംബന്ധം ക്ലിപ്തപ്പെടുത്തീട്ടുണ്ടായിരുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു പറഞ്ഞിട്ടുള്ളതു് സ്ത്രീധനസംബന്ധം തറവാട്ടുസ്വത്താകുന്നതുകൊണ്ടു പെൺകൊടുക്കുള്ള ബുദ്ധിമു

LIBRARY ARCHIVES Kerala Legislative Assembly

ട്ട് കൂടുതലാകുമെന്നാണ്. അതനുസരിച്ചു് ആ ഭാഗം ഈ ബില്ലിൽനിന്നും എടുത്തുകളഞ്ഞു. അതുകൂടാതെ സജാതീയ വിവാഹത്തിനു മാർഗ്ഗമൊന്നുമില്ലെന്നു് പഴയ ബില്ലിനെപ്പറ്റിപ്പറഞ്ഞിട്ടുണ്ടു്. ഇപ്പോഴാകട്ടെ അധിവേദനം ശിക്ഷാർഹമാക്കുകയും സജാതീയവിവാഹംകൊണ്ടു ഗ്രഹഭേദം ഉണ്ടാകുമോഎന്നുള്ള ഭയം ഉള്ളവർക്കു് വേറെ താമസിക്കുവാനും അവരുടെ ഓഹരികൾ തിരിയ്ക്കുവാനുമുള്ള മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടു്. പിന്നെ മുമ്പിലത്തെ ബില്ലിൽ വേറെ ഒരു സംഗതികൂടി പറഞ്ഞിട്ടുള്ളതു് ഒരു കാരണവൻ ഒരു കന്യകയെ വിവാഹംചെയ്തുകൊടുക്കുവാൻ വിസമ്മതം കാണിക്കുന്നുവെങ്കിൽ ഇല്ലത്തിലെ വേറെ ഏതെങ്കിലും മെമ്പർക്കു് ആ കന്യകയെ വിവാഹംചെയ്തുകൊടുക്കാമെന്നാണ്. എന്നാൽ ഈ ബില്ലിൽ ഉടകപൂവ്വം ചെയ്യുവാൻഅധികാരമുള്ള ആൾക്കു മാത്രമേ പാടുള്ളു എന്നുവെച്ചിട്ടുണ്ടു്. ഇതു ശാസ്ത്രപ്രകാരം വരുത്തീട്ടുള്ള ഒരു മാറ്റമാണ്. ഈ വക സംഗതികളിൽ പണ്ടത്തെ ബില്ലിലുണ്ടായിരുന്ന ദോഷങ്ങളൊന്നുംതന്നെ ഈ ബില്ലിൽ ഇല്ല. അവസാനമായി ഒരു മാറ്റം കൂടിവരുത്തിട്ടുണ്ടു്. പണ്ടത്തെ ബില്ലിൽ ഇളയതിനെ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിലും ആദ്യം ഇളയതിനെ ഉൾപ്പെടുത്തിയിരുന്നില്ല. അതിനുശേഷം ഇളയതുമാരുടെ ഒരു മെമ്മോറിയൽ കമ്മിറ്റിക്കു് അയച്ചുതരികയുണ്ടായി. അവരേയും കൂടി ഈ ബില്ലിൽ ഉൾപ്പെടുത്താമെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു. ഇതുപോലെ നമ്പീശന്മാരും മൂത്തതുമാരും അവരേയും കൂടി ഉൾപ്പെടുത്തണമെന്നു് അഭിപ്രായപ്പെടുകയുണ്ടായി. അടുത്തകാലത്തു് ബ്രിട്ടീഷിൽ പാസാക്കിയബില്ലിൽ അവർ ഇളയതുമാരേയും, മൂത്തതുമാരേയും, നമ്പീശന്മാരേയും മറ്റും ഉൾപ്പെടുത്തികാണുന്നുണ്ടു്. അതനുസരിച്ചുള്ള മാറ്റം ഇവിടേയും വരുത്തീട്ടുണ്ടു്. ഇതെല്ലാം ബ്രിട്ടീഷ് ബില്ലിനെ അടിസ്ഥാനപ്പെടുത്തിയുമാണ്. അതുകൊണ്ടു് ഈ ബിൽ വലിയപ്രതിബന്ധമൊന്നുംകൂടാതെ ഈ കൌൺസിലിൽതന്നെ പാസാക്കികിട്ടണമെന്നു് അപേക്ഷിയ്ക്കുകയും സിലക്ടു് കമ്മിറ്റി റിപ്പോർട്ടു് ഇപ്പോൾതന്നെ ആലോചനക്കെടുക്കുവാനായി അവതരിപ്പിക്കുകയും ചെയ്തുകൊണ്ടു വിരമിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ പന്തൽവൈദ്യികൻ പരമേശ്വരൻ നമ്പൂതിരി.—ഈ കാര്യത്തിൽ ഒരു കമ്മിറ്റിയെ വച്ചിട്ടു തെളിവു് എടുക്കുകയുണ്ടായി എന്നു പറഞ്ഞു. എന്നാൽ ഇതിൽ യാഥാസ്ഥിതികന്മാരായ വളരെപേരുടെ തെളിവുകൾ എടുക്കാതെ ഇരുന്നിട്ടുണ്ടു്. ഇപ്പോൾ അവരെല്ലാം തെളിവു തരുവാനും തയ്യാറുണ്ടു്. ഞാൻ ചിലരുടെ പക്കൽനിന്നെല്ലാം തെളിവു വാങ്ങിവരികയാണു്. ഏകദേശം

LIBRARY ARCHIVES Kerala Legislative Assembly

ന്നുറിൽ ചിലപ്പോൾ പേരുടെ തെളിവ് ഇതുവരെയായി ഞാൻ എടുത്തിട്ടുണ്ട്. ഇനിയും കൂടുതലായി തെളിവു് എടുക്കുവാൻ വേണ്ട. ഈ ബില്ലിന്റെ ആലോചന അടുത്ത തവണത്തേക്കു മാറ്റിവെച്ചിട്ടിയാൽ കൊള്ളാമെന്നു് എനിക്കു് ഒരപേക്ഷയുണ്ടു്.

മിസ്റ്റർ പി. എസ്സു്. കേശവൻ നമ്പൂതിരി.—സാർ, പന്തൽ വൈദീകൻ ഈ ബില്ലിന്റെ ആലോചന അടുത്ത കൌൺസിലേക്കു നീട്ടിവെക്കണമെന്നു പറഞ്ഞതിനെ ഞാൻ എതിർക്കുന്നു. ഈ ബിൽ അവതരിപ്പിച്ചിട്ടു് ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. ഇതിനെപ്പറ്റി ഇതിൽ കൂടുതലായി ഒരന്വേഷണം നടത്തുവാൻ സാധിക്കുമോ എന്നുള്ള കാര്യം വളരെ സംശയമാണു്. നമ്പൂതിരിമാർ കുറച്ചധികം ഉള്ള ദിക്കുകളിലെല്ലാം ഞങ്ങൾ സഞ്ചരിച്ചിട്ടുണ്ടു്. ആ സ്ഥിതിക്കു് ഇതിൽ കൂടുതലായി ഒരു തെളിവെടുക്കുവാൻ സാധിയ്ക്കുമെന്നു് ഇതിന്റെ ചെയർമാനായ ഡാക്ടർ എ. ജി. മേനവനു തന്നെ പറയുവാൻ കഴിയുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഇതിലധികം നമ്പൂതിരിമാരുടെ അടുക്കൽനിന്നും തെളിവെടുക്കേണ്ടതുണ്ടെന്നു് എനിക്കു തോന്നുന്നില്ല. പന്തൽ വൈദീകൻ ഇനി ഏതു ദിക്കിലുള്ള നമ്പൂതിരിമാരുടെയടയിൽനിന്നാണു് തെളിവെടുക്കണമെന്നഭിപ്രായപ്പെടുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഞങ്ങൾ വളരെ പ്രായം ചെന്ന പഴമക്കാരായവരുടെ തെളിവുകൾ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിൽ ഏകദേശം ന്യൂനപക്ഷം 80 വയസ്സിനു മേൽ പ്രായം ചെന്നവരാണു്. എന്നതന്നെയല്ല ഇതിനു വിപരീതമായ അഭിപ്രായങ്ങൾ അച്ചടിച്ചതിൽ ഒപ്പിട്ടു് അയച്ചിട്ടുള്ള പത്രാസുള്ള ചോമാതിരി എന്നൊരാളെ ഞങ്ങൾ വിസ്തരിക്കയുണ്ടായി. അദ്ദേഹത്തോടു് നിങ്ങൾ വായിച്ചു നോക്കിട്ടാണോ മറുപടിയിൽ ഒപ്പിട്ടയച്ചതു് എന്നു ചോദിച്ചു. വായിച്ചു നോക്കിയില്ല, നമ്പൂതിരിമാർക്കു ഗുണത്തിനുവേണ്ടിയാണെന്നു പറഞ്ഞതുകൊണ്ടാണു് ഒപ്പിട്ടതു് എന്നു പറഞ്ഞു. അതു് അദ്ദേഹത്തിൽനിന്നും എടുത്ത തെളിവിൽ ഞങ്ങൾ രേഖപ്പെടുത്തീട്ടുണ്ടു്. ഇതുപോലെ പലരുടേയും മൊഴികൾ വാങ്ങിയിട്ടുണ്ടു്. പക്ഷെ പന്തൽ വൈദീകനു് ഇതിൽ കൂടുതലായി ഇന്നത്തെ യാഥാസ്ഥിതിക നമ്പൂതിരിമാരുടെ തെളിവുകൾ രേഖപ്പെടുത്തുവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. ആ സ്ഥിതിക്കു് രണ്ടാമതും ഒരന്വേഷണത്തിന്റെ ആവശ്യം ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇല്ല. അതുകൊണ്ടു് ഈ കൌൺസിലിൽ തന്നെ ഇതു് ആലോചനക്കെടുക്കണമെന്നും നീട്ടിവെക്കുവാൻ പാടില്ലെന്നുമാണു് എന്റെ അഭിപ്രായം.

ശ്രീമതി പാർവ്വതി നെന്മിനിമംഗലം.—ഈ നിയമസഭ മുമ്പാകെ സമർപ്പിക്കുവാൻവേണ്ടി കുറെ ആളുകൾ ഒപ്പിട്ടിട്ടുള്ള ഒരപേക്ഷയാണിതു്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കൊച്ചി നിയമസഭാ സാമാജികന്മാർക്ക്.

അനാചാരങ്ങളുടെ അടിയിൽപെട്ട വളരെക്കാലമായി കഷ്ടപ്പെടുന്ന നമ്പൂതിരി സമുദായത്തെ ദയവുചെയ്ത രക്ഷിക്കണമെന്നു ഞങ്ങളിതാ ഭക്ത്യാദര പുരസ്സരം അപേക്ഷിച്ചുകൊള്ളുന്നു. ഇതിനുമുമ്പുതന്നെ പല അവസരങ്ങളിലും ഞങ്ങളും മറെ പലരും ഇതിന്റെ ആവശ്യകതയെ മഹാരാജ സമക്ഷവും നിയമസഭയുടെ ദൃഷ്ടിയിലും തെളിയിക്കുകയുണ്ടായിട്ടുണ്ട്. ഞങ്ങളുടെ ആവശ്യം ഇപ്പോഴെങ്കിലും സാധിച്ചുതരണമെന്നു എത്രാമത്തെ തവണയായാലും ഒരിക്കൽ കൂടി അപേക്ഷിച്ചുകൊള്ളുന്നു.

ഞങ്ങളുടെ കഷ്ടപ്പാടുകൾ ബഹുവിധങ്ങളാണ്. ബഹുഭാര്യാത്വത്തിന്റെ ദോഷഫലങ്ങളെപ്പറ്റി ആരും ആരേയും മനസ്സിലിക്കേണ്ടതില്ല. അതു സ്വയം വ്യക്തമാണ്. അതുപോലെതന്നെ കാരണവന്മാരുടെ ദുരധികാരത്തിൽ നിന്നും പാവപ്പെട്ട അനന്തിരവന്മാരെ രക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സുസ്പഷ്ടമാണ്. അതിനാൽ അധിവേതന നിരോധവും ആളോഹരി ഭാഗ വ്യവസ്ഥയും അടങ്ങിയിട്ടുള്ള ഈ ബിൽ സമുദായത്തിന്റെ ഇന്നത്തെ നിലയ്ക്ക് ഒഴിക്കുവാൻ പാടില്ലാത്ത ഒന്നാണ്. അത്യന്താപേക്ഷിതമായ ഈ വ്യവസ്ഥകൾക്ക യാതൊരു കോട്ടവും തട്ടാതെ കൂടുന്ന വേഗത്തിൽ ഇതിനെ നിയമമാക്കി കൊച്ചി നമ്പൂതിരിമാരെ അയൽ രാജ്യങ്ങളിലെ നമ്പൂതിരിമാരെപോലെയാക്കിത്തീർക്കുവാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—"പീഠിക—നമ്പൂതിരി സമുദായത്തെ സംബന്ധിക്കുന്ന ചില നിയമങ്ങളെ വിവരിക്കുകയും ക്രമപ്പെടുത്തുകയും ഭേദപ്പെടുത്തുകയും ചെയ്യുന്നതു യുക്തമായിരിക്കയാൽ ഇതിനാൽ താഴെപറയുംപ്രകാരം നിയമിച്ചിരിക്കുന്നു" എന്നു മാറ്റണം.

ബില്ലിൽ പറയുന്ന പീഠിക ശരിയല്ല. ഇതു് നമ്പൂതിരിസമുദായത്തെ സംബന്ധിച്ചുള്ള ഒരു ബില്ലുമാത്രമാണ്. ഈ ബില്ലിന്റെ പേരുകൊണ്ടുതന്നെ വ്യാപ്തിയാസം വ്യക്തമാകുന്നുണ്ട്. അതിനാൽ "നമ്പൂതിരിമാരേയും മറ്റുചില സമുദായങ്ങളേയും എന്നുള്ളതു എടുത്തുകളഞ്ഞു "നമ്പൂതിരി സമുദായത്തെ" എന്നാക്കണം.

Amendment lost for want of a seconder.

The Preamble and the first 4 Sections were put and carried.

WHEREAS it is expedient to define, regulate and amend the law relating to the Nambudiries, and certain other communities, it is hereby enacted as follows:—

Preamble.

1. This Regulation may be called the 'Cochin Nambudiri Regulation 110'.

Short title.

2. It shall apply to all Nambudiries domiciled in Cochin and to all Nambudiries, not so domiciled, in respect of immoveable property situated within the State.

Extent and application.

3. It shall come into force on.....

Commencement.

4. In this Regulation, unles there is something repugnant in the subject or context—

(a) 'Anandiravan' means any member of the illom other than the Karanavan.

(b) 'Illom' means all the members of a joint family with community of property and includes a 'mana'.

Definitions.

Explanation.—A female shall, on her marriage, cease to be member of the illom in which she was born and become a member of the illom of her husband.

LIBRARY ARCHIVES Kerala Legislative Assembly

(c) 'Karanavan' means the eldest male member of an illom in whom the right to management of its properties vests or in the absence of such male member the senior female member.

Explanation.—The seniority as between the two or more females, who become members of the illom by marriage, shall be determined according to the dates of their marriages.

(d) 'Major' means a person who has completed 18 years of age.

(e) 'Minor' means a person who has not completed 18 years of age.

മിസ്റ്റർ പന്തൽ വൈദ്യീകൻ പരമേശ്വരൻ നമ്പൂതിരി.—വകുപ്പ് 8-ൽ ചെയ്തിരിക്കുന്ന മാറ്റത്തെപ്പറ്റിയാണ്:—"ഏതെങ്കിലും മെമ്പർ യാഥാസ്ഥിതികാചാരങ്ങളെയും നടപടികളേയും ലംഘിച്ചു എന്ന കാരണത്താൽ അയാൾക്കു പതിത്വം സംഭവിക്കുന്നതും അങ്ങിനെ പതിതനായാലും, സന്ന്യസിച്ചാലും, അന്യകുടുംബത്തേക്കു ദത്തുപോയാലും, 'കാലത്തിൽപെട്ട' പതിതനായാലും ആ കുടുംബക്കാർക്കുള്ള ഉടമസ്ഥതാവകാശം തീരെ പോകുന്നതാണ്."

ഇതിലുള്ള നിശ്ചയം ശാസ്ത്രത്തിനു തീരെ വിരോധമാണ്. മതസംബന്ധമായ കാരണമാണ് ഇതിൽ ഇപ്പോൾ പ്രധാനമായി പറഞ്ഞിട്ടുള്ളതു്. നമ്പൂതിരിമാരുടെയിടയിൽ ആചാരങ്ങളെ ലംഘിച്ചാൽ അതുകൊണ്ടു് അവർക്കു ദോഷം വരുന്നതാണ്; ആ ദോഷംകൊണ്ടുള്ള ഉടമസ്ഥാവകാശം നിലനില്ലുമെന്നാണ് ബില്ലിൽ പറയുന്നതു് അതുപ്രകാരം ഇരിയ്ക്കണമെന്നു വന്നുകഴിഞ്ഞാൽ പല കുഴപ്പങ്ങളുമുണ്ടു്. ഒരു കുടുംബത്തിൽ നാലു മതസ്ഥന്മാരുണ്ടെന്നിരിക്കട്ടെ. അതു് ആകപ്പാടെ വളരെ അസൌകര്യത്തിനിടവരും. ബ്രിട്ടീഷിലും ഇതുനടപ്പില്ലാത്തതാണു്. അതിനാൽ മതസംബന്ധമായ കാര്യങ്ങളിൽ ഈവക നിയമങ്ങൾ ഉണ്ടാക്കുന്നതുതന്നെ ശരിയല്ല. ഇപ്രകാരം മതത്തെ ഒരു നിയമംകൊണ്ടു ഖണ്ഡിയ്ക്കുവാൻ ആർക്കും അധികാരമുണ്ടെന്നും തോന്നുന്നില്ല. മതത്തിനു വിരോധമായിട്ടുള്ള ഭാഗങ്ങളൊക്കെ എന്റെ ഭേദഗതികൊണ്ടു നിഷേധിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—"കാലത്തിൽപെട്ട" എന്നുള്ളതു് ഒന്നു വ്യാഖ്യാനിച്ചാൽ കൊള്ളാം.

മിസ്റ്റർ പന്തൽ വൈദ്യീകൻ പരമേശ്വരൻ നമ്പൂതിരി.—"കാലത്തിൽപെട്ട" എന്നു പറഞ്ഞാൽ, ഒരു സ്ത്രീയ്ക്കോ അല്ലെങ്കിൽ ഒരു പുരുഷനോ വ്യഭിചാരദോഷം ഉണ്ടാകുക; അങ്ങിനെയുള്ള ദോഷത്തിനു നിവാരണംചെയ്തിട്ടുള്ള സ്ത്രീയാകട്ടെ പുരുഷനാകട്ടെ പുത്രന്മാരേയോ, പുത്രിമാരേയോ ഉല്പാദിപ്പിച്ചിരിയ്ക്കുക; അപ്പോൾ ആ കുട്ടികൾക്കും കൂടി പതിത്വം ഭവിയ്ക്കുന്നു. "പതിതസ്യ പുത്രഃ പതിതഃ" എന്നാണു് പ്രമാണം.

Mr. P. Raman Menon.—I second it.

ശ്രീമതി പാർവ്വതി നെന്മിനിമംഗലം.—യാഥാസ്ഥിതികാചാരങ്ങളെ ലംഘിയ്ക്കുന്നു എന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. ഇന്നു് വൈദ്യീകൻതന്നെ യാഥാസ്ഥിതികാചാരങ്ങളെ ലംഘിച്ചിരിയ്ക്കുന്നുവെന്നാണു് ഞാൻ പറയുന്നതു്. ഉദ്ദേശം നൂറോ നൂറ്റിരുപതോ കൊല്ലങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കുമുമ്പ് ഉണ്ടായിരുന്ന നമ്പൂതിരിമാരെല്ലാം തറവാട്ടിലുണ്ടായിരുന്നു. എന്നാൽ ഇന്നാകട്ടെ വൈദീകൻതന്നെ ഷർട്ടും വലിയമുണ്ടും ധരിച്ചുകൊണ്ടിരിയ്ക്കുകയാണു ചെയ്യുന്നതു്. ഇങ്ങിനെയുള്ള ഭോഗന്മാരാണു് യാഥാസ്ഥിതികാചാരങ്ങളെ വിട്ടുനടക്കുന്നതു് ഒരു കാരണമായി പറയുന്നതു്. പ്രത്യേകിച്ചും വൈദീകന്മാർക്കു് വിധിയ്ക്കുവാനുള്ള അധികാരമുള്ളതുകൊണ്ടു് ഇന്നു നമ്പൂതിരി കുടുംബങ്ങളിലെ സ്ഥിതിയ്ക്കു് ആക്കം അവകാശപ്പെട്ടതായി വരുന്നില്ല. അതുകൊണ്ടു് ഈ വ്യവസ്ഥയെ ഞാൻ എതിർക്കുന്നു.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഞാനും ഇതിനെ എതിർക്കുന്നു. ഇന്നു് നമ്പൂതിരിമാരിൽ മിക്കപേരും യാഥാസ്ഥിതികാചാരങ്ങളെ വിട്ടിട്ടുണ്ടെന്നു പലതുകൊണ്ടും വ്യക്തമാകുന്ന ഒരു കാര്യമാണു്. ക്രോപ്പുചെയ്യുക; ഷർട്ടിടുക മുതലായതെല്ലാം യാഥാസ്ഥിതികാചാരങ്ങൾക്കു വിരോധമായിട്ടുള്ളതാണു്. അന്തർജ്ജനങ്ങൾ ഷോഷ കളയുന്ന ഒരു കാലമാണിതു്. ഇങ്ങിനെ പലപ്രകാരത്തിലും നമ്പൂതിരിമാർ യാഥാസ്ഥിതികാചാരങ്ങളെ വിട്ടുകളയുന്നുണ്ടു്. പാവ്വതി നെന്മിനിമംഗലം പറയുന്നതുപോലെ യാഥാസ്ഥിതികാചാരങ്ങളെ ലംഘിച്ചാൽ തറവാട്ടുസ്വത്തിനവകാശമില്ല എന്നു വരുന്നതു് വളരെ സങ്കടമാണു്. ഇപ്പോൾതന്നെ പല തറവാടുകളിലേയും സ്വത്തുക്കൾ "അന്യംനിന്നു" ഗവർമ്മെണ്ടിലേയ്ക്കു പോയിട്ടുണ്ടു്. ഇനി ബാക്കിയുള്ളതുകൂടി ഗവർമ്മെണ്ടിലേയ്ക്കു് എടുക്കുന്നതു വളരെ സങ്കടമാണു്. ഈ ഭേദഗതികൊണ്ടു് അങ്ങിനെ ഒരു മഹാപാപം കൂടിവരുത്തിവയ്ക്കുവാനിടയുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഞാനും ഈ ഭേദഗതിയെ എതിർക്കുന്നു. ആചാരത്തിന്റേയും മറ്റുംപേരിൽ പറഞ്ഞവാദങ്ങൾക്കൊന്നിനും ഇനി ബലമില്ല. പഴയ നടപടികളും എന്തെല്ലാംപോയിരിക്കുന്നു. ഒരു കാലത്തു നമ്പൂതിരിമാരാണു് ഇവിടെ എല്ലാവർക്കും നിയമമുണ്ടാക്കിയിരുന്നതു് എന്നു തോന്നുന്നു. ഇപ്പോൾ അവർക്കു് നായന്മാരും ക്രസ്ത്യാനികളും മുസ്ലിമങ്ങളും ഈഴവരും പുലയരുമെല്ലാം കൂടിയിരുന്നു നിയമമുണ്ടാക്കുന്ന സമ്പ്രദായമായിരിക്കുന്നു. കാലം ഇത്രമാറിയിട്ടും പഴയ നടപടികളുടെ പേരും പറഞ്ഞിരിക്കുന്നതിൽ ഒരു അർത്ഥവുമില്ല. നമ്പൂതിരിമാരും കാലത്തിനു് അനുസരിച്ചു മുന്നോട്ടു പോകണം. എന്നാലെ അവർക്കും അഭിവൃദ്ധിയുണ്ടാകയുള്ളൂ. നമ്പൂതിരിമാരുടെ ഗുണത്തിനുവേണ്ടിതന്നെ പഴയ ആചാരങ്ങളും പലതും ലംഘിക്കേണ്ടിയിരിക്കുന്നു.

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—യാഥാസ്ഥികാചാരമെന്നുവെച്ചാൽ യഥാസ്ഥിതി ആയിട്ടുള്ള ആചാരമെന്നാണർത്ഥം. അങ്ങിനെ യഥാസ്ഥിതിയായിട്ടുള്ള ആചാരങ്ങളെ തടയുവാൻ ശാസ്ത്രം അനുവദിക്കുന്നില്ല. നമ്പൂതിരിമാർ

LIBRARY ARCHIVES Kerala Legislative Assembly

യഥാസ്ഥിതിയായുള്ള ആചാരങ്ങളെയാണ് ആചരിച്ചുവരുന്നതു്. എന്നാൽ എന്തുകൊണ്ടാണ് അങ്ങനെ ആചരിച്ചുവരുന്നതു് എന്നുള്ളതിനെപ്പറ്റിയൊന്നും ആലോചിയ്ക്കേണ്ടതില്ല. അവരവർ ആചരിയ്ക്കുന്നതാണ് അവരവരുടെ ആചാരം. അതു് അറിവില്ലെങ്കിൽ അനാഷിച്ചാലറിയാം. അതുകൊണ്ടു് ആചാരം സാല്പം ലംഘിച്ചാൽ അത്രയ്ക്കും പതിതപം ഉണ്ടാകും.

മിസ്റ്റർ പി. എസ്സ് കേശവൻ നമ്പൂതിരി.—സ്ത്രീകൾ മേലാഷ ഭേദിച്ചുകളഞ്ഞാൽ പതിതപം എന്നുള്ള ദോഷം വരുമോ?

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—അതുകൊണ്ടു പതിതയായിരുന്നാൽ അവക്കു സ്വത്തവകാശമില്ല. ശാസ്ത്രപ്രകാരവും ഓയ്മ്മെല്ലും സ്വത്തവകാശം ഉണ്ടാകുവാൻ പാടില്ല. ശാസ്ത്രത്തിനു് എതിരായിട്ടുള്ളതുകൊണ്ടാണ് സ്വത്തവകാശമില്ലാ എന്നു പറഞ്ഞതു്.

Amendment put and negatived.

Sections 5 to 7 were then put and carried.

5. (1) Every member of an illom, whether male or female, shall have an equal proprietary interest in its properties.

Proprietary right of members in illom properties.

(2) Such proprietary interest shall not in any manner be impaired or affected by reason of the deviation of such member from any orthodox custom or usage.

6. The Karanavan, or the manager for the time being, shall keep a true and correct account of and shall be liable to account for the income and expenditure of the illom. The accounts of each year shall be available for inspection at the illom house by the major Anandiravans once in a year throughout the month of Chingam following such year and any such Anandiravan may take copies or extracts from such accounts.

Duty of Karanavan to keep accounts.

7. The Karanavan or Manager for the time being shall maintain a true and correct inventory of all moveable and immoveable properties belonging to the illom and it shall be open to inspection by the major Anandiravans thereof at least once a year and every such Anandiravan may take copies or extracts of such inventories.

Duty of Karanavan to keep inventory of moveable and immoveable properties.

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—"വകുപ്പ് 7-ൽ നിന്നു് ക്രം, 2-ാം ഉപവകുപ്പുകളെ തള്ളിയ്ക്കേണ്ടതും പകരം താഴെ പറയുന്ന മാതിരി വ്യവകുപ്പ് ചേർക്കേണ്ടതുമാകുന്നു. 'ഇല്ലത്തേയ്ക്കു് അത്യാവശ്യമായി വന്നാൽ ഒരു കൊല്ലത്തെ പിരിവിൽ നാലിലൊരു ഭാഗത്തിൽ കവിയാത്ത സംഖ്യയും 'പെൺകൊടി' ആവശ്യത്തിനു് ന്യായമായ ഒരു സംഖ്യയും കാരണവനു തനിച്ചു് കടം വാങ്ങാവുന്നതും മറ്റു് ഏതാവശ്യത്തിനായാലും കടം വാങ്ങേണ്ടതായി വന്നാൽ അതു് ഇല്ലത്തെ മെമ്പർമാരിൽ നാലിൽ മൂന്നു ഭാഗം മെമ്പർമാർ ചേർന്നോ അവരുടെ രേഖാമൂലമുള്ള സമ്മതത്തോടുകൂടിയോ, കടം വാങ്ങാവുന്നതും, സ്വത്തുക്കളെ കാലം വച്ചു" അന്യാധീനപ്പെടുത്തുവാനോ തീറു കൊടുപ്പാനോ എല്ലാ മെമ്പർമാരും ചേരേണ്ടതുമാകുന്നു. എന്നാൽ പാട്ടമിച്ചുവാരം പിരിച്ചു്, ഇല്ലം വക പതിവു ചിലവു നടത്തുവാനും നിലവിലുള്ള കാണം, പണയം, പുറംവായ്പ മുതലായതു ന്യായമായ അവകാശം വാങ്ങി ചാർത്തി കൊടുപ്പാനും മറ്റും മാനേജർമാർക്കുള്ള എല്ലാ അധികാരങ്ങളും നടത്തുവാനും കാണവക്കു തനിച്ചു് സ്വാതന്ത്ര്യാവകാശങ്ങളും ഉള്ളതുമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ല കൊണ്ട് കാരണവന് കടം വാങ്ങുവാൻ അധികാരമില്ലാതെയാണ് കാണുന്നത്. ഭരണം നടത്തുന്ന ആൾക്ക് ഒരു സംഖ്യയും കടം വാങ്ങിയ്ക്കുവാനുള്ള സൌകര്യമില്ലെങ്കിൽ ഭരണം നടത്തുവാൻ പ്രയാസമാണ്. അതുകൊണ്ട് കുറച്ചു സംഖ്യയെങ്കിലും കടം വാങ്ങുവാനുള്ള അധികാരം കൊടുക്കണം.

പിന്നെ ഇല്ലത്തിലുള്ള ഭൂരിപക്ഷം മെമ്പർമാരുടെ രേഖാമൂലമുള്ള സമ്മതത്തോടു കൂടിയല്ലാതെ തീറു കൊടുപ്പാൻ ഒരു കാരണവന് അധികാരമില്ലെന്നു പറയുന്നുണ്ട്. മുമ്പെ തന്നെ അങ്ങിനെ ചെയ്യുന്ന പതിവില്ല. മാത്രമല്ല, ഇതിൽ കാണം, പണയം, മുതലായ മുഴുവൻ വിവരങ്ങളും പറഞ്ഞുകാണുന്നില്ല. അതും കൂടി ചേർക്കേണ്ടതാണ്.

Mr. P. Raman Menon.—I second it.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഞാൻ ഇതിനെ എതിർക്കുന്നു. ഇപ്പോഴുള്ള നിയമത്തിൽ തന്നെ (ന്-ാംവകുപ്പിൽ) കാരണവനു കടം വാങ്ങുവാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. എന്നാൽ ഇല്ലാവശ്യത്തിനല്ലാതെ കടം വാങ്ങിയാൽ അതു് ഇല്ലത്തെയ്ക്കു ബാധകമല്ല എന്നാണു പറയുന്നതു്. ഇല്ലാവശ്യത്തിനാണെന്നു തെളിയിച്ചാൽ കാരണവനു കടം വാങ്ങാവുന്നതാണ്.

ഒരു കൊല്ലത്തെ ആദായത്തിന്റെ ൈ ഭാഗം കടം വാങ്ങാമെന്നാണ് ഈ ഭേദഗതി കൊണ്ടു വച്ചിരിയ്ക്കുന്നതു് കൃഷിയെ സംബന്ധിച്ചു നോക്കിയാൽ കോൾകൃഷിയിൽ ചില കൊല്ലങ്ങളിൽ വല്ലതും കിട്ടും. ചില കൊല്ലങ്ങളിൽ ഒന്നും കിട്ടാതെയും വരും. ആദായത്തിനനുസരിച്ചു് ഇല്ലാവശ്യത്തിനു വേണ്ടി ൈ ഭാഗം കടം വാങ്ങാനധികാരം ഉണ്ട്. പിന്നെ പണയം മുതലായവ കൊടുക്കുന്ന കാര്യത്തിൽ മാത്രം തറവാട്ടു കാരണവനു പൂർണ്ണ സ്വാതന്ത്ര്യം വച്ചിട്ടില്ല. ഇതിനെ കുറിച്ചു് സിലക്ട് കമ്മിറ്റിയിൽ വച്ചു് നല്ലപോലെ ആലോചിയ്ക്കുകയും ഒരു വിധം ഭേദപ്പെട്ട വക്കീലന്മാരുടെ അഭിപ്രായം അറിയുകയും ചെയ്തതിനു ശേഷം യാതൊരു ദുരുദ്ദേശവും കൂടാതെ തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ്. ഈ ബില്ലിലെ വകുപ്പുകൾ ബ്രിട്ടീഷിൽ നടപ്പാക്കീട്ടുള്ള ബില്ലിനോടു സാമ്യമുള്ളതാണ്. ഇതിനെ സംബന്ധിച്ചു നല്ലവണ്ണം ആലോചിച്ചതിനു ശേഷം തെറ്റുകളെല്ലാം തീർത്തു കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—ഇതിൽ ഞാൻ നിർബ്ബന്ധിയ്ക്കുന്നില്ല.

The amendment was, with leave, withdrawn.

Section 8 was then put and carried.

Alienation of immoveable property by Karanavan.

8. (1) Except for consideration and for illom necessity or benefit and with the written consent of the majority of the major members of the illom, no Karanavan shall sell immoveable property of the illom or mortgage with possession or lease such property, for a period exceeding twelve years.

(2) No mortgage with possession or lease with premium returnable wholly or in part of any such property executed by a Karanavan for a period

LIBRARY ARCHIVES Kerala Legislative Assembly

not exceeding twelve years shall be valid, unless such mortgage or lease is for consideration and for illom necessity or benefit.

(3) Nothing contained in this section shall be deemed to restrict the power of the Karanavan to grant, in the usual course of management, for a period not exceeding twelve years, any lease without premium returnable wholly or in part, or the renewal of an existing kanam.

As the following amendment was not moved it was considered withdrawn.

മിസ്റ്റർ പന്തൽ വൈദ്യികൻ പരമേശ്വരൻ നമ്പൂതിരി.— വകുപ്പ് ൯—താഴെ പറയും പ്രകാരം മാറ്റേണ്ടതാകുന്നു. "മേൽപറഞ്ഞ മാതിരിയല്ലാതെ ഒരു കാരണവൻ കടം വാങ്ങുകയോ, വസ്തുക്കൾ പണയപ്പെടുത്തുകയോ വില്ക്കുകയോ ചെയ്യുന്നതായാൽ അതു ഇല്ലത്തെയ്ക്കു ബാധകമാകുന്നതല്ല."

Section 9 was then put and carried.

Debt contracted by Karanavan when binding an illom.

No debt contracted or mortgage executed by a Karanavan shall bind the illom unless the debt is contracted or the mortgage is executed for illom necessity.

മിസ്റ്റർ പന്തൽ വൈദ്യികൻ പരമേശ്വരൻ നമ്പൂതിരി.—വകുപ്പ് ൧൦—താഴെ പറയും പ്രകാരം മാറ്റേണ്ടതാകുന്നു.—

"ഇല്ലത്തെ പതിവു ചിലവുകൾ നാലിൽ മൂന്നു ഭാഗം മെമ്പർമാർ കൂടി നിശ്ചയിക്കാവുന്നതും ഭേദപ്പെടുത്താവുന്നതും അങ്ങിനെ ഒരിയ്ക്കൽ നിശ്ചയിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്താൽ ആറു കൊല്ലം കഴിഞ്ഞാൽ പിന്നെയും ഭേദപ്പെടുത്താവുന്നതും മേഷമുള്ള ആദായത്തിൽ നാലിൽ മൂന്നു ഭാഗം കൊണ്ടു ഇല്ലത്തുള്ള പ്രായം തികഞ്ഞ പുരുഷമെമ്പർമാർക്കു സമം വീതിച്ചു ചിലവിനു കിട്ടുവാൻ അവകാശമുള്ളതുമാകുന്നു. എന്നാൽ ഒരു കൊല്ലത്തെ സംഖ്യ പിറ്റെ കൊല്ലം കണ്ടടത്തു നടത്തുന്നതിനു കുറവു ചെയ്യപ്പെടുകയോ വാങ്ങുകയോ ചെയ്യാത്ത പക്ഷം പിന്നെ ആവശ്യപ്പെടുവാൻ യാതൊരാധാരവും അവകാശമില്ലാത്തതുമാകുന്നു."

ഇപ്പോൾ ആകെയുള്ള ആദായം കൊണ്ടു ശരിയായിട്ടു വീതിച്ചു ചിലവിനു കൊടുക്കുവാനാണ് പറയുന്നതു്. ഇങ്ങിനെയായാൽ കുടുംബത്തിൽ അത്യാവശ്യം നടത്തേണ്ട കാര്യങ്ങൾ നടക്കാതാകും. കുടുംബത്തിലെ ചിലവു കഴിച്ചിട്ടു ബാക്കിയുള്ളതിൽ ¾ ഭാഗം വാങ്ങുവാൻ വേണ്ടി വച്ചിരിയ്ക്കുണം. ശേഷിപ്പുള്ള ഭാഗം മെമ്പർമാർക്കു ചിലവിനു കൊടുക്കുവാനായി ഉപയോഗിയ്ക്കുണം. അല്ലാത്ത പക്ഷം, ഒരു ദിക്കിൽ ഉത്സവം നടത്തേണ്ടതായിരിയ്ക്കും; വാരണ്ടായിരിയ്ക്കും; ഇങ്ങിനെ പലതും കുടുംബത്തിൽ നിന്നും നടത്തേണ്ടതായിരിയ്ക്കും. ഇതിനെല്ലാം മാർഗ്ഗമില്ലാതെ വരും

Mr. P. Raman Menon.—I second it.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഞാൻ ഇതിനെ എതിർക്കുന്നു. ഇല്ലത്തെ വരവിനനുസരിച്ചു് ഓരോരുത്തർക്കും ചിലവിനു കൊടുക്കണം. ഒരു മെമ്പരുടെ ഇല്ലത്തെ സ്ഥിതിയനുസരിച്ചു് വാരം, ചെലവു്, എന്നിവയെല്ലാം ഇല്ലത്തെ ചിലവായിരിയ്ക്കുണമെന്നു പറയുന്നതിൽ അർത്ഥമില്ല്. ഒരു മെമ്പരുടെ ചിലവിനാവശ്യമുള്ളതു തറവാട്ടിലെ സ്ഥിതിനോക്കിയാണു് കൊടുക്കാൻ പറഞ്ഞിട്ടുള്ളതു്. ഈ ഭേദഗതിപ്രകാരം പുരുഷന്മാർക്കു മാത്രമെ ചിലവിനു കൊടുക്കാൻ പറയുന്നുള്ളു. സ്ത്രീകളുടെകാര്യമൊന്നും ഇതിൽപറഞ്ഞിട്ടില്ല. അതുകൊണ്ടു് സ്ത്രീകൾക്കു കൊടുക്കുവാൻ പാ

LIBRARY ARCHIVES Kerala Legislative Assembly

ടല്ലെന്നുപറയുന്ന ഈ ഭേദഗതിയെ സ്വീകരിയ്ക്കുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ പന്തൽ വൈദ്യീകൻ പരമേശ്വരൻ നമ്പൂതിരി.—എനിക്കു കൂടുതലായി ഒന്നും പറയുവാനില്ല.

Amendment was, with leave, withdrawn.

Section 10 was then put and carried.

10. Every member of an illom whether living in the illom house or not, shall be entitled to maintenance consistent with the income and the circumstances of the illom.

Maintenance of members of Illom.

As the following amendment was not moved it was considered withdrawn.

മിസ്റ്റർ പന്തൽ വൈദ്യീകൻ പരമേശ്വരൻ നമ്പൂതിരി.—വകുപ്പ് ൧൧—താഴെ പറയുംപ്രകാരം മാറ്റേണ്ടതാകുന്നു.

"ഇല്ലത്തെ കാരണവൻ ജന്മനാ അന്ധനായിരുന്നാലും ചിത്തഭ്രമമുള്ളവനായിരുന്നാലും പതിതനായാലും ൪—൨ -ൽ പറഞ്ഞ ന്യൂനതകൾ ഉള്ളവനായിരുന്നാലും ആ മെമ്പർക്ക് കൈകാര്യത്തിനു" അധികാരമില്ലാത്തതും, ഒരു കാരണവനു് തന്റെ കൈകാര്യം ഒഴിയണമെന്നു തോന്നിയാൽ ഒരു രജിസ്ട്രാധാരം മൂലം ഒഴിയാവുന്നതും, അങ്ങിനെ ഒഴിഞ്ഞ കാരണവനു" ചിലവിനു കിട്ടുവാനുള്ള അവകാശംമാത്രം പോകാത്തതുമാകുന്നു."

Section 11 was then put and carried.

11. Any Karanavan may, by a registered document, give up his rights as Karanavan.

Relinquishment of Karanavanship.

മിസ്റ്റർ പന്തൽ വൈദ്യീകൻ പരമേശ്വരൻ നമ്പൂതിരി.—വകുപ്പ് ൧൨—താഴെപറയുംപ്രകാരം വേണ്ടതാകുന്നു.

"ഇല്ലത്തെ മെമ്പർമാരിൽ ആർക്കെങ്കിലും വിവാഹം കഴിക്കണമെന്നു തോന്നിയാൽ ൧൫-ാംവകുപ്പിലെ നിശ്ചയങ്ങൾക്കു കീഴ്പെട്ടും, പരിവേദനം എന്ന ദോഷത്തിൽ ഉൾപ്പെടാതേയും, വയസ്സുക്രമത്തിൽ സജാതിയിൽ നിന്നും ഒരു കന്യകയെ യഥാസ്ഥിതികാചാരങ്ങളെ അനുസരിച്ചു വിവാഹംചെയ്യാവുന്നതാകുന്നു. ഇങ്ങിനെ യഥാവിധി ചെയ്യുന്ന വിവാഹത്തിനു മാത്രമേ സാധുതയും മുതലകാശമോ ആശൌചബന്ധമോ ഉണ്ടാകയുള്ളൂ."

ഒരു ഇല്ലത്തിൽ ജ്യേഷ്ഠൻ വിവാഹം കഴിയ്ക്കാതിരിക്കുമ്പോൾ അനുജൻ വിവാഹംകഴിയ്ക്കുവാൻപാടുള്ളതല്ല. അതു പരിവേദനം എന്ന ദോഷത്തിൽപെട്ടതാണ്. ശാസ്ത്രത്തിനും നേരെ വിരുദ്ധമായിട്ടുള്ളതാണ്. അതുകൊണ്ടു ബില്ലിലെ വ്യവസ്ഥ മാറ്റേണ്ടതാണെന്നാണു പറയുന്നതു്. ബില്ലിലെ ആരംഭത്തിൽതന്നെ മറ്റു ചില സമുദായക്കാരേയും കൂടി ബാധിക്കുന്നതായി പറഞ്ഞിട്ടുണ്ടു്. അങ്ങിനെ മറ്റുള്ള ആളുകളും കൂടിചേർന്നുകഴിഞ്ഞാൽ ഒരു നമ്പൂതിരിയ്ക്കു നമ്പീരന്മാരിൽനിന്നോ, ഇളയതുമാരിൽനിന്നോ വിവാഹം കഴിയ്ക്കാം എന്നുള്ള നില വരും. നമ്പൂതിരിമാരിൽതന്നെ പല തരക്കാരുണ്ടു്. അവരിലും മാറി മാറി വിവാഹം ചെയ്യാമെന്നും വരും.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—അങ്ങിനെ അനുഷ്ഠിയ്ക്കണമെന്നു് എവിടെയാണു പറഞ്ഞിരിയ്ക്കുന്നതു്?

മിസ്റ്റർ പന്തൽ വൈദ്യീകൻ പരമേശ്വരൻനമ്പൂതിരി.—"അവാന്തരവിഭാഗത്തിൽനിന്നോ" എന്നു പറഞ്ഞിരിക്കുന്നു. അതി

LIBRARY ARCHIVES Kerala Legislative Assembly

നാൽ പരിവേദനം അനുവദിക്കുവാൻ പാടില്ല. അതായതു ജേഷ്ഠൻ വിവാഹം കഴിക്കുതിരിക്കുമ്പോൾ അനുജനു വിവാഹം ചെയ്യുവാൻ അനുവദിച്ചുകൂടാ എന്നാണോ പറയുന്നതു".

മിസ്റ്റർ ജോജ്ജു ചാക്കാമുറി.—എന്താണ് അതിനു കാരണം?

മിസ്റ്റർ പന്തൽവൈദീകൻ പരമേശ്വരൻ നമ്പൂതിരി.—അതു ശാസ്ത്രത്തിനു വിരോധമാണു്.

മിസ്റ്റർ കെ. ജി. നായർ.—ശാസ്ത്രത്തിനു വിരോധമായി ചെയ്താൽ എന്താണു ദോഷം?

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—അതു എനിയ്ക്കറിഞ്ഞുകൂടാ.

മിസ്റ്റർ ജോജ്ജു ചാക്കാമുറി.—ശാസ്ത്രം ഒന്നു ഭേദപ്പെടുത്തരുതേ?

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻനമ്പൂതിരി.—അതു എനിക്കു പറയുവാൻ സാധിയ്ക്കയില്ല.

Mr. P. Raman Menon.—I second it

Amendment was, with leave, withdrawn.

Section 12–13 were then put and carried.

12. Subject to the provisions of section 16 every major member of an illom is entitled to marry in his or her own community, whether in the same or in a different sub-sect of the community notwithstanding an elder brother or an elder sister remains unmarried.

The right of every member to marry in his own community.

13. The private property of an unmarried Nambudiri female will continue to be her own private property even after her marriage.

Private property of unmarried Nambudiri females.

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—വകുപ്പു ഫർ ഇങ്ങിനെ മാറ്റേണ്ടതാകുന്നു. "ഒരു പുരുഷൻ വിവാഹം കഴിക്കുമ്പോൾ കിട്ടുന്ന സ്ത്രീധനം അയാളുടെ ഇല്ലത്തെസ്വത്തായി വിചാരിക്കണം. അല്ലാതെ വിവാഹംചെയ്ത സ്ത്രീയുടെ സ്ത്രീധനമൊ സ്ത്രീയുടെ സ്വകാര്യസ്വത്തൊ ആകുന്നതല്ല."

ഒരു ഇല്ലത്തിൽ രണ്ടോ, നാലോ പെൺമക്കളുണ്ടായാൽ അവരുടെ പെൺകൊടെ നടത്തേണ്ടതുണ്ടു്. അവരുടെ ചിലവെല്ലാം തറവാട്ടിൽനിന്നു കഴിയുകയും വേണം; സ്ത്രീധനം മാത്രം അവരുടെ സ്വത്തായിരിയ്ക്കയും വേണം എന്നു വരുന്നതു വളരെ അന്യായമാണ്. അതുകൊണ്ടു് ആ സ്വത്തു് ഇല്ലത്തെ സ്വത്തായിട്ടു വിചാരിയ്ക്കേണ്ടതാണ്.

മിസ്റ്റർ ചി. കൃഷ്ണമേനോൻ—സാർ, ഇതുവരെ ചിൻതാങ്ങായിരുന്ന ആൾ ഇവിടെ ഇല്ലാത്തതുകൊണ്ടാണു ഞാൻ ഇപ്പോൾ ചിൻതാങ്ങുന്നതെന്നു് ആരും തെറ്റിദ്ധരിക്കരുതു്.

സിലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അവസാനഭാഗത്തു ഞാൻ പുരുക്കമായിട്ടു് ഈ വകുപ്പിനെപ്പറ്റി രണ്ടു വരി എഴുതീട്ടുണ്ടു്. അതായതു്—"തറവാട്ടിലെ ഒരു അംഗത്തിന്റെ ഭാര്യയെ സംരക്ഷിക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടതു തറവാട്ടിലെ മുതലയാണെങ്കിൽ, സ്ത്രീധനം ഭാര്യയുടെ പ്രത്യേക സ്വത്തായിരിപ്പാൻ അനുവദിക്കുന്നതിനു് ഞാൻ യാതൊരുകാരണവും കാണുന്നില്ല. സ്ത്രീധനം ആ സ്ത്രീ ജനിച്ച തറവാട്ടിൽനിന്നുംകൊടുക്കുന്നതാണെന്നുംകൂടി ഓർമ്മിയ്ക്കേണ്ടതാണു്.''

ഇതിനെ കുറിച്ചുകൂടി വിവരിച്ചുപറയുകയല്ലാതെ വലിയ പ്രസംഗമൊന്നും ചെയ്യുവാനുദ്ദേശിയ്ക്കുന്നില്ല. സ്ത്രീധനം കൊടുക്കേണ്ടതു സ്ത്രീ ജനിച്ച തറവാട്ടിന്റെ മുതലയാണു്; ഒരു സ്ത്രീ വിവാഹംകഴിഞ്ഞുവന്നാൽ ആ സ്ത്രീക്കു തറവാട്ടിൽനിന്നും ചിലവിനു കൊടുത്തുകൊള്ളണമെന്നും, ആ സ്വത്തു അവരുടെ സ്വകാര്യസ്വത്തായിരിക്കണമെന്നും, തറവാട്ടിലേക്കു യാതൊരു അവകാശവുമില്ലെന്നും പറയുന്നതിൽ അർത്ഥമില്ല. എന്നാൽ ആ സ്ത്രീയെ വിവാഹംകഴിച്ചു കൊണ്ടുവരുന്ന പുരുഷൻ ഒരു സ്ത്രീക്കു എന്തെങ്കിലും സ്വകാര്യസ്വത്തുണ്ടാക്കി കൊടുക്കണമെന്നു മോഹമുള്ളവനാണെങ്കിൽ കൊടുക്കുവാൻ വിരോധമില്ല. സ്ത്രീധന സംഖ്യ വളരെ മുരുങ്ങിയ ഒരു തുകയായിരുന്നാലും കഴിച്ചുകൂട്ടാം. എങ്കിലും സ്ത്രീധനം എന്നുള്ള പേരിൽ തറവാട്ടിൽനിന്നും കൊടുക്കുന്ന ധനം തറവാട്ടിൽ തന്നെ ചേരേണ്ടതാണെന്നാണു് എന്റെ താഴ്മയായ അഭിപ്രായം. സാധാരണ നടന്നുവരുന്നതു് ഇത്തരത്തിലാണു്. മേലാലും അതു തന്നെ ആവർത്തിച്ചു കൊണ്ടുപോകുന്നതിൽ എന്തെങ്കിലും ദോഷമുണ്ടാകുമാറുള്ളതായി എനിയ്ക്കു തോന്നുന്നില്ല. അതുകൊണ്ടു് ഇങ്ങിനെയുള്ള ഭേദഗതി സ്വീകരിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടു കൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു

ശ്രീമതി പാർവ്വതി നെന്മിനിമംഗലം.—സ്ത്രീധനം എന്ന പേരിൽ കൊടുക്കുന്ന ധനത്തിന്മേൽ ധനാശ പാടില്ലെന്നാണു് എനിയ്ക്കു പറയുവാനുള്ളതു്. അതു് സ്ത്രീയുടെ സ്വകാര്യസ്വത്തായിതന്നെ വച്ചിരിക്കേണ്ടതാണു്. സ്ത്രീയുടെ സ്വകാര്യ സ്വത്തെന്നു പറഞ്ഞാലും അതിലും ഒരു സംഗതി കൂടി ആലോചിയ്ക്കാനുണ്ടു്. ഇന്നത്തെ നാട്ടുനടപ്പിരിക്കുമ്പോൾ സമുദായത്തിലെ സ്ത്രീകളുടെ സ്ഥിതി ആലോചിച്ചാൽ ഭർത്താവു് അവർക്കു കുടുംബത്തിൽ സ്വകാര്യമായിയാതൊന്നും ചെയ്യുവാൻ അനുവദിയ്ക്കുന്നില്ല. അതുകൊണ്ടു് അവർക്കു സ്വന്തമായി ഒന്നും ചെയ്യുവാൻ സാധിയ്ക്കാതെയാണിരിയ്ക്കുന്നതു്. ആ സ്വത്തു് രണ്ടു പേരുടേയും സ്വത്തായിട്ടു വാങ്ങുന്നതാണെന്നു് ഞാൻ വിചാരിയ്ക്കുന്നു. എന്നാൽ സ്ത്രീധനം ജനിച്ച തറവാട്ടിൽ നിന്നാണു കൊടുക്കുന്നതെന്നുള്ളതു കൊണ്ടു് അതു സ്ത്രീയുടെ സ്വത്തായിട്ടു കൊടുക്കുന്നതാണെന്നു തന്നെ ഞാൻ വിചാരിയ്ക്കുന്നു. ആ സംഖ്യ എടുത്തു വിവാഹം കഴിച്ച തറവാട്ടിലേയ്ക്കു മുതൽകൂട്ടേണ്ടതാണെന്നു പറയുന്ന അഭിപ്രായത്തോടു ഞാൻ യോജിയ്ക്കുന്നില്ല. അതുകൊണ്ടു് സ്ത്രീധനം സ്ത്രീയുടെ സ്വകാര്യസ്വത്തായി വയ്ക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഇമ്പിച്ചിരമേനോൻ.—മുമ്പ് ഇല്ലത്തെ മൂത്ത ആൾ മാത്രമേ വിവാഹം കഴിയ്ക്കുവാൻ പാടുള്ളു എന്നുള്ളതു കൊണ്ട് സ്ത്രീധനം ഇപ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്പോഴത്തെ ബിൽപ്രകാരം സകല ആളുകൾക്കും വേളി കഴിയ്ക്കാം എന്ന നിർബ്ബന്ധമായിക്കഴിഞ്ഞിട്ടുണ്ട്. ഒരില്ലത്തിൽ വേളി കഴിയ്ക്കുവാൻ അധികം ആളുകളുണ്ടാകും. അതുകൊണ്ടാണ് അവരവർ കൊണ്ടുവരുന്ന സ്വത്ത് അവരവർക്കു തന്നെ ഇരിയ്ക്കണമെന്നു പറയുന്നത്.

മിസ്റ്റർ കെ. അയ്യപ്പൻ.—കൂട്ടുകുടുംബ ഏർപ്പാടിനെതിരായിട്ടാണ് ഇപ്പോഴത്തെ ഭരണക്രമ പരിഷ്കാരത്തിന്റെ ഒക്കെ ഗതി. ഈ ബില്ലും കൂട്ടുകുടുംബ ഏർപ്പാടിനെതിരായിട്ടാണ് പോകുന്നതു്. സ്ത്രീക്കും അല്പോഹരി ഭാഗം അനുവദിച്ചുകൊടുക്കുന്ന സ്ഥിതിക്ക് ആ സ്ത്രീയെ വീണ്ടും കൊണ്ടുപോന്ന ഈ ഭേദഗതി മൂലം കൂട്ടുകുടുംബ ഏർപ്പാടിൽ പാടില്ലേക്കുണ്ട ഒരു ആവശ്യവുമില്ല.

മിസ്റ്റർ പി. എസ്. കേശവൻനമ്പൂതിരി.—മനു, യാജ്ഞവൽക്യൻ മുതലായ സ്മൃതികർത്താക്കളുടെ അഭിപ്രായം നോക്കിയാൽ അവരും സ്ത്രീകൾക്കു സ്വത്തിൽ പുരുഷന്മാരോടൊപ്പം തുല്യാവകാശം കൊടുത്തിട്ടുള്ളതായിട്ടു കാണാവുന്നതാണ്. എന്നാൽ ഇപ്പോൾ സ്ത്രീകൾക്ക് ആ സ്വത്തു ഭരിയ്ക്കുവാൻ തരണമെന്നില്ലെന്നാണു പറയുന്നതു്. വേദത്തിൽ പറയുന്നതു് സ്ത്രീകൾക്ക് സോമയാഗം ചെയ്യാൻ പാടില്ല എന്നാണ്. അതായതു് അവർക്കു കർമ്മത്തിനവകാശമില്ല എന്നു പറയുന്നു. ആ നിലയിലാണ് കർമ്മാവകാശമുള്ളവർക്കു മാത്രമേ സ്വത്തവകാശമുള്ളു എന്നു വന്നിട്ടുള്ളതു്. ഇന്നു ക്രമേണ സ്ത്രീകൾ സ്വത്തിനവകാശമില്ലാതെ വീട്ടുപാത്രങ്ങളെ പോലെ, അല്ലെങ്കിൽ ശ്രീമാൻ ഈച്ചിരമേനോൻ അവർകൾ പറഞ്ഞിട്ടുള്ള പ്രകാരം നാല്ക്കാലി മൃഗങ്ങളെ പോലെയാണ് ജീവിച്ചുവരുന്നതു്. ഇപ്പോൾ ഒരു കാളയേയോ പശുവിനേയോ കെട്ടുവാൻ കയറു കൊടുക്കുക എന്നു പറഞ്ഞാൽ ആ കയറ് കാളയുടേതാണെന്നോ പശുവിന്റേതാണെന്നോ ആരും പറയാറില്ല. അതുപോലെ ഒരു സ്ത്രീയെ വിവാഹം ചെയ്യുമ്പോൾ കൊടുക്കുന്ന സ്ത്രീധനം സ്ത്രീയുടെ സ്വത്താണെന്നു കരുതുന്നില്ല. പുരുഷനാണ് അതിന്റെ അവകാശി എന്നാണു പറയുന്നതു്. എന്നാൽ മനു, യാജ്ഞവൽക്യൻമുതലായവർ പറയുന്നതു് സ്ത്രീധനമായി കൊടുക്കുന്ന സ്വത്തു സ്ത്രീയ്ക്കുള്ളതാണെന്നും ഭർത്താവിനെ ജയിലിലേയ്ക്കു കൊണ്ടുപോകുകയോ മറ്റോ ചെയ്താൽ മാത്രമേ അവർക്ക് അതെടുക്കുവാൻ പാടുള്ളുവെന്നും ഭർത്താവു തിരിച്ചുവന്നാൽ ഭാര്യയ്ക്കു തന്നെ അതു മടക്കി കൊടുക്കേണ്ടതാണെന്നുമാണ്.

ഇപ്പോൾ വിവാഹം എന്നുള്ളതു് വെറും ഒരു കച്ചവടം പോലെയാണ് തീർന്നിരിയ്ക്കുന്നതു്. ഞങ്ങൾ തെളിവെടുക്കുവാനായി പോയിരുന്ന അവസരത്തിൽ എന്തിനെല്ലാം വിവാഹം കഴിയ്ക്കാ

LIBRARY ARCHIVES Kerala Legislative Assembly

മെന്നു ചോദിച്ചപ്പോൾ ചിലർ പണത്തിനു ബുദ്ധിമുട്ടുണ്ടെങ്കിലും വേളി കഴിയ്ക്കാമെന്നു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഒരു അനന്തിരവനു് വേളി കഴിയ്ക്കണമെന്നുണ്ടെങ്കിൽ കാരണവനാണു് സ്ത്രീധനം തീച്ചയാക്കുന്നതു്. ഇങ്ങിനെയായാൽ യാതൊരു സ്വാതന്ത്ര്യവും വിവാഹം ചെയ്യുന്ന അനന്തിരവനു് ഉണ്ടായിരിയ്ക്കയില്ല. അതുകൊണ്ടു് വിവാഹവിഷയത്തിൽ ബന്ധുറവു തയ്യാറാക്കുവാനുള്ള അധികാരം കാരണവനു കൊടുക്കുവാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം. മുമ്പിലത്തെ ബില്ലിൽ സ്ത്രീധന സംഖ്യ ക്ലിപ്തപ്പെടുത്തുകയും അതു തറവാട്ടിൽ ചേർക്കണമെന്നു വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരുന്ന ആ കാരണം കൂടി പറഞ്ഞിട്ടാണു് മഹാരാജാവു തിരുമനസ്സുകൊണ്ടു് ബിൽ തള്ളിക്കളഞ്ഞിരിയ്ക്കുന്നതു്. അതു കൊണ്ടു് ഈ ബില്ലും അപ്രകാരം ഒരു കാരണം പറഞ്ഞു തള്ളിവാനിടവരുത്തരുതെന്നാണു് എന്റെ അഭിപ്രായം.

Mr. A. Eachara Menon.—Sir, a word by way of explanation. I have never said cattle. I have said chattle.

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻനമ്പൂതിരി.—ഇതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല.

Amendment put and negatived.

Section 14 was then put and carried.

14. The dowry, if any, given to a Nambudiri female shall be her separate property.

Dowry to be separate property of Nambudiri female.

As the following Amenament was not moved it was considered withdrawn.

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—"വകുപ്പു" 15—ഇതിൽ എട്ടാമത്തെ വരിയിൽ 'അവരെ' എന്നതിനുശേഷം 'സജാതിയിൽ യഥാസ്ഥിതികാചാരങ്ങളെ അനുസരിച്ചു്' എന്നു ചേർക്കേണ്ടതാകുന്നു.

Section 15 was then put and carried.

15. If the Karanavan or Manager neglects to give a girl in marriage after the completion of her eighteenth year father or in his absence any other member of the illom who has the right to perform the 'Udakapurvam' may, on the expiry of 6 months after giving notice to the Karanavan or the Manager of his intention to do so, give her in marriage and recover from the illom all reasonable expenses incurred therefor.

Rights of Anandiravans in case of Karanavan's neglect to give a girl in marriage

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—ഞാൻ പലരുടേയും അഭിപ്രായങ്ങളും അനുസരിച്ചാണു് ഈ ഭേദഗതികളെല്ലാം അയച്ചിട്ടുള്ളതു്. എന്നാൽ ഇതുവരെയുള്ള അനുഭവത്തിൽ ഈ ഭേദഗതികൊണ്ടു് യാതൊരു ഫലവുമില്ലാതെയാണു കാണുന്നതു്. അതുകൊണ്ടു് ഞാൻ ബാക്കിയുള്ള ഭേദഗതികളെല്ലാം പിൻവലിച്ചിരിക്കുന്നു.

Hence the following amendments tabled by the Member

LIBRARY ARCHIVES Kerala Legislative Assembly

were considered withdrawn.

മിസ്റ്റർ പന്തൽ വൈദീകൻ പരമേശ്വരൻ നമ്പൂതിരി.—വകുപ്പ് ഫസ്റ്റ് താഴെ പറയുംപ്രകാരം മാറ്റേണ്ടതാകുന്നു

"എന്നുതന്നെ ആവശ്യമുണ്ടായിരുന്നാലും നാല് വിവാഹം നിലവിൽ നില്ക്കുമ്പോൾ ആ പുരുഷന് പിന്നെ ഒരു വിവാഹം ചെയ്യുവാൻ പാടുള്ളതല്ല. അങ്ങിനെ ചെയ്താൽ അതു സാധുവുമല്ല."

വകുപ്പ് ഫസ്റ്റ്-ൽ (ബി) താഴെ പറയും പ്രകാരം വേണ്ടതാകുന്നു.

"അച്ഛൻ, സഹോദരൻ, ഒത്തിലെ സഹോദരൻ, സഹോദരന്റെ പുത്രൻ, ഭിന്നോദരൻ, മുത്തച്ഛൻ, അമ്മാവൻ, അമ്മ, സപിണ്ഡൻ, സോദകൻ ഈ ക്രമമനുസരിച്ചും അതാതു സ്ഥാനങ്ങളിൽ ഒന്നിലധികം ആളുണ്ടായിരുന്നാൽ വയസ്സ് മൂപ്പനുസരിച്ചും മൈനർമാരുടെ രക്ഷകർത്താക്കന്മാരെ നിശ്ചയിയ്ക്കേണ്ടതാകുന്നു."

അദ്ധ്യായം 6. ഈ അദ്ധ്യായത്തിൽ, ഇല്ലം വക സ്വത്തുക്കൾക്കു ഒസ്യത്തോ, താഴെ പറയുന്ന വിൽപ്പത്രവ്യവകാശമോ ബാധകമല്ലാത്തതാകുന്നു.

വകുപ്പ് 27. താഴെ പറയുംപ്രകാരം മാറ്റേണ്ടതാകുന്നു.

"ഒരു ഇല്ലത്തെ പുരുഷൻ ഒസ്യത്തില്ലാതെ മരിയ്ക്കുമ്പോൾ അയാളുടെ സ്വകാര്യ സ്വത്തുണ്ടെങ്കിൽ ആയതിനു താഴെ പറയുന്ന ക്രമത്തിൽ മുതലവകാശം സിദ്ധിയ്ക്കേണ്ടതാകുന്നു. എ. ഔരസപുത്രൻ, ബി. ദത്തുപുത്രൻ, സി. അച്ഛൻ, ഡി. സഹോദരൻ, ഇ. ഒത്തിലെ സഹോദരൻ, എഫ് സഹോദരപുത്രൻ, ജി. ഭിന്നോദരൻ, വി. അമ്മാൻ, എൻ. മുത്തച്ഛൻ, ഒ. ഭാര്യ, പി. സപിണ്ഡൻ, ക്യു. സോദകൻ ഇതിൽ ഏതു സ്ഥാനത്തു വന്നാലും ആ സ്ഥാനത്തുള്ള എല്ലാ പുരുഷമെമ്പർമാർക്കും സമ്പ്രകാശമുള്ളതാകുന്നു. എന്നാൽ ആദ്യത്തെ സ്ഥാനത്തു അവകാശികൾ ഇല്ലെങ്കിൽ മാത്രമേ അടുത്തുള്ള സ്ഥാനത്തെ അവകാശികൾക്കു മുതൽ ഒതുങ്ങുകയുള്ളു."

വകുപ്പ് 28. താഴെ പറയുംപ്രകാരം വേണ്ടതാകുന്നു.—"ഒരു ഇല്ലത്തു സന്തതിയില്ലാതെ വന്നാൽ മറ്റൊരു ഇല്ലത്തുനിന്നും ഒന്നോ അതിലധികം പുരുഷന്മാരെ ദത്തെടുക്കാവുന്നതാകുന്നു. എന്നാൽ അങ്ങിനെ ദത്തെടുക്കുന്ന പുരുഷന്മാരുടെ സ്വത്തിനുള്ള അവകാശം ഇപ്പോൾ നടപ്പുള്ളതനുസരിച്ചു മേലിലും തീർച്ചപ്പെടുത്തേണ്ടതാകുന്നു."

വകുപ്പ് 29. താഴെപറയുംപ്രകാരം ചേർക്കേണ്ടതാകുന്നു.—"വിവാഹിതയായ ഒരു സ്ത്രീ ഒസ്യത്തില്ലാതെ മരിയ്ക്കുമ്പോൾ ആ സ്ത്രീയുടെ സ്വകാര്യ സ്വത്തു പുത്രിമാർ ഉണ്ടെങ്കിൽ അവർക്കു സമമായും ഇല്ലെങ്കിൽ ഇല്ലത്തേയ്ക്കും ഒതുങ്ങേണ്ടതാകുന്നു."

വകുപ്പ് 30. താഴെപറയുംപ്രകാരം ചേർക്കേണ്ടതാകുന്നു.—"അവിവാഹിതയായ ഒരു സ്ത്രീ ഒസ്യത്തില്ലാതെ മരിയ്ക്കുമ്പോൾ ആ സ്ത്രീയുടെ സ്വകാര്യ സ്വത്തു എ. അമ്മയ്ക്കോ, ബി. അമ്മയുടെ അഭാവത്തിൽ സഹോദരിമാർക്കു സമമായോ, സി. ഈ രണ്ടു സ്ഥാനങ്ങളുടേയും അഭാവത്തിൽ ഇല്ലത്തേയ്ക്കും ഒതുങ്ങേണ്ടതാകുന്നു.

വകുപ്പ് 31.—താഴെപറയുംപ്രകാരം ചേർക്കണം.

"ഒരു മെമ്പർ മതം മാറുകയോ പതിതനാവുകയോ ചെയ്താൽ 10-ാം വകുപ്പിലെ നിശ്ചയമനുസരിച്ചു അയാൾക്കു ചിലവിനു കിട്ടുവാൻ അർഹതയുള്ളതും, അയാളെ ചിലവുവാങ്ങി പിരിഞ്ഞുപോകുവാൻ നിബ്ബന്ധിയ്ക്കുവാൻ മറ്റു മെമ്പർമാർക്കും അധികാരമുള്ളതാകുന്നു."

മിസ്റ്റർ എ. ഈശ്വരമേനോൻ.—ഞാൻ അയച്ചിട്ടുള്ള ഭേദഗതി ക്ലസ്-ാം സെക്ഷനിൽ "താഴെ കാണിക്കുന്ന സംഗതികളിൽ അല്ലാതെ" എന്നും (എ) (ബി) (സി) എന്നീ ഉപവകുപ്പുകളും എടുത്തു കളയണം" എന്നും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യത്തെക്കുറിച്ചു കമ്മിറ്റി മുമ്പാകെ വച്ചു വളരെ ആളുകളെ വിസ്തരിച്ചിട്ടുണ്ട്. ധാരാളം സ്ത്രീകളേയും വിസ്തരിച്ചിട്ടുണ്ട്. സ്ത്രീകളെല്ലാവരും അധിവേതനത്തെ അതിശക്തിയായി എതിർക്കുകയാണുണ്ടായതു്. അതു ശരിയായിട്ടുള്ളതുമാണു്. അവർക്കുമാത്രമേ അതിൽ സങ്കടമുള്ളതായി എനിക്കറിഞ്ഞുകൂടാ. അധിവേതനക്കാരായ ഭർത്താക്കന്മാർ ഈയിടെതന്നെ തങ്ങളുടെ ഭാര്യമാരെ അനുഭവിപ്പിച്ചിട്ടുള്ള സങ്കടങ്ങളും അംഗഭംഗാദി ക്രൌര്യശിക്ഷകളുമെല്ലാം അവർ കമ്മിറ്റി മുമ്പാകെ പ്രസ്താവിച്ചിട്ടുണ്ടു്. പതിനാറാം വകുപ്പിൽ പറയുന്ന സംഗതികളെക്കുറിച്ചു് സംശയാധീനമല്ലാത്ത ഭാഷയിൽ തന്നെ അവർ മൊഴി കൊടുത്തിട്ടുണ്ടു്. ഒരിക്കൽ വിവാഹം ചെയ്തുപോയാൽ പിന്നെ മറൊരു ഭർത്താവു കൂടാതെ തന്നെ തങ്ങൾ കഴിഞ്ഞുകൊള്ളണമെന്നുള്ള നാശകരമായ നിയമം പുരുഷന്മാർക്കും ബാധകമാക്കണമെന്നാണു് അവരുടെ അഭിപ്രായം. ഹാജരായിട്ടുള്ളവരിൽ പകുതിയിലധികം പേരും കമ്മിറ്റി മുമ്പാകെ അധിവേതനം വയ്യ എന്നു പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ ഈ ബില്ലിൽ ഇങ്ങിനെ ചില സബ്ബ് ഡിവിഷൻ ഉണ്ടെല്ലോഎന്നു മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരിപ്പാടുണ്ടാക്കാണിച്ചപ്പോൾ അധിവേതനം വേണമെന്നോ വേണ്ടെന്നോ പറഞ്ഞില്ല. അങ്ങിനെയാണെങ്കിൽ സ്ത്രീകൾക്കും കൂടി അസ്വാതന്ത്ര്യം കൊടുക്കേണ്ടതാണെന്നു് അവർ അഭിപ്രായപ്പെടുകയുണ്ടായി.

പിന്നെ പാശ്ചാത്യരുടെയിടയിൽ അധിവേതനം ചെയ്യാതിരിക്കുന്നതു് പത്രങ്ങളിലും മറ്റും കാണാറുണ്ടു്. സാമുദായിക നിലയിൽ നമ്പൂതിരിമാരില്ലും മിക്കവരും അധിവേതനം ചെയ്യാതിരിക്കുന്നുണ്ടു്. സാമുദായിക നിലയിൽ അവർ പറയുന്നതു് അധികം ഭാര്യമാരുണ്ടെങ്കിൽ അവർ കൊണ്ടുവരുന്ന സ്വത്തു ഒക്കെ ഒരു കുടുംബത്തിലേക്കായി തീരുമെന്നാണു്. അതു് ഇപ്പോൾ ഏകദേശം നന്നാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണു പറയുന്നതു്. പിന്നെ ഒന്നു പറയുന്നതു് വ്യഭിചാരദോഷം അവരുടെയിടയിൽ ഉണ്ടായിരിക്കുമെന്നുള്ളതാണു്. എന്റെ അഭിപ്രായത്തിൽ നമ്പൂതിരിമാരുടെയിടയിൽ അങ്ങിനെ സംഭവിക്കുമെന്നു തോന്നുന്നില്ല. ഇപ്പോഴത്തെ കണക്കിൻപ്രകാരം മൂവ്വായിരം ആണുങ്ങൾക്കു ഫൻഫർ പെണ്ണുങ്ങൾ ഉണ്ടെന്നാണു കാണുന്നതു്. ഈ ഭേദഗതി സ്വീകരിക്കുന്നപക്ഷം ആ കുറവു വരികയില്ല. ഇപ്പോൾ ഇവിടെയുണ്ടാക്കിയിരിക്കുന്ന ബില്ലിൽ ഈ എ. ബി. സി. വകുപ്പുകൾ ഇല്ലാതെ പാസാക്കുവാൻ യാതൊരു വിഷമവും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഇങ്ങിനെ ഒന്നിലധികം ഭാര്യമാരെ എടുക്കുവാൻ സമ്മതിക്കണമെന്നു വലിയ തമ്പുരാൻ പറയുമെന്നു് എനിക്കു തോന്നുന്നില്ല. ആ അവസ്ഥക്കു് ഈ വകുപ്പു അനുവദിക്കുവാൻ പാടുള്ളതല്ല. അധിവേതനം ഒരിക്കലും അനുവദിക്കുവാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പാറ്റൂർ നെന്മിനിമംഗലം.—ഈ ഉപക്ഷേപത്തോടു് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇതു ഇവിടെ കൊണ്ടുവരേണ്ടതു് ഞാനായിരുന്നു. എന്നാൽ ഞാനതു ചെയ്യാതിരുന്നതു് മലബാർ നമ്പൂതിരി ബില്ലിനോടു യോജിച്ചു് ഇവിടത്തെ ബില്ലും തയ്യാറാക്കീട്ടുള്ളതുകൊണ്ടാണു്. മലബാർ ബില്ലും കൊച്ചി ബില്ലും ഏതാണ്ടു് ഒരേ രീതിയിൽ ആയിരിക്കുന്നതു് നല്ലതാണെന്നും യാഥാസ്ഥിതികരുടെ തൃപ്തിക്കു വേണ്ടിയുമാണു് ഞാൻ അതു കൊണ്ടുവരാതിരുന്നതു്. എന്നാൽ മലബാറിൽ സ്വീകരിച്ചിട്ടുള്ള ബില്ലിൽ യാതൊരു ഭാഗത്തും അധിവേതനം പാടില്ലെന്നു പറഞ്ഞിട്ടുള്ളതായി ഞാൻ കാണുന്നില്ല. അവിടത്തെ സിലക്ററ് കമ്മിററിയിൽ യാതൊരു സ്ത്രീ മെമ്പറും ഇല്ലാത്തതായിരിക്കണം അതിനു കാരണം. ഇപ്പോൾ ഇവിടെ ഇങ്ങനെ ഒരു ഭേദഗതി ഈച്ചരമേനോൻ കൊണ്ടുവന്നിട്ടുള്ളതിൽ ഞാൻ സന്തോഷിക്കുകയും ഞാൻ ഇതു് കൊണ്ടുവരാതിരുന്നതിൽ കുററക്കാരിയാണെന്നു സമ്മതിക്കുകയും ചെയ്യുന്നു. എങ്കിലും ബില്ലിലെ വകുപ്പിൽ ആ വ്യവസ്ഥകൊണ്ടു വല്ല ദോഷവും നേരിടുകയാണെങ്കിൽ ശരിയായിരിക്കയില്ല എന്നുദ്ദേശിച്ചു് ഇതു ചേർക്കാതെ ഇരുന്നതായിരിക്കുമോ എന്നു എനിക്കു സംശയമുണ്ടു്. ഇന്നു നമുക്കു് ഈ വ്യവസ്ഥയേക്കാളധികം അടിയന്തിരവും ആവശ്യവും ആയിട്ടുള്ളതു് നമ്പൂതിരി ബിൽ പാസാക്കുകയാണു്. ജന്മനാതന്നെ മഹാനരകം അനുഭവിക്കുന്ന ഞങ്ങളുടെ സമുദായ രക്ഷക്കു വേണ്ടിയാണു് ഞാൻ അതു കൊണ്ടുവരാതിരിക്കുന്നതു്. ഇതുകൊണ്ടു് ബില്ലിനു് യാതൊരു തെറ്റും ഉണ്ടാകാത്തപക്ഷം ഈ ഉപക്ഷേപം വളരെ ആവശ്യമാണു്. വല്ല തെറ്റും നേരിടുന്നു എങ്കിൽ അദ്ദേഹം അതു വിൻവലിക്കുന്നതായിരുന്നാൽ ഞാനും അദ്ദേഹത്തോടു യോജിക്കുവാൻ തയ്യാറാണു്. നമ്പൂതിരി സ്ത്രീകളുടെ നേരെ ദയവു തോന്നി മിസ്റ്റർ. ഈച്ചരമേനോൻ ഈ ഭേദഗതി കൊണ്ടുവന്നതിനു് അദ്ദേഹത്തോടു എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ പറഞ്ഞുകൊള്ളുന്നു. ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അധിവേതനത്തിന്റെ കാര്യത്തെക്കുറിച്ചു ആലോചിച്ചു നോക്കുമ്പോൾ എനിക്കുതന്നെ ഭയം തോന്നുന്നുണ്ടു്.

എന്റെ സ്ഥിതിതന്നെ ഇതിനു് ഒരു ഉദാഹരണമാണു്. എനിക്കു വിവാഹം കഴിഞ്ഞിട്ടു് ഉദ്ദേശം പത്തു കൊല്ലം തികഞ്ഞു. എനിക്കു ഇതേവരെ സന്താനങ്ങളൊന്നും തന്നെയുണ്ടായിട്ടില്ല. വിവാഹത്തിനുശേഷം പത്തുകൊല്ലം കഴിഞ്ഞും ഭാര്യ പ്രസവിയ്ക്കാതിരുന്നാൽ ഭർത്താവിനു വീണ്ടും ഒരു വിവാഹം ചെയ്യാമെന്നുള്ള ഒരു വ്യവസ്ഥ വളരെ ഭയങ്കരമാണു്. എന്റെ വിവാഹം കഴിഞ്ഞിട്ടു പത്തു കൊല്ലം കഴിഞ്ഞിട്ടില്ലേ; കുട്ടികളില്ലല്ലോ; എന്റെ ഭർത്താവു് ഒരു അധിവേതനത്തിനു പുറപ്പെട്ടാൽ തീച്ചയായും എനിക്കു അതിൽ വളരെ സങ്കടം തോന്നാതിരിക്കയില്ല. ഒരു നമ്പൂ

തിരി സ്ത്രീയെന്നല്ല, ഏതൊരു സ്ത്രീക്കും അതു സമ്മതിക്കുവാൻ മന സ്സുവരുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഈ ഉപക്ഷേപത്തോ ടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

മിസ്റ്റർ പി. കുമാരൻ എഴുത്തുപുൻ.—ഞാനും ഇതിനെ പിൻ താങ്ങുന്നു. സിലക്ട് കമ്മിറ്റിയിൽ പ്രവൃത്തിയെടുക്കുവാനായി ട്ടു് ഏല്പിക്കപ്പെട്ട ആളുകളിൽ ഒരാളാണു് ഞാൻ. അതിൽ ഭൂരിപക്ഷം റിപ്പോർട്ടു് തയ്യാറാക്കിയ അവസരത്തിൽ ഒന്നു രണ്ടു സംഗതികളിൽ എനിയ്ക്കു് ഭിന്നാഭിപ്രായമുണ്ടെന്നു പ്രസ്ഥാവിക്കു കയും പിന്നീടു് എഴുതി അയയ്ക്കാമെന്നു കരാറുചെയ്കയും ചെയ്തിട്ടാ ണു് ഞാൻ സ്ഥലം വിട്ടതു്. ഇവിടെ നിന്നും പുറപ്പെട്ടു വീട്ടിൽ ചേന്നതു മുതൽ ജ്വരബാധിതനായി കിടപ്പായതുകൊണ്ടു് ഉദ്ദേശിച്ചതുപോലെ അഭിപ്രായം എഴുതി അയക്കുവാൻ എനിക്കു സാധിച്ചില്ല. സിലക്ട് കമ്മിറ്റിയുടെ ഭൂരിപക്ഷം റിപ്പോർട്ടിന്റെ പുറകിൽ എന്റെ പേരു് യാതൊരു അഭിപ്രായ വ്യത്യാസവും കൂടാതെയാണു കാണുന്നതു്. എനിയ്ക്കു അതിൽ എഴുതുവാനുണ്ടായിരുന്ന വ്യത്യസ്ഥാഭിപ്രായങ്ങളിൽ ഒന്നു് ഈ ഉപക്ഷേപവിഷയമാണു്. മറ്റതു് ഇവിടെ പറയേണ്ട ആവശ്യമില്ല.

തെളിവെടുക്കുവാനായിട്ടു സഞ്ചരിച്ചകാലത്തു് അന്തർജ്ജനങ്ങളുടെ തെളിവുകിട്ടിയതിൽ നിന്നും എനിക്കു തോന്നിയ ഒരഭിപ്രായമാണിതു്. ഇപ്രകാരം ഞങ്ങൾ തെളിവെടുത്തിട്ടുള്ള അന്തർജ്ജനങ്ങളിൽ അധികം പേരും ചെറുപ്പക്കാരാണു്. അതുകൊണ്ടു് അവരുടെ അഭിപ്രായത്തിനു വിലയില്ല എന്നു പക്ഷെ പറയുമായിരിക്കാം.

എന്നാൽ സിലക്ട് കമ്മിറ്റിയുടെ തെളിവും മറ്റും അടങ്ങിയ പുസ്തകത്തിൽ 89-ാംവശത്തു് അൻപതുവയസ്സു തികഞ്ഞ ഒരു അന്തർജ്ജനം കൊടുത്തിട്ടുള്ള മൊഴി ഞാൻ ഇവിടെ വായിക്കാം.

"എനിയ്ക്കു് 60 വയസ്സായി. ഇന്നത്തെ സമ്പ്രദായങ്ങൾ മുഴുവൻ മാറണം. അന്തർജ്ജനങ്ങൾ വളരെ ബുദ്ധിമുട്ടനുഭവിയ്ക്കുന്നുണ്ടു്. അവ തീർന്നാൽകൊള്ളാമെന്നാഗ്രഹമുണ്ടു്. ഇന്നത്തെ വിവാഹസമ്പ്രദായം മാറണം. വിവാഹത്തിനു് പെൺകുട്ടികളുടെ സമ്മതം വേണം.

അധിവേതനം തടയണം. സന്തതിയ്ക്കു അനുജന്മാർ വേളികഴിച്ചാൽ മതി. അനന്തരവന്മാർ ഇല്ലെങ്കിൽ ഭാര്യാഭർത്താക്കന്മാർ ആലോചിച്ചു തീർച്ചയാക്കണം. ഭാര്യയെ മറച്ചുവെച്ചിട്ടുള്ള സമ്മതംപോരാ. ഉണ്ണി ഉണ്ടാകണമെന്നാണെങ്കിൽഅധിവേതനം പാടില്ല. മാറാവ്യാധിയുണ്ടായാലും ആവശ്യമില്ല. ദീനമായാൽ ശമ്പളംകൊടുത്തു വേറെ ആളെ നിറുത്തുകയാണു് രണ്ടാം വേളിയേക്കാൾ ഭേദം. അധിവേതനം നിക്ഷിപ്തമാക്കണം. ജയിൽ ശിക്ഷതന്നെ വേണം."

LIBRARY ARCHIVES Kerala Legislative Assembly

ഇതു് അൻപതു വയസ്സായ ഒരു അന്തർജ്ജനത്തിന്റെ മനസ്ഥിതിയാണു്. ഇന്നു് അന്തർജ്ജനങ്ങൾ അധിവേതനം നിമിത്തം അനുഭവിച്ചുവരുന്ന സങ്കടങ്ങൾ അനവധിയും ഭയങ്കരവുമാണു്. പക്ഷെ ഇന്നലെ പ്രഹസനത്തിൽ കണ്ടതുപോലുള്ളതു ഭയങ്കരത്വമില്ലായിരിയ്ക്കാം. ഈ ഒരു അന്തർജ്ജനത്തിന്റെ മൊഴിമാത്രം മതി ബില്ലിൽ അധിവേതനത്തിനു് ഒരു സ്ഥാനവും പാടില്ലെന്നു കാണിപ്പാൻ. അതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

മിസ്റ്റർ എ. ശങ്കരപുത്തുവാൾ.—നമ്പൂതിരി ബിൽ സിലക്ട് കമ്മിറ്റിയിലെ ഒരു അംഗമായ എനിയ്ക്കും ഈ വിഷയത്തിൽ നാലുവാക്കു പറയാതെ നിവൃത്തിയില്ലെന്നുവന്നിരിക്കുന്നു. ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഒന്നാമതായിട്ടു നമ്പൂതിരിമാർ ഹിന്തുക്കളായതുകൊണ്ടു് അവർക്കു ഹിന്തു നിയമമാണു് സാധാരണമായി സ്വീകാര്യമായിട്ടുള്ളതു്. ഹിന്തുലാ പ്രകാരം ഒന്നിലധികം ഭാര്യമാരെ ഒരു പുരുഷനു് അംഗീകരിയ്ക്കുവാൻ വിരോധമില്ല ഇതു പുരാതനകാലം മുതല്ക്കുള്ള നിയമമാണു്. അങ്ങിനെയുള്ള ഒരു പഴയ നിയമത്തെ പൊളിക്കണമെന്നുണ്ടെങ്കിൽ അതിനെ പെട്ടെന്നു തലകീഴായി മറിച്ചു കളയാമെന്നു വിചാരിക്കുന്നതു ശരിയല്ല. ബ്രിട്ടീഷ് മലബാറിലും കൊച്ചിയിലും ഉള്ള നമ്പൂതിരിമാരുടെ ആചാരാനുഷ്ഠാനങ്ങൾ സാമാന്യേന ഒന്നുപോലെതന്നെയാണു്. ഞങ്ങളുടെ സിലക്ട് കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രകാരം ഈ കൌൺസിലിൽ അവതരിപ്പിച്ചിട്ടുള്ള ബില്ലും ബ്രിട്ടീഷ് മലബാറിലുള്ള ബില്ലും തമ്മിൽ ഏതാണ്ടു സാമ്യം വരത്തക്കവിധത്തിലുള്ള മാറ്റങ്ങൾ ഞങ്ങൾ വരുത്തിക്കഴിഞ്ഞിട്ടുണ്ടു്. അങ്ങിനെ ഈ കൌൺസിലിൽ അവതരിപ്പിക്കുന്ന ബില്ലിനെ രണ്ടാമതും ചിന്തിയ്ക്കണമെന്നാണു പറയുന്നതു്. ബ്രിട്ടീഷിൻഡ്യയിലും ഇതേ തരത്തിലുള്ള ബിൽ തന്നെയാണു നിയമമായിട്ടുള്ളതു്. ആസ്ഥിതിക്കു് അവിടെയുള്ളതിലും ഒന്നു വ്യത്യസ്തപ്പെടുത്തി പെട്ടെന്നു് ഒരു മാറ്റം വരുത്തുവാൻ പാടില്ലാത്തതാണു്. ആ വിധത്തിൽ മാറ്റം വരുന്നതായ ഇതിലെ എ. ബി. സി. വകുപ്പുകൾ ഇപ്പോൾതന്നെ എടുത്തുകളയണമെന്നു പറയുന്നതു വളരെ സാഹസമാണു്. ആവശ്യമെന്നു കാണുന്നപക്ഷം നമുക്കു് ഇതു ക്രമേണ ഭേദപ്പെടുത്തുന്നതിനു വിരോധമില്ലല്ലൊ. ഇതുകൊണ്ടുദ്ദേശിയ്ക്കുന്നതു് ഭാര്യക്കു് അഞ്ചു പത്തുവർഷത്തിലധികം കാലം മാറാത്ത രോഗമുണ്ടെങ്കിൽ വേറെ ഒരു ഭാര്യയെ എടുക്കാം. ഇപ്രകാരം അഞ്ചു കൊല്ലംവരെ മാറാത്ത ഒരു രോഗമുണ്ടാകുന്നതു് അപൂർവ്വമാണു് പിന്നെ വിവാഹംകഴിഞ്ഞു പത്തുകൊല്ലത്തോളം സന്തതി ഉണ്ടായില്ലെങ്കിൽ പുനർവ്വിവാഹംചെയ്യാമെന്നാണു്. ഈ ആവശ്യവും നൂറിൽ ഒരാൾക്കു കൂടി വേണ്ടിവരുമോ എന്നു സംശയമാണു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ നിർദ്ദേശത്തിനു പ്രത്യേകിച്ചു നിയമിക്കപ്പെട്ട മാന്യ മെമ്പറുടെ സങ്കടാവസ്ഥയിൽ ഞാൻ നിർവ്യാജമായി വിഷാദിയ്ക്കുന്നുണ്ട്. ആ മഹതിക്ക് വിവാഹംകഴിഞ്ഞു പത്തു കൊല്ലമായിട്ടും സന്താനങ്ങളില്ല എന്നുപറയുകയുണ്ടായി. എങ്കിലും ഇനിയും സന്താനങ്ങൾ ഉണ്ടാകുവാൻ പാടില്ലായ്കയില്ല. ഭാര്യക്ക് അഞ്ചുകൊല്ലം വരെ മാറാത്ത സുഖക്കേടായിരുന്നാലും ആ പുരുഷന് വേറെ വിവാഹം കഴിപ്പാൻ സൗകര്യം കൊടുക്കുന്നില്ലെങ്കിൽ ആ പുരുഷൻ ഉദ്ദ്യോഗിയായി തീർന്നേക്കാം. സിലക്ട് കമ്മിറ്റിയിലെ ഭൂരിപക്ഷാഭിപ്രായംതന്നെ ഇപ്രകാരമുള്ള ദുർവ്വിഷയവാസനയ്ക്ക് പുരുഷന്മാരെ പ്രേരിപ്പിയ്ക്കുവാൻ ഇടയാക്കരുതെന്നാണ്.

ഇനി പത്തുകൊല്ലക്കാലമായിട്ടും സന്തതികളുണ്ടായിട്ടില്ലെങ്കിൽ എന്തെങ്കിലും വ്യവസ്ഥ ചെയ്യണമെന്നു ചിന്തിക്കുക. ഈ ബില്ല് ഒറ്റക്ക് ഭാഗം അനുകൂലിക്കുന്നു. കുടുംബം അനാഥമായിപോകുന്നതിൽ ഭേദം കുടുംബത്തെ നിലനിർത്തുവാൻവേണ്ടിയുള്ള വിവാഹം കഴിയ്ക്കുന്നതല്ലേ? ഇതു് പുതുതായ ഒരു ഏർപ്പാടൊന്നുമല്ല. ഏതാണ്ടു കൊല്ലംമുമ്പു മുതല്ക്ക് ക്രിസ്ത്യാനികളുടെയിടയിലും മറ്റു സമുദായങ്ങളുടെയിടയിലും നടന്നുവന്നിട്ടുള്ള ഒരു ഏർപ്പാടുതന്നെയാണ്. നെപ്പോളിയൻ ബോണപ്പാർട്ടിന്റെ രണ്ടാംവിവാഹം തന്നെ ഈ സംഗതിയ്ക്ക് ഒരു ദൃഷ്ടാന്തമാണ്. അദ്ദേഹത്തിനു് തന്റെ ആദ്യത്തെ ഭാര്യയോടു് വളരെ സ്നേഹമുണ്ടായിരുന്നു. ആ ഭാര്യയിൽ അദ്ദേഹത്തിനു് സന്തതി ഉണ്ടായില്ല. സന്തതി ഉണ്ടാകാത്തതുകൊണ്ടു് ജോസഫയിൻ എന്ന മദാമ്മയെ കല്യാണം കഴിച്ചുകൊള്ളുവാൻ ആദ്യത്തെ ഭാര്യതന്നെ സമ്മതിക്കുകയാണുചെയ്തതു. അതുകൊണ്ടു് നമ്മുടെ രാജകുടുംബങ്ങൾ നിലനില്ക്കണമെന്നുണ്ടെങ്കിൽ പത്തുകൊല്ലമായിട്ടും സന്തതികളുണ്ടാകാത്തപക്ഷം വേറെ ഒരു വിവാഹത്തിനു്. വിരോധമില്ലാത്ത വ്യവസ്ഥയുണ്ടായിരിക്കണമെന്നേ ഞാൻ പറയുന്നുള്ളു. അതുകൊണ്ടു് ഒരു തരക്കേടും വരുമെന്നു് എനിയ്ക്കു തോന്നുന്നില്ല.

ഈബില്ലിൽ ചേർത്തിട്ടുള്ള ഈ രണ്ടു വ്യവസ്ഥകളും സിലക്ട് കമ്മിറ്റിയുടെ ബുദ്ധിപൂർവ്വകമായ ആലോചനയ്ക്കുശേഷം ചേർത്തിട്ടുള്ളതാണ്. അഞ്ചുകൊല്ലമായിട്ടും ഭാര്യയ്ക്കു മാറാത്ത വ്യാധികളുണ്ടായിരിയ്ക്കുക; പത്തു കൊല്ലമായിട്ടും പ്രസവിക്കാതിരിക്കുക; പുരുഷപ്രജ ജനിയ്ക്കാതെയിരിയ്ക്കുക; ഭ്രഷ്ടനാകുക ഇതെല്ലാം വളരെ അപൂർവ്വമായിട്ടേ സംഭവിക്കുകയുള്ളു. ഈ വകുപ്പ് എടുത്തുകളയുന്ന പക്ഷം ദുർവ്വിഷയ വാസനയ്ക്ക് പുരുഷന്മാർ വഴിപ്പെടുമെന്നുള്ളതിനു് തർക്കമില്ല. അതുകൊണ്ടു് സന്മാർഗ്ഗജീവിതത്തിനും മതാചാരാനുഷ്ഠാനങ്ങൾക്കും വിരോധമില്ലാത്തനിലയിൽ നടന്നുപോകത്തക്കവണ്ണം സുഗമമായി സൃഷ്ടിച്ചിട്ടുള്ള ഈ വകുപ്പിനെ തലകീഴ് മറിക്കാതെ ഇപ്പോൾ സ്വീകരിയ്ക്കുകയാണു വേണ്ടതു്. ഇങ്ങിനെ ഒരു നിയമം വെച്ചുവെന്നു കണ്ടിട്ടു പെട്ടെന്നു്

LIBRARY ARCHIVES Kerala Legislative Assembly

ആരും വേറെ വിവാഹം കഴിയ്ക്കുകയില്ല. ഭാര്യയോടു അലിവില്ലാത്ത പുരുഷന്മാർ വളരെ ഉണ്ടായിരിയ്ക്കയില്ല. ആ സ്ഥിതിയ്ക്ക് ഇതു് ഇരുകൂട്ടർക്കും സ്വീകാര്യമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. രണ്ടാമതും ഒരു വിവാഹംചെയ്യുവാൻ പാടില്ലാത്ത നിലയിലായി ഒരു നമ്പൂതിരി കാടുകേറണമെന്നു വന്നാൽ അതു വളരെ ശോചനീയമായ ഒരു അവസ്ഥയായിരിക്കും. ഈ സംഗതിയിൽ മിസ്റ്റർ ഈച്ചരമേനോന്റെ അഭിപ്രായത്തിൽ എനിയ്ക്കു അസാമാന്യമായ അത്ഭുതമാണു തോന്നുന്നതു്. ഇല്ലത്തു സന്തതികളില്ലാതെവന്നാൽ വേറെ വിവാഹം ചെയ്യാൻപാടില്ലെന്നാണു പറയുന്നതു്. ഇതു് സന്തത്യർത്ഥം എന്നുള്ള നിലയ്ക്കു പറയുന്നതല്ല. ആദ്യ ഭാര്യയിൽ സന്തതികളില്ലെങ്കിൽ ആ പുരുഷൻ സന്യാസിച്ചുപോകണമെന്നാണ് അഭിപ്രായം. യൌവനമുള്ള പുരുഷന്മാർക്കു് അതു സാദ്ധ്യമാണോ എന്നുള്ള കാര്യം സംശയമാണു്. വിശേഷിച്ചും നമ്പൂതിരിമാരുടെയിടയിൽ അതു സാധിക്കുന്ന കാര്യം പ്രയാസമാണു്. ഗുരുതരമുള്ള ആഹാരം കഴിയ്ക്കുന്ന ഒരു നമ്പൂതിരിയ്ക്കു് അവിവാഹിത നിലയിൽ ജീവിയ്ക്കുവാൻസാധിക്കുമെന്നുതോന്നുന്നില്ല. പിന്നെ ഭാര്യ ഭ്രഷ്ടയായാൽ വേറെ ഭാര്യയെ നമ്പൂതിരി സമുദായത്തിൽനിന്നു വെക്കുവാൻപാടില്ലെന്നു നിശ്ചയിക്കുന്നതും ഒരു കാര്യത്തിൽ ആവശ്യമാണെന്നുണ്ടെങ്കിലും ഇപ്പോൾ ആപത്തനം വന്നിട്ടില്ലെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ മൂന്നു ഉപവകുപ്പുകളും ആവശ്യമായിട്ടുള്ളതാണെന്നേ അവസാനമായി എനിക്കു പറയുവാനുള്ളു.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈ ബിൽ നിയമമാകുന്നതിനു് ഈ ഭേദഗതി പ്രതിബന്ധമാകുമെങ്കിൽ ഞാനും ഇതിനോടു് യോജിയ്ക്കുന്നില്ല. അതിനു് ഇവിടെ പറഞ്ഞ ന്യായങ്ങളിലൊന്നു് ഭാര്യയ്ക്കു് മാറാത്ത രോഗമുണ്ടെങ്കിൽ രണ്ടാമതൊരു വിവാഹംകൂടി ആകാമെന്നാണു്. എന്നാൽ എന്റെ അഭിപ്രായത്തിൽ മാറാത്ത രോഗങ്ങളുണ്ടെങ്കിലാണു് രണ്ടാമതൊരു വിവാഹം ചെയ്യുവാൻ പാടില്ലാത്തതു്. ഭാര്യയ്ക്കു രോഗമാണെന്നും പറഞ്ഞു് പുരുഷൻ വേറെ വിവാഹം ചെയ്താൽ രോഗിയായ ഒരു സ്ത്രീയെ പിന്നെ ആരു നോക്കും? വിവാഹ സമയത്തുള്ള മന്ത്രങ്ങളിൽ ഒന്നു് "ധർമ്മാചാരണായത്വാമഹം സമ്പ്രദദേ" എന്നാണു്. വിവാഹമെട്ടാണു് ഒരു ധർമ്മ ബന്ധമായിട്ടാണു് അതിൽനിന്നും ഉൽഭവിക്കേണ്ടതു്. മറുകാര്യങ്ങളിൽ ശാസ്ത്രവും വേദവും ഉച്ചരിയ്ക്കുന്നവർ ഈ കാര്യത്തിലും അങ്ങനെതന്നെ വേണ്ടതാണു്. ഭോഗത്തിനുവേണ്ടിയല്ല വിവാഹം, ധർമ്മം ആചരിയ്ക്കാൻ വേണ്ടിയാണു്. ആ സ്ഥിതിയ്ക്കു് ഭാര്യയ്ക്കു മാറാത്ത രോഗം വന്നു എന്നുവച്ചു ആ സ്ത്രീയെ വിട്ടു വേറെ സ്ത്രീയെ വിവാഹം ചെയ്യുന്നതു ധർമ്മമായിരിക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ പത്തു കൊല്ലം വരെയും ഭാര്യ പ്രസവിക്കാതിരുന്നാൽ രണ്ടാമതു വിവാഹം കഴിയ്ക്കാമെന്നുള്ള സംഗതിയിൽ ഒന്നു പറയുവാനുണ്ട്. ഭർത്താവിന്റെ നപുംസകത്വംകൊണ്ടും ഭാര്യ പ്രസവിയ്ക്കാതിരിയ്ക്കാൻ പാടില്ലേ? അതു രണ്ടുവിധത്തിലുമാവാം. അങ്ങിനെ 10 കൊല്ലം കഴിഞ്ഞ് വേറെ ഒരു വിവാഹം കഴിച്ചാലും അയാളുടെ കുറ്റംകൊണ്ടു് സന്താനങ്ങളുണ്ടായിട്ടില്ലെങ്കിൽ നിരപരാധികളായ സ്ത്രീകളല്ലേ സങ്കടമനുഭവിക്കേണ്ടിവരുന്നതു്? ഒരു കല്യാണം കഴിഞ്ഞ് മക്കളില്ലെങ്കിൽ അതുകൊണ്ടു തൃപ്തിപ്പെടുകയല്ലാതെ ഇങ്ങിനെ ഭാര്യ മാറുന്ന സമ്പ്രദായം നല്ലതല്ല. ഭാര്യ ഭ്രഷ്ടയായാൽ വേറെ വിവാഹം ആകാമെന്നുവെയ്ക്കുന്നതും ശരിയല്ല. സർ ഇല്ലക്കാരെ ഭ്രഷ്ടാക്കിയ കഥ നമുക്കെല്ലാം ഓർമ്മയുണ്ടല്ലൊ. അന്നു് സർ -ൽ നിന്നുത്തിയില്ലെങ്കിൽ കൊച്ചി രാജ്യത്തെ നമ്പൂതിരി കുടുംബങ്ങളെല്ലാം ഭ്രഷ്ടരായേനെ. അതു അസംബന്ധമായ രീതിയിലാണു് ഭ്രഷ്ടു് പറഞ്ഞുണ്ടാക്കി സ്ഥാപിക്കുന്നതു്.

ഇങ്ങിനെ നോക്കുമ്പോൾ ഈ ഭേദഗതി താങ്ങേണ്ടതാണെങ്കിലും അതുമൂലം ബില്ലു് പാസ്സാകുവാൻ ഇടയില്ലാതെ വന്നേക്കുമെന്നു് ചിലർ പറഞ്ഞതു പരമാർത്ഥമാണെങ്കിൽ മാത്രമേ ഈ ഭേദഗതിയെ തള്ളിക്കളയുവാൻ തരമുള്ളു. ഈ ഭേദഗതിയോടുകൂടാതെയെങ്കിലും ബില്ലു് നിയമമാക്കികിട്ടുന്നതുകൊണ്ടു് വലിയ ഗുണമുണ്ടു്.

മിസ്റ്റർ കെ. ജി. നായർ.—ഞാനും ഈ ഭേദഗതിയെ എതിർക്കുന്നു. അതിനുള്ള കാരണം ഭർത്താക്കന്മാർക്കു് ഭാര്യമാരോടു സ്നേഹം വേണ്ടെന്നു വിചാരിച്ചോ നമ്പൂതിരി സമുദായം നന്നാകുവാൻ പാടില്ലെന്നു വിചാരിച്ചോ അല്ല. ഇന്നു് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയുടെ ആവശ്യം എന്താണെന്നു ഞാൻ ചോദിയ്ക്കുന്നു. എല്ലാ സമുദായങ്ങളും ഇന്നു മുഖ്യമായി കരുതേണ്ടതു് ബ്രിട്ടീഷ് മലബാറിൽ ഇതേമാതിരി ഒരു നിയമം പാസാക്കീട്ടുള്ള സ്ഥിതിയ്ക്കു് അതിനു വിപരീതമായ നിലയിൽ ഒരു നിയമം ഇവിടെ പാസാക്കിയാൽ അതു് നമ്പൂതിരി സമുദായത്തിന്റെ വളർച്ചയ്ക്കു് പ്രതിബന്ധമായിത്തീരുമെന്നാണു്. നമ്പൂതിരി സമുദായം മലബാറിലും കൊച്ചി സംസ്ഥാനത്തിലും തിരുവിതാംകൂറിലുമാണു ധാരാളമായി കണ്ടുവരുന്നതു്. ബ്രിട്ടീഷ് മലബാറിൽ പാസ്സാക്കീട്ടുള്ള ബില്ലു് ഈ മൂന്നംവകുപ്പു് A, B, C. യോടുകൂടി പാസാക്കീട്ടുള്ള സ്ഥിതിയ്ക്കു് ഇവിടേയും അതുപ്രകാരമല്ലാതെ വേറെ വ്യത്യാസപ്പെടുത്തി ഒരു നിയമം പാസാക്കുന്നതായാൽ എന്തൊരു ശോചനീയാവസ്ഥയാണു് നമ്പൂതിരി സമുദായത്തിനു തട്ടാൻ ഇടയുള്ളതെന്നു് ഗൌരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിലേയ്ക്കു് ചുരുക്കത്തിൽ ഒരു ഉദാഹരണം പറയാം.

ഇന്നു നമ്മുടെ കൊച്ചീസംസ്ഥാനത്തുള്ള മിക്ക നമ്പൂതിരി തറവാടുകൾക്കും ബ്രിട്ടീഷ് മലബാറിലും സ്വത്തുക്കൾ ഉണ്ടായിരിക്കും

LIBRARY ARCHIVES Kerala Legislative Assembly

അതായതു് വല്ല പത്തായപുരകളോ വസ്തുക്കളോ ഉണ്ടായിരിക്കും. രണ്ടു സ്ഥലവാസികളായിട്ടാണു് അധികമാളുകളേയും കണ്ടുവരുന്നതു്. ആ സ്ഥിതിക്കു് ബ്രിട്ടീഷിൽ പാസാക്കീട്ടുള്ള നിയമം കൊച്ചിയിൽ പാസാക്കാതിരുന്നാൽ ഇപ്രകാരം എന്തെങ്കിലും ഒരു കഷ്ടാവസ്ഥ ഒരു നമ്പൂതിരിക്കു് ബ്രാഹ്മണനെ നേരിടുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ആലോചന എന്തായിരിക്കും. കൊച്ചിയിൽ ഇങ്ങിനെ ഒരു നിയമമുണ്ടു്. ബ്രിട്ടീഷിലായാൽ അതില്ല. സന്താനമുണ്ടായാൽ കൊള്ളാമെന്നുമുണ്ടു്. നമ്മുടെ സ്വത്തുള്ള ബ്രിട്ടീഷിലേക്കു പോയാൽ യാതൊരു വിഷമത്തിനും ഇടയില്ല. അതുകൊണ്ടു് നമുക്കു ബ്രിട്ടീഷിലേക്കു പോയി താമസിയ്ക്കാമെന്നു കരുതി കൊച്ചി വിട്ടു പോകുവാൻ ഇടയാകും.

ഈ ഭേദഗതി ഇവിടെ വന്നുകഴിഞ്ഞാൽ ഇങ്ങിനെയുള്ള യാതൊന്നിനും അവക്കു് കൊച്ചിയിൽസ്വാതന്ത്ര്യമില്ലാത്തനിലയിൽ ആയിത്തീരും. ഒരു നമ്പൂതിരിയുടെ എന്നല്ല ഏതൊരു മനുഷ്യന്റേയും ഭാര്യയ്ക്കു് അങ്ങുകൊല്ലം കൊണ്ടു് മാറാത്തതായ കലശലായ എന്തെങ്കിലും ദീനം പെട്ടുകയോ ഹഠം കൊല്ലം ആയിട്ടും സന്താനോൽപാദനം ഇല്ലാതെ വരികയോ ചെയ്താൽ എന്തായിരിക്കും അയാളുടെ മനസ്ഥിതിയെന്നു് നമുക്കു നല്ലവണ്ണം ആലോചിക്കുവാൻ കഴിയും. ഈ കൊച്ചിരാജ്യത്തുള്ള നമ്പൂതിരിമാർ ഈ രാജ്യത്തുതന്നെ ഭൂമി കൈവശംവെച്ചുകൊണ്ടു് അവരുടെ ക്ഷേമാഭിവൃദ്ധിയെ കാംക്ഷിച്ചു കെട്ടിക്കിടക്കണമെന്നുണ്ടെങ്കിൽ തീച്ചയായും ബ്രിട്ടിഷിന്ധ്യയിൽ പാസാക്കീട്ടുള്ള നിയമത്തിനനുസരിച്ചു് ഇവിടേയും പാസാക്കുന്നതാണു് നല്ലതെന്നു് ഞാൻ പ്രത്യേകം പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ ജോജ്ജു് പാകുഴാമുറി.—ബഹുമാനപ്പെട്ട നെമ്മാറമെമ്പറുടെ പ്രസംഗം കേട്ടപ്പോൾ എനിയ്ക്കും രണ്ടുവാക്കു പറഞ്ഞാൽ കൊള്ളാമെന്നുതോന്നി. ബ്രിട്ടീഷിൽ ഇങ്ങിനെ ഒരു നിയമമുണ്ടു്. കൊച്ചിയിൽ ആ നിയമം ഇല്ലെങ്കിൽ നമ്പൂതിരിമാരെല്ലാം കൊച്ചി വിട്ടു് മലബാറിലേയ്ക്കു പോകുംഎന്നു് അദ്ദേഹം പറയുകയുണ്ടായി. അങ്ങിനെ അവർ പോകുമെന്നു് അദ്ദേഹം വിചാരിച്ചതിന്റെ ഗുരുലഘുത്വം എന്താണെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. കല്യാണം കഴിക്കുവാനായിട്ടു മാത്രം സ്വത്തുക്കളും മറ്റും വേണ്ടെന്നുവച്ചിട്ടു് ബ്രിട്ടീഷിൽ പോകും—പത്തുകൊല്ലംവരെ കുട്ടികളില്ലാതിരിയ്ക്കുന്നപക്ഷം. രണ്ടാമതും ഒരു കല്യാണം കഴിയ്ക്കുവാൻ—അതിനായിട്ടുമാത്രം ഒരു നമ്പൂതിരി കൊച്ചി വിട്ടുകളയുമെന്നു പറയുന്നതു ശരിയല്ല. അതുകൊണ്ടു് ഞാൻ മിസ്റ്റർ ഈച്ചരമേനോൻ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തോടു് അനുകൂലിയ്ക്കുന്നു. ഇപ്പോൾതന്നെ നമ്പൂതിരി സമുദായത്തിൽ ഒന്നിലധികം ഭാര്യമാരെ വച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഈ ഭേദഗതി വന്നാൽ തിച്ചയായുംഅവക്കു് അതിനുതടസ്ഥമുണ്ടാകുവാൻ ഇടയുണ്ടു്. മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

സംഗതികളാണ് ഇവിടെ പറഞ്ഞിട്ടുള്ളതു്. തീരെ നിസ്സാരമായ സംഗതികളാണവ. ഭാര്യയ്ക്ക് അഞ്ചു കൊല്ലത്തേയ്ക്ക മാറാത്ത ദീനം വന്നാൽ ഭർത്താവു വേറെവിവാഹം കഴിയ്ക്കാമെന്നുണ്ടെങ്കിൽ ഭർത്താവിനു എന്തെങ്കിലും ദീനം വന്നാൽ ഭാര്യ ക്ഷമിച്ചിരിക്കണമെന്നോ? കഴിഞ്ഞ കൌൺസിലിൽതന്നെ തെക്കെ ഈഴവ മെമ്പർ ബഡ്ജറ്റ് കൺട്രോളിനെ സംബന്ധിച്ചു് ഒരു പ്രമേയം കൊണ്ടുവരികയുണ്ടായി. അതുപോലെ കാലക്രമത്തിൽ ബഡ്ജറ്റ് കൺട്രോൾ നടപ്പാക്കാനുള്ള ഒരു വഴിയാണിതു്. ഇങ്ങിനെയുള്ള ഒരു രാജ്യത്തു അതു വരുത്തുവാൻ പ്രയാസവുമില്ല. അതുകൊണ്ടു് ഇപ്രകാരം ഒരു നിയമം നടപ്പിലിരുന്നാൽ ബഡ്ജറ്റു കൺട്രോളിന്റെ കാരണവും പറഞ്ഞു് ലംഘിയ്ക്കുവാൻ ഇടയുണ്ടു്". പിന്നെ എന്തെങ്കിലും കാരണം പറഞ്ഞു് ഒട്ടുകാസ്റ്റിൽനിന്നും വിവാഹം നടത്തും എന്നു പറയുന്നതും ശരിയല്ല. അതുകൊണ്ടു് ഈ ബില്ലിൽ നിന്നും ഈ മൂന്നു ഭാഗങ്ങളും എടുത്തു കളഞ്ഞില്ലെങ്കിൽ അതിനെ നിഷ്പ്രയോജനമായ വിധത്തിൽ വ്യാഖ്യാനിച്ചിട്ടെങ്കിലും ഇതിനെ എബ്യൂസു് ചെയ്യുമെന്നു എനിയ്ക്കു പറയുവാനുള്ളൂ.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഇവിടെ ചില 'മാന്യസഹോദരന്മാരുടെപ്രസംഗം കേട്ടപ്പോൾ എനിയ്ക്കും ഒന്നു രണ്ടു വാക്കു പറയുവാൻആഗ്രഹം തോന്നുന്നുണ്ടു്. ബ്രിട്ടീഷ് മലബാറിലെ സിലക്ടുമ്മറി മെമ്പറന്മാരെല്ലാവരും പുരുഷന്മാരായിരുന്നുവെന്നാണു പറഞ്ഞു കേട്ടതു്. ഇവിടേയും ൧൫ പേരിൽ ൧൦ പേരും പുരുഷന്മാരായിരുന്നു. ഒരു സ്ത്രീ മെമ്പറും മോന്നു് ൧൫ പേരാണുണ്ടായിരുന്നതു്. എന്നിട്ടും പുരുഷന്മാരുടെ ആവശ്യത്തിനുമാത്രം നിയമമുണ്ടാക്കിയിരിയ്ക്കുന്നുവെന്നാണു കാണുന്നതു്. അഞ്ചുകൊല്ലം ഭാര്യയ്ക്കു സുഖക്കേടായാൽ രണ്ടാമതു വിവാഹത്തിനനുവദിച്ചില്ലെങ്കിൽ അവർ കാടുകേറുമെന്നു പറയുന്നു. അതു മാത്രമല്ല; ഈ ഏഴുപ്പാട പുരുഷന്മാത്രമേ പാടുള്ളൂ എന്നും വച്ചിട്ടുണ്ടു്. സ്ത്രീയ്ക്കു കാടുകേറാൻ പാടില്ല എന്നു നിയമമുണ്ടോ? എന്നാൽ ഇതുയും നല്ല ഉദ്ദേശത്തോടുകൂടി നമ്മുതിരി സമുദായം നന്നാകണമെന്നോ നമ്മുതിരിസ്ത്രീകളുടെ അധഃപതനത്തിൽനിന്നും അവരെ ഉയർത്തണമെന്നോ കരുതുന്നപക്ഷം മിസ്റ്റർ ഈച്ചരമേനോന്റെ ഉപക്ഷേപത്തെ പിൻതാങ്ങാതെ തരമില്ല. ൧൦ കൊല്ലത്തിനകം പ്രസവിച്ചില്ലെങ്കിൽ വേറെ ഒരു വിവാഹം ആകാമെന്നു പറയുന്നു. ഇടയ്ക്കു രണ്ടോ മൂന്നോ പ്രസവിച്ചിട്ടു് കുട്ടികൾ മരിച്ചുപോയാലെന്തു ചെയ്യും?

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—എന്തുകൊണ്ടു പാടില്ല.

മിസ്റ്റർ എം. കൃഷ്ണമേനോൻ.—അപ്പോൾ കുട്ടികൾ വേണമെന്നല്ല ഉദ്ദേശം. പത്തുകൊല്ലം കഴിഞ്ഞാൽ ഒന്നുമാറണം. അതു് എല്ലാവർക്കും മോഹമുള്ളതായിരിയ്ക്കും. അതുകൊണ്ടു് ഇങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

ഒരവസരം നമ്പൂതിരി സമുദായത്തിനു കൊടുക്കുവാൻ പാടില്ലെന്നു് ഞാൻ താഴ്മയായി പറഞ്ഞുകൊള്ളുന്നു. അല്ലാത്തപക്ഷം പണത്തിനു ബുദ്ധിമുട്ടുവരുമ്പോഴോ, മറെറന്തെങ്കിലും കാരണം പറഞ്ഞോ അഞ്ചാം കൊല്ലത്തിലോ പത്താംകൊല്ലത്തിലോ നിശ്ചയമായും അവരൊന്നുമാവും. ആ മനസ്ഥിതി ഇരിക്കുമ്പോൾ ഇങ്ങിനെ ഒരു നിശ്ചയം അനുവദിപ്പാൻ പാടില്ല. മാറവരേയും കൂടി ബാധിയ്ക്കുമെന്നു വച്ചുകഴിഞ്ഞാൽ ഇതു ചേത്താലും വിരോധമില്ല. അതുകൊണ്ടു് മിസ്റ്റർ ഈച്ചരമേനോന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഒരു പുരുഷൻ മൂന്നോ നാലോ സ്ത്രീകളെ കല്യാണംകഴിയ്ക്കുന്നതു നല്ലതാണെന്നുള്ള ഒരഭിപ്രായം ഈ ബില്ലിലുണ്ടായിരുന്നാൽക്കൂടിയും ഈ ഭേദഗതികൊണ്ടു് ഉപകാരമില്ലെന്നാണു് എനിയ്ക്കു തോന്നുന്നതു്. ഇന്നാലെ നാം കണ്ട പ്രഹസനത്തിൽതന്നെ രണ്ടോ മൂന്നോ വിവാഹംകഴിച്ച ഒരു പുരുഷൻ ആ സ്ത്രീകളെക്കാളധികം ബുദ്ധിമുട്ടനുഭവിയ്ക്കുന്നതായിട്ടാണു കണ്ടതു്. ആയതുകൊണ്ടു് ഒരു പുരുഷനു് ഒരു സ്ത്രീ വീതം ആയാൽ—എല്ലാവർക്കും വിവാഹംകഴിയ്ക്കാമെന്നുവന്നാൽ—രണ്ടോ മൂന്നോ വിവാഹംകഴിയ്ക്കാൻ അവർക്കു സമ്മതമുണ്ടായിരിയ്ക്കയില്ല. ഇപ്പോൾ ഞങ്ങളുടെയിടയിൽതന്നെ രണ്ടോ മൂന്നോ നാലോ വിവാഹത്തിനു് നിയമതടസ്ഥമില്ല. എന്നാലുകിലും ആയിരംപേരിൽ ഒരാൾമാത്രമേ രണ്ടാമതു വിവാഹംചെയ്യുന്നതായി കാണുന്നുള്ളു. സന്തതികൾക്കായിട്ടോ ആദ്യഭാര്യയുടെ സമ്മതത്തോടുകൂടിയോ അല്ലാതെ ഒന്നിലധികം വിവാഹംചെയ്യുന്ന ബ്രാഹ്മണരെ കാണുകയില്ല. ഈ ബിൽ പാസാക്കികിട്ടുന്നതിനു് ഇതുംകൂടി ഒരു തടസ്ഥമായിതീർന്നേയ്ക്കാം. അതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

മിസ്റ്റർ ടി. കെ. നായർ.—ഈ ഭേദഗതിയെപ്പററി ഇനി അധികമായി സംസാരിയ്ക്കുവാൻ ഒന്നുമില്ലെങ്കിലും നമ്പൂതിരി സമുദായത്തെ മാത്രം ബാധകമാക്കേണ്ടതാണെന്നുള്ള ഒരു വകുപ്പു് വച്ചുകൊണ്ടു് ഈ ബിൽ ഈ നിയമസഭയിൽ പാസാക്കുന്ന കാര്യത്തിൽ എന്റെ മനസ്സിനു് അല്പം സംശയം തോന്നുന്നുണ്ടു്. ഇതിനെപ്പററി രണ്ടുവാക്കു പറയാം. ഈ ഭേദഗതിയുടെ അവതാരകൻ ബില്ലു പാസാക്കുകയില്ലെന്നുള്ള സംശയത്തിന്മേൽ ഇതു പിൻവലിക്കുവാൻ ഉദ്ദേശമുണ്ടോ എന്നു ഞാൻ സംശയിയ്ക്കുന്നു. ഈ സഭ ഒരു ബിൽ പാസാക്കുന്ന അവസരത്തിൽ മഹാരാജാവു തിരുമനസ്സിലെ അനുമതി ഉണ്ടാകുമോ എന്നു തീരുമാനിച്ചിട്ടു് അതനുസരണമായി പാസാക്കുകയാണു വേണ്ടതു്. നമുക്കുവേണ്ടതു് എന്തെങ്കിലും പാസാക്കുക, തിരുമനസ്സിലെയുക്തംപോലെചെയ്തുകൊള്ളട്ടെ എന്നു വിചാരിയ്ക്കുന്നതിനേക്കാൾ കഴിയുന്നതും ശ

LIBRARY ARCHIVES Kerala Legislative Assembly

രിയായിട്ട പോകണമെന്നാണ് എന്റെ സ്വന്ത അഭിപ്രായം. ഇതിലേയ്ക്ക പ്രത്യേകിച്ച നിയമിച്ചിട്ടുള്ള ലേഡിമെമ്പർ പറഞ്ഞിട്ടുള്ള മറുപടി എനിയ്ക്ക ലേശവും ന്യായമായിട്ടതോന്നുന്നില്ല. അത് അവരുടെ ചുമതല തീർത്തതായിട്ടുമാത്രമേ ഞാൻ വിചാരിയ്ക്കുന്നുള്ളു. ഈ ബില്ല പാസായി എന്നതന്നെ വിചാരിയ്ക്കുക. അപ്പോൾ അവർ വിചാരിയ്ക്കുന്നമാതിരി ഭോഗമെന്നുള്ളത സാധിയ്ക്കുമെന്ന തീച്ചയാണ്. അങ്ങിനെഭോഗംചെയ്ത ആൾ അഞ്ചു വിവാഹംചെയ്തിരുന്നാലോ? പരമാർത്ഥത്തിൽ ഈ നമ്മുടെ രാജ്യത്തിൽപാസാക്കുന്ന സംഗതിയിൽ ഇത്ര അപകടമായിട്ട വേറെയൊന്നുമില്ല. സ്ത്രീകൾക്ക കൂടുതൽ നരകത്തിനും കൂടി സംഗതിയാകും. അതുംപോയിട്ട് ഭോഗവുംകൂടി മതിയെന്നാണ് അവർ പറയുന്നത്. ആ സ്ഥിതിയ്ക്ക് അവർ ഇതിനെ അനുകൂലിയ്ക്കാതെതന്നെ അവക്ക് ഉദ്ദേശിക്കുന്നകാര്യം സാദ്ധ്യമാണ്. പിന്നെ ഭാര്യയ്ക്ക് അഞ്ചുകൊല്ലത്തിലധികം കാലം മാറാത്ത രോഗമുണ്ടായിരിയ്ക്കുക എന്നുള്ള കാര്യത്തിൽ ഇരിങ്ങാലക്കുടമെമ്പർ പറഞ്ഞതുപോലെ ഭാര്യ സുക്കേടായാൽ ഭർത്താവിനു വേറെ വിവാഹം കഴിയ്ക്കാമെങ്കിൽ ഭാര്യക്കും അതുപോലെ ആകാമെന്ന വയ്ക്കണം. അക്കാര്യത്തിൽ ഇരുകൂട്ടർക്കും സമമായ നില വരുത്തണം. ഒരു വിവാഹത്തിനുശേഷം മെഡിയ്ക്കൽ സർട്ടിഫിക്കേറോടുകൂടി ഭർത്താവ് രോഗിയാണെന്ന തെളിയിച്ചാൽ വേറൊരു ഭർത്താവിനെ സ്വീകരിയ്ക്കുവാനുള്ള അനുവാദം അവർക്കും കൊടുക്കണം.

പിന്നെ ഭ്രഷ്ട് എന്നുള്ളതിനെപറ്റി പറഞ്ഞു. അതെല്ലാം ഇപ്പോൾ പോയികഴിഞ്ഞു. ഇതിനൊക്കെ കാരണം മനുസ്മൃതിയാണെന്ന പറയുകയുണ്ടായി. മനു ആരാണ്? മനു ആണായിരിയ്ക്കുമെന്നാണ് എനിയ്ക്കുതോന്നുന്നത്. അപ്രകാരം മനു ആണാണെങ്കിൽ തീച്ചയായും ആണുങ്ങളുണ്ടാക്കിയതു പെണ്ണുങ്ങളെ ഉപദ്രവിയ്ക്കുവാനാണ്. സ്വാർത്ഥമെന്നുള്ളത പുരുഷന്മാർക്ക് സ്വതേയുള്ളതാണ്.

സ്ത്രീകളെ നിയമ സഭയിൽ മെമ്പർമാരാക്കി അവർ വന്നിരുന്ന നിയമമുണ്ടാക്കുകയാണെങ്കിൽ അവക്ക ഗർഭം ധരിയ്ക്കുവാൻ വയ്യ എന്ന പറഞ്ഞാൽ പുരുഷന്മാർ ഗർഭം ധരിയ്ക്കേണ്ടതായിവരും. അടുക്കള ജോലി എടുക്കേണ്ടതായും വരും.

ഇതെല്ലാം പുരുഷന്മാർക്കുള്ള സ്വാതന്ത്ര്യംകൊണ്ട നടത്തുന്ന കാര്യങ്ങളാണ്. അതുപോലെയുള്ള സ്വാതന്ത്ര്യം സ്ത്രീകളും അനുഭവിയ്ക്കുന്നതു ന്യായമായിട്ടുള്ളതല്ലേ?

ചുരുക്കത്തിൽ ഞാൻ പറയുന്നത് നിങ്ങൾ എന്തുന്യായംപറഞ്ഞാലും അതൊന്നും വിശ്വസിയ്ക്കയില്ല. ഈ ഒരു വകുപ്പ് ആസ്ഥാനത്തില്ലാതെവന്നാൽ പക്ഷെ മുഴുവനും തള്ളിക്കളയാനും മതി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഒരാൾ പറഞ്ഞാൽ അതുമാത്രം കേൾക്കുന്നതുകൊണ്ടല്ല.

മിസ്റ്റർ ടി. കെ. നായർ.—ഇതു കേട്ടപ്പോൾതന്നെ അവതാരകൻ കുറച്ചുകൂടി പുണ്യവാനു. പ്രസംഗവും സ്വാതന്ത്ര്യവും രണ്ടുംകൂടി പാടില്ല. ഏതിനും സ്വാതന്ത്ര്യമേ കാണുന്നുള്ളു. പുരുഷന്മാരെപോലെ സ്ത്രീകൾക്കുംകൂടി ഇതനുമതി നൽകുവാൻ എന്താണു വിരോധം?

ഇന്നലെ പ്രഭാതത്തിൽ കണ്ട കാഴ്ചയെപ്പറ്റി സംസാരിച്ചു. ഓരോ സുഖക്കേടുസമയത്തും ഓരോ വേളികഴിച്ചു് മൂന്നു വേളിയായി. ഒന്നാമത്തെ വേളിയ്ക്കു സുഖക്കേടായപ്പോൾ രണ്ടാമത്തെവേളികഴിച്ചു. രണ്ടാമത്തെ വേളിയ്ക്കും സുഖക്കേടായപ്പോൾ മൂന്നാമതൊന്നിനെ കൊണ്ടുവന്നു. അപ്പോൾ ആദ്യത്തേതു പഴയസ്ഥിതിയിലായി. സുഖക്കേടില്ലാത്ത ആ സ്ത്രീയ്ക്കു നരകവുമായി.

ഈവക സ്വാതന്ത്ര്യങ്ങളോടുകൂടി ഇതു പാസാക്കുന്നകാര്യത്തിൽ എനിയ്ക്കു സമ്മതമല്ല. സംഗതിവശാൽ ഇങ്ങിനെയൊരുഭേദഗതി കൊണ്ടുവന്നതായാൽ അതു പിൻവലിച്ചു് ഈ വകുപ്പു് പാസാക്കയാണെങ്കിൽ ഈ നിയമസഭ മുൻപാകെ നടന്ന വിവരങ്ങൾകൂടി രേഖയായി അറിയിച്ചിട്ടു് അവരുടെ കാര്യത്തിലും കൂടി ഒരു ഭേദഗതി വരുത്തി. അനുമതി വാങ്ങിയാൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

Dr. A. R. Menon.—Sir, in rising to oppose this amendment I am anxious to state the reason why I am taking a retrograde step on the unpopular side of this question. It is all very well say that this is an ideal thing to be followed. But people who feel the public forces must also consider the question of expediency. I was one of those in the old Nambudiri Bill who persistently and consistently represented the view points of the Nambudiri ladies and I am sure nobody would attribute any motive for my action. Now when I oppose this amendment—and it is only essential that I take this step,—an explanation is due to this House.

The bill that was presented to this House some years ago was a very moderate one compared to what it is to-day. Nobody then dreamed that such a Bill passed by this House would have been vetoed by His Highness the Maharaja. The bill was vetoed on that occasion and as we predicted then, the consequence, the inevitable consequence followed and a bill of far more revolutionary character was introduced in this House. If by chance this bill is also rejected, a much more revolutionary measure will be introduced. Therefore it is to our interests, it is to the interests of the Nambudiri community whose interest alone should weigh with us, whatever may be our personal opinion.

LIBRARY ARCHIVES Kerala Legislative Assembly

The only thing that should guide our foot-steps in these matters is the interests of the Nambudiri Community as represented by no less a person than the cultured lady sitting here. No one should think that she would come and accept these restrictions unless there are valid reasons. As a matter of fact I remember that a meeting was held to press these view points, saying that in case a lady who is unwell for a number of years is liable to be dismissed, the same law must be made applicable to the case of man also. In many cases the responsibility of want of issue may be placed to the male rather than the female. We all understand how illogical this position is. I personally cannot oppose this amendment on logical grounds, but as I said we cannot always be guided by logical sentiments alone. We must be guided by expediency. There are two similar bills passed, one in Travancore and the other in British India. More or less we are simply taking a copy of the bill that was presented in those two Councils. Two responsible Governments one an Indian Government and the other the British Government have accepted this bill and it is our duty to accept this bill here. Suppose you make a modification. On that ground alone this bill may be rejected. Some Hon'ble Member said here that it was only a vague fear. I say that it was on account of only one clause that the last bill was rejected. Unfortunately there is no law here corresponding to that of British India by which the Government may send back the bill for such and such alteration. The only alternative that lies to the Government is to accept the bill or reject it as a whole. There are forces working behind the screen and if you give them a chance to set aside the bill you may be rest assured, you will be sorry for it. You will be sorry to know that the passing of this amendment was the cause for the loss of the bill. Are you going to prolong the miseries of the Nambudiri women by thoughtlessly supporting this amendment? However reasonable the amendment may be it is for this House to consider above all the expediency of the measure, and in that consideration let you be guided by the conjoined opinion of the Nambudiri women, as represented by this lady who has come here to render such help to the Nambudiri representatives in this House, so that there may be an easy passage of this bill in this House. For the reasons stated above, I am against the passing of this amendment.

മിസ്റ്റർ കെ. ടി. മാത്യു.—ഈ വിഷയത്തെപ്പറ്റി ഒന്നാംതന്നെ സംസാരിക്കണ്ട എന്നാണ് വിചാരിച്ചിരുന്നത്. എന്നാൽ ഇതിനെ കുറിച്ച് ചെറുതായി മെംബർ ചെയ്ത പ്രസംഗം കേട്ടപ്പോൾ രണ്ടുവാക്ക് പറയാതെ നിവൃത്തിയില്ല എന്നു വന്നിരിക്കുന്നു. എസ്റ്റ്പിഡിയൻസി നോക്കിയായിരിക്കണമെന്ന് അ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരുവെങ്ങാ റീസൺ' മാറ്റിവെയ്ക്കണമെന്നാണ് അഭിപ്രായം പറയുന്നത്". ഓരോരുത്തരുടേയും സ്വന്തം അഭിപ്രായങ്ങൾ പറഞ്ഞ് ഗവൺമെണ്ടിനേയും മഹാരാജാവു തിരുമനസ്സിനേയും മനസ്സിലാക്കി തുടർന്നുള്ള കാര്യങ്ങൾ നടത്തുവാനാണ് നാം ഇവിടെ വന്നിരിയ്ക്കുന്നത്". നമുക്ക് തോന്നുന്ന ന്യായമായ കാര്യങ്ങളെ ഗവൺമെണ്ടിനെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം. ഗവൺമെണ്ട് അവ തള്ളിക്കളഞ്ഞാൽ ഗവൺമെണ്ടിനോതന്നെയാണ് അതിന്റെ ഉത്തരവാദിത്വം. കുറച്ചുമുമ്പ് ഇതിനേക്കാൾ മുമ്പായി നിലയിലുള്ള ഒരു ബില്ല് അനുമതി നൽകാതെ തള്ളിക്കളയുകയുണ്ടായി. അതിനേക്കാൾ കൂടുതലായ രീതിയിലുള്ള ഒരു ബില്ലാണ് ഇപ്പോൾ പാസാക്കാവുന്ന നിലയിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇതും നിയമസഭ പാസാക്കിയതിനു ശേഷം ഗവൺമെണ്ട് തള്ളിക്കളഞ്ഞാൽ അതിനുള്ള ഉത്തരവാദിത്വവും ഗവൺമെണ്ടിനുതന്നെ. ന്യായമായി നമുക്ക് പറയുവാനുള്ളതു പറയുക. അതു ഗവൺമെണ്ട് സ്വീകരിക്കുന്നുവെങ്കിൽ സ്വീകരിക്കട്ടെ എന്നു മാത്രമേ എനിയ്ക്കു അഭിപ്രായമുള്ളൂ.

ഇതിനുമുമ്പ് ഈ നിയമസഭയിൽ ഇവിടെയിരുന്ന് ബില്ലിനെ അനുകൂലിച്ചവരും പ്രതികൂലിച്ചവരും പലതും അഭിപ്രായങ്ങൾ പറയുകയും, ഒടുവിൽ ഗവൺമെണ്ടിന്റെ മീഡിയേറ്റർ അഭിപ്രായപ്രകാരം പല ഭേദഗതികളും ചേർത്തുവരികയുമുണ്ടായി. എന്നിട്ടും എന്താണ് ഫലം? ബില്ലിനു ഇപ്പോഴും അനുമതി സിദ്ധമായിട്ടില്ല. ഇതിൽ നിന്നും പഠിക്കാനുള്ളത് നീതിയും ന്യായവും നോക്കി വേണ്ടതു ചെയ്യണമെന്നാണ്, കണ്ണടച്ചു നോക്കിയാൽ ഇരുട്ടിനുവേണ്ടുള്ള സ്ഥലമാണോ നിയമസഭ?

മിസ്റ്റർ ജോസഫ് പൊട്ട.—സിവിൽ കമ്മിറ്റി നടപ്പാക്കിലെ സംഗതികളെ സംബന്ധിച്ച് ഒരു അഭിപ്രായം എടുക്കുവാൻ എനിക്കു ഇടവന്നിട്ടുണ്ട്. നമ്പൂതിരി ബില്ലിനെ സംബന്ധിച്ചിടത്തോളം പ്രധാനമായ രണ്ടു സംഗതികളാണ് ഞാൻ ധരിച്ചിട്ടുള്ളത്. ക. സ്വത്തിനെ സംബന്ധിച്ചുള്ള രാജാ, ര. വിവാഹ സംഗതിയിൽ സമുദായക്കാർ അനുവർത്തിച്ചു വരുന്ന ദുരാചാരങ്ങൾ തുടങ്ങിയുള്ള നിവാരണമാർഗ്ഗങ്ങളും. ഈ രണ്ടു പ്രധാനസംഗതികളിൽ ഒരു സംഗതി ഇതിനെന്നു എടുത്തു പറഞ്ഞിരിക്കുന്നുണ്ട്" രണ്ടാമത്തെതായി അബലകളെ സഹായിക്കുന്ന കാര്യത്തിൽ ഈ ബില്ല് യാതൊരു തരത്തിലുള്ള നിവാരണങ്ങൾക്കും ഇടവരുത്തുന്നില്ലെന്നുള്ളതിനെ സംബന്ധിച്ച് ഞാൻ ഡിസന്റിംഗ് മിനുട്ടിൽ രേഖപ്പെടുത്തിട്ടുണ്ട്. ഈ താമെൻറമെൻറ പ്രകാരമുള്ള വ്യവസ്ഥ ബില്ലിൽ ചേർത്താൽ ഇതു് സ്വീകരിക്കപ്പെടാതെ പോകുമെന്നു മിക്കവർ ഭയപ്പെടുന്നതെന്തുകൊണ്ടാണ് എന്നാണ് പറയുന്നത്. നിങ്ങൾക്കു് ഇതു് ഇത്രത്തോളം മുടക്കമുണ്ടാക്കുമായി തീർന്നിട്ടുള്ളതിന്റെ കാരണമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. പഴയ ബില്ലി

ലുണ്ടായിരുന്ന ചില വ്യവസ്ഥകൾ മഹാരാജാവു തിരുമനസ്സിനു വിരോധം വരുത്തക്കതായിരുന്നു എന്നു പറയുകയുണ്ടായി. അതു് ശരിയെന്നു സമ്മതിക്കാം. എന്നാൽ നമ്പൂതിരിമാർ ഒന്നിലധികം വിവാഹം ചെയ്യുന്ന കാര്യത്തിൽ നിങ്ങൾ നിയമപ്രകാരം തടയുന്നതു് മഹാരാജാവു തിരുമനസ്സിനോ, അവിടത്തെ ഗവർമ്മെണ്ടിനോ അതൃപ്തികരമായിതീരുമെന്നു കരുതുവാനവകാശമില്ല. ബ്രിട്ടീഷ് മലബാറിലെ ചില സംഗതികളെ പറ്റിയും ഇവിടെ പറയുകയുണ്ടായി. എന്നാൽ വസ്തു സംബന്ധിച്ചുള്ള ഇടപാടുകളിലാണ് നമ്മുടെ ബില്ലിൽ കുറെ തെറ്റുണ്ടായിരുന്നതെങ്കിൽ അതു ന്യായത്തിനു കുറച്ചുകൂടി ബലമുണ്ടായിരുന്നേനെ. എന്നാൽ വിവാഹസംബന്ധമായ കാര്യത്തിൽ, ഒരു മെംബർ പറഞ്ഞതുപോലെ ഇവിടെയുള്ള വസ്തുക്കളെല്ലാം വിറ്റുകളഞ്ഞിട്ട് കാടുകയറുന്ന ഏർപ്പാടു് മര്യാദക്കാരാരും ചെയ്യുമെന്നു് എനിക്കു തോന്നുന്നില്ല. വല്ലവരും അങ്ങിനെ ചെയ്യുമെന്നുവച്ചു് ഇതു പാടില്ലെന്നു പറയുന്നതു യുക്തിക്കു ശരിയാണെന്നും എനിക്കു തോന്നുന്നില്ല. ഇതിൽ മറ്റുള്ളവർ പറയുന്നതിനെ അല്ല നാം നോക്കേണ്ടതു്. നമ്പൂതിരിമാരുടെ ഭൂരിപക്ഷമുള്ള അഭിപ്രായം എങ്ങിനെയിരിക്കുന്നു എന്നു നോക്കി അവരുടെ സമുദായരക്ഷക്കാവശ്യമുള്ള ഒരു ബിൽ നിയമമാക്കുകയാണു വേണ്ടതു". അവരിൽ അധികം പേരും അധിവേതനം പാടില്ല എന്നാണു" അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഈ സംഗതിയെ സംബന്ധിച്ചു് സിലക്ട് കമ്മിറ്റിയിൽ മൊഴി കൊടുപ്പാൻ വന്നിട്ടുള്ള സാക്ഷികളോടു് തിരിച്ചും മറിച്ചും ചോദിക്കുകയുണ്ടായി. അവരിൽ അധികംപേരും അധിവേതനത്തിനു അനുകൂലികളായിരുന്നില്ല. എന്റേയും പ്രധാനമായുള്ള അഭിപ്രായം അതുതന്നെയാണു". ഏതെല്ലാം കാരണങ്ങൾ ഉണ്ടായിരുന്നാൽ തന്നെയും ഒരു പുരുഷനു് ഒരു വിവാഹം മാത്രമേ പാടുള്ളൂ.

ചിലർ വിവാഹ സ്വാതന്ത്ര്യം പുരുഷന്മാർക്കുള്ളതുപോലെ സ്ത്രീകൾക്കും കൊടുത്താൽ ഞങ്ങൾ സമ്മതിക്കാം എന്നഭിപ്രായപ്പെടുകയുണ്ടായി. ആ കാര്യത്തിലും പുരുഷന്മാർക്കുള്ള അവകാശങ്ങൾ സ്ത്രീകൾക്കു പാടില്ലെന്നാണു" മൊഴികൊടുത്തിട്ടുള്ള സ്ത്രീകളിൽ അധികം പേരും അഭിപ്രായപ്പെട്ടിട്ടുള്ളതു". സ്ത്രീപുരുഷന്മാരുൾപ്പടെ നമ്പൂതിരിസമുദായത്തിലെ മുക്കാൽ ഭാഗം ആളുകളുടേയും അഭിപ്രായം ഇങ്ങിനെതന്നെയാണു". നമ്പൂതിരിസമുദായത്തിന്റെ കാര്യത്തിൽ അവരുടെ അഭിപ്രായമാണു് നമുക്കു സ്വീകാര്യമായിട്ടുള്ളതു" അല്ലാതെ എക്സ്പീഡിയൻസി മാത്രം വച്ചുകൊണ്ടു് അഭിപ്രായംപറയുന്നതു ശരിയെ തെറ്റാണു". നമ്പൂതിരിസമുദായത്തിനു് ഇന്നതരത്തിലുള്ള ആവശ്യങ്ങളാണു് വേണ്ടതെന്നു തെളിഞ്ഞുകഴിഞ്ഞാൽ അതു് ഒരിയ്ക്കലും അധികാരസ്ഥാനത്തു

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കാതിരിക്കയില്ല. നമ്പൂതിരിസമുദായത്തിനു് ഇണങ്ങാത്തിന വേണ്ടിയുള്ള മാറ്റങ്ങൾ ബില്ലിൽ വരുത്തുന്നതുകൊണ്ടു് അതുകൊണ്ടു് അതുകൊണ്ടു് അ

ന ചക്രവത്തി അതിനൊരു ദൃഷ്ടാന്തമാണെന്നും ഇവിടെ ഒരു ബഹുമാനപ്പെട്ട സാമാജികൻ പ്രസ്ഥാവിക്കുകയുണ്ടായി. ആപ്രസ്ഥാവന ശരിയല്ല. മതസിദ്ധാന്തത്തിനു് വിരോധമായിട്ടാണു് നെപ്പോളിയൻ രണ്ടാം വിവാഹം ചെയ്തതു്. കൃസ്ത്യാനികൾക്കു ഒരേ സമയത്തു് ഒന്നിലധികം ഭാര്യമാർ ഉണ്ടാവാൻ അവരുടെ മതപ്രമാണം അവരെ അനുവദിയ്ക്കുന്നില്ല. പുരുഷന്മാർ നിയമനിർമ്മാണം ചെയ്യുമ്പോൾ സ്ത്രീകളുടെ കാര്യം കേവലം വിസ്മരിച്ചുകളയുന്നതായിട്ടാണു കാണുന്നതു്. സാമുദായിക നിയമങ്ങളിൽ പോലും അന്യായമായ ഈ അവസ്ഥ ധാരാളം കാണുന്നുണ്ടു്. മനുഷ്യർ ചിത്രമെഴുതുന്ന സംഗതിയെപ്പറ്റി ഒരു വിദ്വാൻ പറഞ്ഞിട്ടുള്ളതു് ഈ സന്ദർഭത്തിൽ എനിക്കു ഓർമ്മ വരുന്നു. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള പോരാട്ടത്തിൽ എപ്പോഴും മനുഷ്യർ വിജയികളാകുന്നതായിട്ടാണല്ലൊ മനുഷ്യർഎഴുതിയ ചിത്രങ്ങളിൽകാണുന്നതു്. മൃഗങ്ങളായിരുന്നു ചിത്രമെഴുതിയിരുന്നതെങ്കിൽ പോരാട്ടത്തിന്റെ ഫലം നേരെ മറിച്ചാകുമായിരുന്നു എന്നാണു് ആവിദ്വാൻ പറഞ്ഞതു്. പൂർവ്വകാലങ്ങളിൽ നിയമനിർമ്മാതാക്കൾ പുരുഷന്മാർ ആയിരുന്നതു കൊണ്ടാണു് മേൽപറഞ്ഞ കഥപോലെ നിയമസംഹിതകളിലും സ്മൃതികളിലും സ്ത്രീസ്വാതന്ത്ര്യത്തിനു് ഹാനികരങ്ങളായ പല വ്യവസ്ഥകളും ഉണ്ടാകാനിടവന്നതു് ഈ ശോചാവസ്ഥ മാറേണ്ട കാലം വൈകിയിരിക്കുന്നു. സാമുദായിക നിയമങ്ങൾ ഏർപ്പെടുത്തുമ്പോൾ സ്ത്രീകളുടെ സ്വാതന്ത്ര്യസംരക്ഷണത്തിനും സുഖസൌകര്യങ്ങൾക്കും ആവശ്യമായ കാര്യങ്ങളെ കൂടി നാം ചിന്തിക്കേണ്ടതാണു്. ഈ നിലയിൽ നിന്നും ആലോചിച്ചാൽ ദ്വിഭാര്യാത്വം അഥവാ അധിവേദനം നമ്പൂതിരി സമുദായത്തിൽ നിന്നു ബഹിഷ്കരിക്കേണ്ടതു് അത്യാവശ്യമാണു്. അധിവേദനം നിമിത്തം അന്തർജ്ജനങ്ങൾ അനുഭവിയ്ക്കുന്ന ദുരിതങ്ങളെ കുറിച്ചു് അറിയാവുന്നവർ ആരും മറിച്ചുപറയുകയില്ലെന്നു് എനിക്കു നല്ല ധൈര്യമുണ്ടു്.

യഥാർത്ഥാവസ്ഥ ഇങ്ങിനെയെല്ലാമാണെങ്കിലും ഈ ബില്ലിനു് ഗവർമ്മെണ്ടു് അംഗീകരണം ലഭിക്കാൻ മിസ്റ്റർ. ഈച്ചരമേനോവന്റെ ഭേദഗതിപ്രമേയം ഒരു തടസ്ഥമായി തീരുമെന്നുണ്ടെങ്കിൽ ഈ സഭ പ്രസ്തുത ഭേദഗതിയെ സ്വീകരിക്കാതിരിക്കുകയാണു നല്ലതു്. (ഹീയർ, ഹീയർ) നമ്മുടെ ആലോചനയ്ക്കു വിഷയമായ നമ്പൂതിരി ബില്ലിൽ, നമ്പൂതിരി സമുദായ പരിഷ്കരണത്തിനു് ഉപയുക്തങ്ങളായ പല നല്ല വ്യവസ്ഥകളുമുണ്ടു്. ഈ ഭേദഗതിപ്രമേയം അംഗീകരിച്ചതു നിമിത്തം അവയെല്ലാം നടപ്പിലാകാനിടയായില്ലെന്നു വരുന്നതു വലിയ കഷ്ടമല്ലേ? നമ്പൂതിരിമാർക്കു് അനേകം ദുർഘടങ്ങളെ തരണം ചെയ്തു പുരോഗമനം സാധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സമുദായ പരിഷ്കരണത്തിനു വേണ്ടി ആ സമുദായത്തിൽ പെട്ട യുവാക്കന്മാരും ഉല്പതിഷ്ണുക്കളായ കാര

LIBRARY ARCHIVES Kerala Legislative Assembly

ണവന്മാരും വളരെ പ്രശംസാർഹമായ പ്രയത്നങ്ങൾ ചെയ്യുന്നുണ്ട്. കാലോചിതങ്ങളല്ലാത്ത കീഴാചാരങ്ങളുടെ കൈത നമ്പിത്തം യാഥാസ്ഥിതികന്മാരിൽ നിന്നു്, പരിഷ്കാരേച്ഛുക്കളും സമുദായം ഒട്ടാകെയും അനുഭവിയ്ക്കുന്ന സങ്കടങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ നമ്പൂതിരിബില്ലുപോലെയുള്ള സമുദായ പരിഷ്കരണ ശ്രമങ്ങളെ സഹായിയ്ക്കാതിരിയ്ക്കാൻ സമസ്യഷ്ടി സ്നേഹമുള്ള യാതൊരു മനുഷ്യനും സാധിയ്ക്കുകയില്ല. അതിനാൽ നമ്മുടെ പ്രധാനോദ്ദേശം സമുദായത്തിനു് ഗുണകരമായിട്ടുള്ള ഈ ബില്ലിനു് ഏതുപ്രകാരത്തിലെങ്കിലും ഗവമ്മെണ്ടിന്റെ അംഗീകരണം സിദ്ധിച്ചു നമ്പൂതിരിമാരുടെ അവശതകൾ അചിരേണ കുറയെങ്കിലും പരിഹരിക്കപ്പെടണമെന്നുള്ളതായിരിക്കണം. മിസ്റ്റർ. ഈച്ചരമേനോൻ ഇവിടെ ഹാജരാക്കിയിട്ടുള്ള ഭേദഗതിയെ നാം സ്വീകരിച്ചാൽ നമ്പൂതിരി ബിൽ തരസ്കൃതമായേക്കുമെന്നാണു് ഈ സഭയിലുള്ള നമ്പൂതിരി സമുദായ പ്രതിനിധികൾ പറയുന്നതെങ്കിൽ ഭേദഗതിയെ നാം അനുകൂലിക്കുന്നതെന്നാണു് എന്റെ അഭിപ്രായം. ഭേദഗതിയിലടങ്ങിയിരിക്കുന്ന തത്വത്തെ ഞാൻ ഹൃദയപൂർവ്വം കൊണ്ടാടുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതു് അംഗീകരിക്കപ്പെട്ടാൽ ബിൽ നിയമമാകാൻ അതൊരു തടസ്ഥമായിത്തീരുമോ ഇല്ലയോ എന്നുള്ള വിഷയത്തിൽ നമ്പൂതിരിമാരായ ബഹുമാനപ്പെട്ട സാമാജികന്മാരുടെ അഭിപ്രായം എന്താണെന്നു് അറിയുന്നതു വരെ തീർച്ചയായുമൊരു നിലയെ അവലംബിക്കാൻ ഞാൻ നിശ്ചയിച്ചിട്ടില്ല.

Deputy President.—Government may express their opinion on the matter.

Mr. K. Achyuta Menon.—Government do not propose to vote on this legislation. We do not intervene in the discussion also. Government do notdesire to commit themselves to any opinion at this stage upon this important piece of legislation.

Dr. A. R. Menon.—What is your opinion whether Government can express any opinion on this bill?

Deputy President.—Then there is no use of any speech if they do not wish to intervene in the discussion.

Dr. A. R. Menon.—Sir, I put a question whether Government is capable of having any view on this matter. I request an answer to that question.

Mr. K. Achyuta Menon.—If the President allows me to speak I shall speak.

Deputy President.—No, not necessary.

മിസ്റ്റർ എം. കെ. രാമൻ—ഇത്ര വളരെ മാന്യ മെമ്പർമാർ ഈ വിഷയത്തെ പറ്റി സംസാരിച്ചതിനു ശേഷം ഞാൻ ഇതിനെ കുറിച്ചു സംസാരിയ്ക്കേണ്ട ആവശ്യമില്ല. ഞാനും ഇവിടെയുള്ള അനുദ്യോഗസ്ഥ മെമ്പർമാരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഞങ്ങളുടെ ഭൂരിപക്ഷാഭിപ്രായം ഇന്നതാണെന്നു ഗവണ്മെ ണ്ടിനേയും മറ്റുള്ളവരേയും ധരിപ്പിയ്ക്കേണ്ട ആവശ്യത്തിനാണ് ഞാൻ സംസാരിയ്ക്കുന്നതു്. മിസ്റ്റർ. ഈച്ചരമേനോന്റെ ഭേദഗതിയെ എതിർക്കുവാനുള്ള ന്യായങ്ങൾ ഇവിടെ ആരും പറഞ്ഞു കാണുന്നില്ല. എനിയ്ക്കു് അദ്ദേഹത്തിന്റെ ഭേദഗതിയെ അനുകൂലിയ്ക്കുവാനേ നിവൃത്തിയുള്ളു. വാസ്തവത്തിൽ എതിർക്കുവാൻ ന്യായം യാതൊന്നുമില്ല. അതിനെപ്പറ്റി വീണ്ടും മാന്യമെമ്പർമാർ പറഞ്ഞിട്ടുള്ള സംഗതികളെ ചവ്വിതചവ്വണം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല

പുരുഷനു് കൊടുത്തിട്ടുള്ള ഈ സ്വാതന്ത്ര്യം പോലെ സ്ത്രീക്കു യാതൊന്നും കരുതിക്കാണുന്നില്ല. സ്ത്രീകൾക്കു് ഒരു വിധത്തിലും അവരുടെ കഷ്ടപ്പാടുകളിൽ നിന്നും മോചനം പാടില്ല, പുരുഷന്മാർക്കു മാത്രം എന്തുമാകാമെന്നുള്ള അവരുടെ സ്വാർത്ഥത്തിനു വേണ്ടിയുണ്ടാക്കീട്ടുള്ള മൂന്നു ഉപവകുപ്പുകളാണു് ഇവ എന്നു മാത്രമേ എനിയ്ക്കു തോന്നുന്നുള്ളു. ആ ഒറ്റക്കാരണം കൊണ്ടു് ഞാൻ ഹൃദയംഗമമായി മിസ്റ്റർ. ഈച്ചരമേനോന്റെ ഭേദഗതിയെ അനുകൂലിയ്ക്കുന്നു. എന്നാൽ ഈ ബിൽ പാസായി അതുകൊണ്ടു് പല പ്രധാന കാര്യങ്ങളും നേടണമെന്നുള്ള നമ്മുടെ സമുദായത്തിന്റെ അഭിപ്രായത്തെ എനിയ്ക്കു ബഹുമാനിയ്ക്കാതെ നിവൃത്തിയില്ല. ഓരോ സമുദായത്തിന്റേയും ആവശ്യങ്ങൾ ആസമുദായക്കാർക്കാണല്ലൊ കൂടുതൽഅറിയാവുന്നതു്. ബിൽ ഭേദഗതിചെയ്യുന്നതായാൽ തല്ക്കാലം നടപ്പിൽവരുവാൻ വിഷമമുണ്ടെന്നു അവർ പറയുന്നു. നമ്മുടെ എല്ലാം അഭിപ്രായം എന്തു തന്നെയായിരുന്നാലും ഇങ്ങിനെയുള്ള ഘട്ടത്തിൽ അവരുടെ ആവശ്യത്തിനു് കൂടുതൽ പ്രാധാന്യം കൊടുക്കണം.

ഈ സാമുദായത്തിനു മാത്രമല്ല ഞങ്ങളുടെസമുദായത്തെ സംബന്ധിച്ചുള്ള കാര്യങ്ങളായിരുന്നാലും ഞങ്ങൾ അതിൽ കുറച്ചുകൂടി അനുഭവസ്ഥരാണെന്നുള്ളതു കൊണ്ടു് ഞങ്ങളുടെ അഭിപ്രായത്തിനാണു് കൂടുതൽ പ്രാധാന്യം കല്പിയ്ക്കേണ്ടതു്.

മിസ്റ്റർ. ഈച്ചരമേനോൻ പറഞ്ഞതുപോലെ മുഴുവനും ലഭിച്ചിട്ടില്ലെങ്കിലും ഈ പരിമിതമായ വ്യവസ്ഥകൾ കൊണ്ടു് നാം ഇപ്പോൾ തൃപ്തിപ്പെടേണ്ടതായിട്ടാണു് വന്നിരിയ്ക്കുന്നതു്. നമ്മുടെ സമുദായത്തിനു് ഒരു ബിൽ അത്യാവശ്യമാണു്. ചിലമെമ്പറന്മാർ പറയുന്നതു് ഇങ്ങിനെ ഒരു ഭേദഗതി ഇവിടെ സ്വീകരിച്ചാൽ ഈ ബിൽ അകപ്പാടെ തള്ളിപ്പോകുന്നതിനു കാരണമാകുമെന്നാണു്. അതിനെ കുറിച്ചാലോചിച്ചിട്ടു് ആ ന്യായം അത്രവളരെ ശക്തിയുള്ളതാണെന്നു് എനിയ്ക്കു തോന്നിയില്ല. പക്ഷെ അതിന്റെ മുഴുവൻ വൈഷമ്യങ്ങളും എനിയ്ക്കറിഞ്ഞുകൂടാ. എന്തെല്ലാം ഗ്രഹശക്തികൾ ചേർന്നാൽ കിടപ്പുണ്ടെന്നു് എനിയ്ക്കു നല്ല നിശ്ചയം പോര. അങ്ങിനെയുള്ള തടസ്ഥം ഈ സംഗതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നേരിടുകയാണെങ്കിൽ അതു വളരെ കഷ്ടമാണ്. താനും. ഇ ഭേദഗതി പാസായതിനു ശേഷം അപ്രകാരമൊരു വൈഷമ്യം അതു കൊണ്ടു നേരിടുകയാണെങ്കിൽ പിന്നെ അതിനെ പരിഹരിക്കുവാൻ വഴിയുണ്ടാകയില്ലെല്ലോ. ഈ ഭേദഗതി വച്ചതുകൊണ്ടു് ബിൽ തള്ളിപ്പോയി എന്നു വന്നാൽ അതു കഷ്ടവുമാണു്. അങ്ങിനെ സംഭവിയ്ക്കുവാനിടയുണ്ടെന്നുണ്ടെങ്കിൽ ഈ ഭേദഗതി ഇപ്പോൾ പാസ്സാക്കുവാൻ നിർബ്ബന്ധിയ്ക്കുണ്ടോ എന്നു മാത്രമേ ഇതിന്റെ അവതാരകനോടു പറയുന്നുള്ളൂ. ഇപ്പോൾ ഇങ്ങിനെ പാസ്സാകട്ടെ. പിന്നീടു് അടുത്ത കൌൺസിലിലും ഒരു ഭേദഗതി കൊണ്ടുവരാവുന്നതാണു്". അന്നു് പക്ഷെ ഞാൻ ഈ സ്ഥാനത്തില്ലെങ്കിലും നിങ്ങളിൽ ചിലർഉണ്ടായിരിയ്ക്കും. അതുകൊണ്ടു് ബിൽ പാസ്സാക്കുവാൻ വേണ്ടി ചില മാന്യമെമ്പർമാർ പറഞ്ഞതു പോലെ അദ്ദേഹം ഭേദഗതി പിൻവലിയ്ക്കുകയാണെങ്കിൽ എനിക്കും അതു സമ്മതമാണു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—ഞാനും ഇതിനെക്കുറിച്ചു രണ്ടുവാക്കുപറയാം. ഈ ഭേദഗതിയോടുകൂടി മനസ്സാക്ഷിക്കനുസരണമായി നോക്കുമ്പോൾ ഞാൻ യോജിയ്ക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. പക്ഷെ നമ്പൂതിരി സമുദായത്തിന്റെ പരിതസ്ഥിതികൾ ആലോചിയ്ക്കുമ്പോൾ വളരെ നൂറാണ്ടുകളായി വിവാഹവിഷയത്തിൽ അവർ അതിരുകവിഞ്ഞ സ്വാതന്ത്ര്യം അനുഭവിച്ചുവരുന്നതായി കാണാം. ഇങ്ങിനെ അതിരുകവിഞ്ഞ സ്വാതന്ത്ര്യം അനുഭവിച്ചുവരുന്ന അവസരത്തിൽ അതിനെ പെട്ടെന്നു പിടിച്ചു നിറുത്തുമ്പോൾ അവരുടെ മരണത്തേക്കാൾ അതിശക്തിയായ സങ്കടം അവർക്കുണ്ടാകാനിടയുണ്ടു്. ആ ഒരുകാരണംകൊണ്ടു് മദ്രാശി ബില്ലിലും ഈ ക്ലാസ്സു് (class) വയ്ക്കുവാനിടയായിട്ടുള്ളതാണു്". ഹിന്ദുനിയമപ്രകാരവും അധിവേതനം അനുവദിച്ചിട്ടുണ്ടു്. അതു ചില പ്രത്യേക വ്യവസ്ഥകളോടുകൂടി വച്ചിട്ടുള്ളതായിരിയ്ക്കുണം. അതുതന്നെയാണു് ഇവരുടേയും ഉദ്ദേശമെന്നാണു് ഞാൻ വിചാരിയ്ക്കുന്നതു്. നമ്പൂതിരി സമുദായത്തിൽ ഭൂരിപക്ഷം ആളുകളും ഒരു നിയമത്തിൽപെട്ടവരാണു്. മലബാറിലുള്ളവരും ആ നിയമത്തിൽപെട്ടവരാണു്. അങ്ങിനെനോക്കുമ്പോൾ ഇവിടെയുള്ളവരുടെ സ്വാതന്ത്ര്യത്തെ ഒന്നിച്ചു് ഹനിയ്ക്കുണ്ടതില്ല.

പിന്നെ പത്തുകൊല്ലത്തിനകം പ്രസവിയ്ക്കാതിരുന്നാൽ വേറെ വിവാഹം ചെയ്യാമെന്നുള്ളതിൽ അത്യാവശ്യമുണ്ടായാൽ ചെയ്യാമെന്നേ അർത്ഥമുള്ളൂ. ഭാര്യയ്ക്കു സുഖക്കേടായാൽ ഭർത്താവിനു വേറെ വിവാഹം കഴിയ്ക്കാമെങ്കിൽ ഭർത്താവിനു സുഖക്കേടു വരുമ്പോൾ ഭാര്യയ്ക്കും പാടില്ലേ എന്നു ചോദിച്ചു. അതൊന്നും അതുപൈയ്യുമായി ആക്ഷേപിയ്ക്കുവാൻ സാധിയ്ക്കുമെന്നു തോന്നുന്നില്ല. ബ്രിട്ടീഷിൽ ഇങ്ങിനെ ഒരു നിയമമുണ്ടു്. അതുകൊണ്ടു് അ

LIBRARY ARCHIVES Kerala Legislative Assembly

വിടെ പോയാൽ വേറെ വിവാഹംകഴിയ്ക്കാം എന്ന മനസ്ഥിതിയോടുകൂടിയും ഒരാൾ ഭാര്യയെ ഉപേക്ഷിയ്ക്കുമെന്നു തോന്നുന്നില്ല. ഈ കാരണവും പറഞ്ഞു് ബിൽ പാസാക്കാൻ സാധിയ്ക്കാതെവന്നാൽ വേറെ ഒരു കൌൺസിലിൽ ഇതേബിൽതന്നെ കൊണ്ടുവന്നു പാസാക്കേണ്ടതായിവരും. അങ്ങിനെയാകുമ്പോൾ അതിനകമായി പത്തോ ഇരുനൂറോ അധിവേതനം നടന്നുവെന്നുവരാം. ഇപ്പോൾ പാസാക്കുകയാണെങ്കിൽ ഒരു കൊല്ലത്തിൽ അഞ്ചോ പത്തോ മാത്രമേ ഉണ്ടാകയുള്ളൂ. ബില്ലു പാസായി അധിവേതനം അനുവദിച്ചില്ലെങ്കിൽ അതുകൊണ്ടു് അഞ്ചോ ആറോപേർക്കുമാത്രമേ ബുദ്ധിമുട്ടുണ്ടാകയുള്ളൂ. ഇന്നു ലോകത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒന്നുപോലെയാണു സ്വാതന്ത്ര്യമുള്ളതു്. മിക്ക സമുദായത്തിലും അങ്ങിനെയാണു കണ്ടുവരുന്നതു്. എന്നാൽ ചിലവ്യത്യാസങ്ങളെല്ലാം എല്ലാ സമുദായത്തിലും ഉണ്ടു്. ആ വ്യത്യാസങ്ങളെല്ലാം എടുത്തുകളയുമ്പോൾ ഈ ഭേദഗതിയ്ക്കും യാതൊരാക്ഷേപവും വരികയില്ല. ഇന്നു പുരുഷന്മാരെ വാറണ്ടിൽ പിടിയ്ക്കാറുണ്ടു്. അതുപോലെ സ്ത്രീകളെ വാറണ്ടിൽ പിടിയ്ക്കാറുണ്ടോ? അങ്ങിനെ ആകാമെന്നു് സീവിൽ പ്രൊസീഡിയർ കോഡിൽ അമെൻറുചെയ്യിട്ടുണ്ടോ ഇതേവരെയില്ല. ഇങ്ങിനെനോക്കുമ്പോൾ സ്ത്രീകൾക്കും പുരുഷന്മാർക്കും തമ്മിൽ എന്തോ ചിലവ്യത്യാസങ്ങൾ കാണുന്നുണ്ടു്. പക്ഷെ ഞാൻ അധിവേതനം ചെയ്യുവാൻ ഒരുക്കമില്ല. നമ്പൂതിരി സമുദായത്തിലെ യാഥാസ്ഥികന്മാരായുള്ള ചിലർക്കു് ഈ ക്ലാസ്സു് (class) ഇല്ലെന്നിരുന്നാലും മനോവേദനയില്ല. അതുകൊണ്ടു് ഇങ്ങിനെയുള്ള പ്രക്ഷോഭണം നടത്തിയാൽ അതുകാരണം മഹാരാജാവു തിരുമനസ്സിലെ അനുമതിയുണ്ടാകയില്ലെന്നും വരും. ഇതു സ്വീകരിച്ചുവെങ്കിൽ ഈ കൌൺസിൽ പിരിയുന്നതിനുമുമ്പുതന്നെ ഈ അമെൻറുമെൻറു നടപ്പാക്കുവാൻ നോക്കും. അതിനു യാതൊരു സംശയവുമില്ല. അതുകൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ തല്ക്കാലം എതിർക്കുന്നു.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—സർ. ഇവിടെ പല മെമ്പർമാരും പ്രസംഗിച്ചു കേൾക്കുകയുണ്ടായി. എന്നാൽ മിസ്റ്റർ കെ. ടി. മാത്തൂവിൻെറ പ്രസംഗം കേട്ടപ്പോൾ ഈ കൌൺസിൽ ഒരു ബ്രിട്ടീഷു പാർലമെൻറോ മദിരാശി കൌൺസിലോ, അസംബ്ലിയോ ആണോ എന്നു് എനിക്കു തോന്നിപ്പോയി. അവിടെ സാമുദായികമായും മതപരമായുമുള്ള ഏതു നിയമങ്ങൾ ആലോചനയ്ക്കുവന്നാലും അതിൻെറയെല്ലാം ഭേദിഷ്ണുത്തു് ഇന്നതാണെന്നു് ആ നിയമം പാസാക്കുന്നതോടുകൂടിത്തന്നെ അറിയാം. അവിടെയെല്ലാം ഇങ്ങിനെ ഒരു നിയമംകൊണ്ടുവരുന്നുവെങ്കിൽ അതിൽ "ഗവർമ്മെണ്ടിൻെറ നിലയെന്താണെന്നുള്ളതു്" അപ്പോൾതന്നെ തീർച്ചയായും സൂക്ഷ്മമാവുന്നതാണു്. ആ സംബന്ധിയിൽ ക്ഷേത്രപ്രവേശനത്തെപ്പറ്റി ഒരു ബിൽ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോൾ അതിൽ ഗവമ്മെണ്ടിന്റെ അഭിപ്രായം ഇന്നതാണെന്ന് ഉടനെതന്നെ പറയുകയുണ്ടായി. മൂന്നു പ്രാവശ്യം ഒരു ബിൽ ഹൌസ് ആഫ് കാമൺസിൽ പാസായശേഷം ചക്രവർത്തിതിരുമനസ്സുകൊണ്ടു ഒപ്പുവെച്ചാലും ഇല്ലെങ്കിലും തീച്ചയായും അതു നിയമമാണ്. ആ മാതിരിയുള്ള ഒരു സ്വാതന്ത്ര്യം ഇന്ന് ഈ കൊച്ചീ നിയമസഭയ്ക്കുണ്ടോ? ഇല്ല.

ഡാക്ടർ എ. ആർ. മേനോൻ "There are forces working behind the scene" എന്നുപറയുകയുണ്ടായി. അതായത് ഇതിന്റെ പിന്നിൽ എന്തൊക്കെയോ ചില ശക്തികൾ തിരിയുന്നുണ്ടെന്നു പറയുന്നു. ഞാൻ ഈ ബിൽ അവതരിപ്പിക്കുവാൻ വന്നപ്പോൾതന്നെ അങ്ങനെ ചില ശക്തികൾ ഉണ്ടെന്ന് എനിക്കു മനസ്സിലായി. ഇതുമാതിരിയുള്ള പല ശക്തികളും ഇവിടെനടക്കുന്നുണ്ട്. ഈ കൌൺസിലിൽ ഇതെല്ലാം പാസായാലും നിയമമാകുമെന്ന് ആരുകണ്ടു! ഗവമ്മെണ്ടിനു ഈവിഷയത്തിൽ യാതൊന്നും പറയുവാൻ തയ്യാറില്ല. ഗവമ്മെണ്ടിന്റെ അഭിപ്രായം അറിഞ്ഞാൽ ഒരെയ്മായ ഒരു നില ഇക്കാര്യത്തിൽഞങ്ങൾ അവലംബിക്കുമായിരുന്നു. അതിനു് യാതൊരു നിവൃത്തിയുമില്ല. വഴിയെപറന്നുപോകുന്ന ഒരു കാക്കയെ കണ്ടു് അല്ലയോ കാക്കേ; നീ എവിടെനിന്നുവരുന്നു? മഹാരാജാവു തിരുമനസ്സിനെ കണ്ടുവോ? നമ്പൂതിരി ബില്ലിന്റെ തീരുമാനം വല്ലതും കേൾക്കുകയുണ്ടായോ? എന്നു ചോദിക്കുവാനേ നിവൃത്തിയുള്ളൂ.

നമ്പൂതിരി ബില്ലിന്റെ കാര്യം സംശയമാണെന്നും അതു് പാസാക്കിയാലും നിയമമാകയില്ലെന്നും ചിലരും ബ്രിട്ടീഷിലെ നിയമം അനുസരിച്ചില്ലെങ്കിൽ ഇതിനു് വിരോധമായ് തീരുമാനമുണ്ടായേക്കുമെന്നു മറുചിലരും പറയുകയുണ്ടായി. ബ്രിട്ടീഷിലും കൊച്ചിയിലുമുള്ള നമ്പൂതിരിമാർ പലവിധത്തിലും ചാഴ്ക്കാരും രണ്ടു ഭാഗത്തിലും സ്വാധീനമുള്ളവരുമാണ്. ബ്രിട്ടീഷിലും കൊച്ചിയിലും രാജ്യഭരണസംബന്ധമായുള്ള വ്യത്യാസംമാത്രമല്ലാതെ നമ്പൂതിരിസമുദായത്തെസംബന്ധിച്ചിടത്തോളം ഉള്ള നിയമങ്ങൾ ഒന്നുതന്നെയാണ്. ചാലക്കുടിയ്ക്ക് അപ്പുറത്തും ഇപ്പുറത്തും നമ്പൂതിരിമാരുണ്ടെങ്കിൽ അപ്പുറവും ഇപ്പുറവുമെന്നുള്ള വ്യത്യാസമല്ലാതെ നിയമത്തെസംബന്ധിച്ചുള്ള വല്ല വ്യത്യാസവുമുണ്ടോ? മുമ്പിലത്തെ ബില്ലിൽ ബ്രിട്ടീഷിലെ നിയമങ്ങളിൽനിന്നും ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ് മഹാരാജാവു തിരുമനസ്സുകൊണ്ട് അതു തള്ളിക്കളഞ്ഞിട്ടുള്ളതെന്നാണ് കാണുന്നതു്. അന്നത്തെ റവന്യൂമെമ്പർ പറഞ്ഞതു് നമ്പൂതിരിമാക്ക് കൊച്ചിയിലും തിരുവിതാംകൂറിലും ബ്രിട്ടീഷിലും ഒരൊറ നിയമമാണ് ഉണ്ടായിരിക്കേണ്ടതു് എന്നാണ്. ബ്രിട്ടീഷിലെ നിയമത്തിനു് വിരോധമായിട്ട് എന്തെങ്കിലും ഈ ബില്ലിൽ ഉണ്ടായിരുന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെനിലെ ഇന്നതായിരിക്കുമെന്നു് കഴിഞ്ഞ സംഭവംകൊണ്ടു തീച്ചയാക്കാവുന്നതാണു്. ബിൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ അതും ബില്ലിന്റെ പുരോഗതിക്കു ദോഷമാണെന്നാണു് ഞാൻ ധരിച്ചു വെച്ചിട്ടുള്ളതു്.

പന്തൽ വൈദ്യീകൻ ഈ അവസരത്തിൽ ഇവിടെയില്ലാത്തതുകൊണ്ടു് യാഥാസ്ഥികാഭിപ്രായത്തെയും പറഞ്ഞിട്ടിരിക്കുന്നു. നമ്പൂതിരി സമുദായത്തെ സംബന്ധിച്ചിടത്തോളം നാലു വിവാഹത്തിൽകൂടുതൽ പാടില്ലെന്നാണു് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. ഞങ്ങൾ തെളിവെടുക്കുന്ന അവസരത്തിലും ഒത്തുട്ടു്, വാരം എന്നു തുടങ്ങിയ ചിലവുകൾക്കു് പണത്തിനു് വേണ്ടിയും വേളികഴിക്കാറുണ്ടെന്നു് ചില യാഥാസ്ഥികന്മാർ മൊഴി തന്നിട്ടുണ്ടു്. ഹിന്ദുക്കളുടെയിടയിൽതന്നെ സന്താനങ്ങളുടെകാര്യം വളരെ പ്രധാനമാണു്. പുത്രനില്ലെങ്കിൽ അവർ "പുത്" എന്ന നരകത്തിൽ പോകേണ്ടതായിട്ടു വരുമത്രെ. അതിനു പരിഹാരത്തിനു വേണ്ടിയാണു് "നിയോഗം", "ദത്തു്" എന്നീ സമ്പ്രദായങ്ങൾ നടപ്പിൽ വന്നിരുന്നതു്. ദത്തുകൂടാതെ കഴിക്കുവാൻവേണ്ടിയാണു് പിന്നെയും വേളികഴിക്കാമെന്നുള്ള രീതി നടപ്പിലായതു് ഇങ്ങിനെ കൂടുതലായി വേളികഴിക്കുവാൻ ഓരോ മാർഗ്ഗങ്ങൾ കാലക്രമത്തിൽ നടപ്പിലായിട്ടുള്ളതാണു്. മനുതന്നെ പറയുന്നതു് ആദ്യത്തെ ഭാര്യയിൽ സന്താനങ്ങളില്ലെങ്കിലോ ഭാര്യയ്ക്കു പാതിവ്രത്യദോഷമോ മറ്റോ നേരിട്ടാലോ രണ്ടാമതും വിവാഹം ചെയ്യാമെന്നാണു്.

പിന്നെ വേറൊരു സംഗതി ഇവിടെ പറയുകയുണ്ടായി. ഇങ്ങിനെ രണ്ടു മൂന്നു വകുപ്പുകൾ ചേർത്തിട്ടുള്ളതുകൊണ്ടു് ബില്ലു് നിഷ്പ്രയോജനമാകുമെന്നാണു്.

യാഥാസ്ഥിതികന്മാരെ സംബന്ധിച്ചിടത്തോളം മുമ്പു ഞാൻ പറഞ്ഞമാതിരി പുത്രനുണ്ടാകണമെന്നുദ്ദേശിച്ചു് അവരാരും ജയിലിൽ പോകുവാൻ തയ്യാറാകുമെന്നു് എനിയ്ക്കു തോന്നുന്നില്ല. ആ സ്ഥിതിയ്ക്കു് ഇങ്ങിനെ ഒരു വകുപ്പു വച്ചതുകൊണ്ടു് അതിനെ ആരും ഉപയോഗപ്പെടുത്തുമെന്നു വിചാരിയ്ക്കുവാനും തരമില്ല.

ബ്രിട്ടീഷ് ഗവർമ്മെണ്ടിലെ ആക്ടു് കൂടി ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ആലോചിക്കേണ്ടതാണു്. ബ്രിട്ടീഷിൽ ആദ്യം ബില്ലു കൊണ്ടുവന്നതു് ഇതുമാതിരിയായിരുന്നു. പക്ഷേ Select Committee-ക്കാർ അധിവേദനം തടഞ്ഞില്ല. "We are against further provision being made for the enforcement of monogamy."

അധിവേദനത്തെ പറ്റി പ്രത്യേകിച്ചു നിബന്ധനകളൊന്നും ചെയ്യേണ്ടതില്ലെന്നാണു് അവർ പറഞ്ഞതു".

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മദ്രാസ് നിയമസഭയിൽ നമ്പൂതിരി ബില്ലിന്റെ സെക്കന്റ് റീഡിംഗ് സമയത്തു് അവിടെ പോയിട്ടുണ്ടായിരുന്നു. അപ്പോൾ സർ കൃഷ്ണൻനായരെ കണ്ടു സംസാരിക്കയുണ്ടായി. ഇതിലേക്കു് കെ. പി. രാമൻ ഒരു അമൻഡ്മെന്റ് കൊണ്ടുവന്നിട്ടുണ്ടെന്നും അതിനെ ഗവമ്മെന്റ് എതിർക്കുമെന്നും പറഞ്ഞു. എന്നാൽ അമെൻഡ്മെന്റിനെ എതിർത്താൽ ബിൽ തീച്ചയായും പാസ്സാകയില്ല എന്നറിയാം. ടുവിൽ കൃഷ്ണൻനായർ പറഞ്ഞതു് ഈ വ്യവസ്ഥക്കനുസരിച്ചു് അധിവേതനം അനുവദിക്കാമെങ്കിൽ ഭേദഗതി വിരോധമില്ല എന്നാണു്. ആ നിലയിൽ മിസ്റ്റർ ഭട്ടോ മറോ ആണു് ഭേദഗതി അവതരിപ്പിക്കുകയുണ്ടായതു്. എന്നാൽ ഗവമ്മെണ്ടിനു് ആ വിഷയത്തിൽ സ്ഥിരമായ ഒരു നിലയുണ്ടായിരുന്നു. അതുകൊണ്ടാണു് ബിൽ യാതൊരു എതിർപ്പും കൂടാതെ അവിടെ പാസാക്കുവാൻ കഴിഞ്ഞതു്. അപ്രകാരം ഒരു സ്ഥിരമായ നിലയുണ്ടായിരുന്നു നമ്മുടെ ഗവമ്മെണ്ടും സ്വീകരിക്കുമെങ്കിൽ ഭേദഗതി ഇവിടെ പാസാക്കാം. ഈ ഒരു ഉറപ്പു കാരണം കൊണ്ടായിരിക്കാം ഇതു് തള്ളിപോകുക. ബ്രിട്ടീഷിലെ വ്യവസ്ഥകൾക്കു വിപരീതമാണെന്നു പറഞ്ഞിട്ടു് ഇതു തള്ളുവാനിടവന്നാൽ വളരെ കഷ്ടമാണു്. നമ്പൂതിരി സമുദായത്തിലെ ഉല്പതിഷ്ണുക്കളായുള്ളവർ ഞങ്ങൾക്കാവശ്യമുള്ള ഒരു ബിൽ സ്വീകരിയ്ക്കണമെന്നാവശ്യപ്പെട്ടപ്പോൾ ഞങ്ങളുടെ ഉദ്ദേശം സ്വീകരിക്കാതെ അതിൽ ചില വ്യത്യാസങ്ങളോടുകൂടി നിയമമാക്കണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു കഷ്ടമാണു്. അതുകൊണ്ടു് പ്രത്യേകിച്ചും നമ്പൂതിരി സമുദായത്തിന്റെ അഭിവൃദ്ധിക്കാവശ്യമുള്ളതായ ഈ ബിൽനിയമമാക്കുന്നതിനു് ഈ ഭേദഗതി തടസ്ഥമായി വരാവുന്നതുകൊണ്ടു് ഇതിനെ പിൻവലിക്കണമെന്നു ഞാൻ മിസ്റ്റർ ഈച്ചരമേനോനോടു് അപേക്ഷിയ്ക്കുന്നു. "ജാതകമ്മംചെയ്തു കൈകൊണ്ടുതന്നെ ഉദകക്രിയയും ചെയ്യരുതേ!

മിസ്സിസ്സ് സ്വാമിനാഥൻ.—സാർ, ഇവിടെ പല മെമ്പർമാരും ഇതിനെ സംബന്ധിച്ചു് പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞിരിക്കുന്നു. പക്ഷെ ഇന്നലെ ഒരു നരക നാടകം കണ്ടതിനുശേഷം ഇവിടത്തെ നഗരനാടകത്തിൽ ഞാനുംകൂടി പങ്കുകൊള്ളാമെന്നു വാക്കു പറഞ്ഞിരുന്നു. അതിനെ നിറവേറ്റുന്നതിനാണു് ചില സംഗതികൾ ഇംഗ്ലീഷിൽ ഇവിടെ എഴുതി കൊണ്ടുവന്നിരിക്കുന്നതു്. അതുമാത്രം വായിച്ചു കേൾപ്പിക്കയല്ലാതെ ഒന്നും സംസാരിയ്ക്കുവാൻ പോകുന്നില്ല. എന്താണെന്നുവച്ചാൽ ഇന്നലെ ഇവിടെ പറഞ്ഞതുപോലെയല്ല ഞാൻ കണ്ടിട്ടുള്ളതു്. ഞാൻ പറയുന്നതൊന്നുമല്ല ഇവർ എഴുതുന്നതെന്നു് എനിയ്ക്കു മനസ്സിലായിട്ടുണ്ടു്.

As a tree can be recognised by its fruit so the extent of the culture of any people can be determined by their manners and customs. In the Hindu law the rights of men are conserved

LIBRARY ARCHIVES Kerala Legislative Assembly

with great care in all matters, but it is a sad fact to know that there is no provision for the safe-guarding of the rights of women.

Our Indian sisters have been long centuries putting up with social injustice of a very cruel sort. Yet how many of you feel there is something inconsistent and unreal in your attitude towards your mothers, sisters and daughters—the true makers of a country and its people? According to ancient Hinduism woman is looked upon as a being quite inferior to man, both intellectually and morally. So the stress of Hindu scriptures is on her duties and never on her rights. We are thus led to suppose that in the construction of Hindu society woman is not an important factor.

One cannot understand how the ancient sages could have written such things. He who cares to look into the Hindu books will be surprised to learn that there is one law for the males and another for the females. One may well say 'They cry peace to every living creatures, when there is no peace even for the better half of the human race'. From the beginning of a woman's life to its end there is a series of difficulties and hardships. Even the minor details of her every day life such as eating, drinking, waking, sleeping, bathing, worshipping, outdoor exercise, etc., are so circumscribed as to leave her continually at the mercy of man, be claiming for himself permanently all the attributes and worship belonging to Gods.

Every one who loves justice would naturally like to be enlightened as to why such injustice was tolerated by the ancient sages when these things are revolting to an ordinary man's sense of fairness and justice. Will any spiritually gifted Sadhu or Sanyasi of the Arya Society or any Hindu here kindly explain or point out any mistake in the above-quoted extracts? When our fore-fathers do not seem to have made any such provision for the protection and progress of women, what hope is there that any better treatment will be accorded by the Hindus of this or any future age? Of course if through good fortune a woman is married to a man of kind disposition she may never suffer from these injustices, but otherwise, she is indeed in a very helpless and hopeless position. All of the weapons with which she might defend herself or fight her battles are in the hands of men and her very hands are bound with shackles forged by men. As Dr. Gour says in his edition of the Hindu Code, 'There is no hope for the Hindu unless a new avatar (revealer) rises to simplify their religion and codify their laws.'

It is therefore hoped that the thoughtful and kindhearted among the Hon'ble Members will do their share to assist in this

LIBRARY ARCHIVES Kerala Legislative Assembly

reform for the uplift, protection and help of the Nambudiri women who suffer the most among Hindus.

As regards the amendment I would say that I whole-heartedly support it.

But if there is any scene behind the screen, as you say, I do not press the amendment.

മിസ്റ്റർ എ. ഈച്ചരമേനോൻ. —സാർ, ഈ ഉപവകുപ്പുകൾ എടുത്തുകളയണമെന്നുള്ള എന്റെ ഉപക്ഷേപത്തോടു യോജിച്ചാണ് പല മെമ്പർമാരും അഭിപ്രായപ്പെട്ടിരിക്കുന്നതു്. ചിലർ ഇതിനെതിരായും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇല്ലിവപേരൂർ മെമ്പർ ഇതിനെതിരായി സംസാരിച്ചു. അദ്ദേഹവും സിലക്ട് കമ്മിറ്റിയിലെ ഒരു മെമ്പറായിരുന്നു. എന്നാൽ അദ്ദേഹം ബാക്കിയാളുകളുടെ മനസ്ഥിതിയെപ്പറ്റി നല്ലവണ്ണം അറിഞ്ഞിട്ടില്ല ഇപ്രകാരം അഭിപ്രായപ്പെട്ടു കാണുന്നതു്. ഞാൻ ഈ സംഗതിയെ സംബന്ധിച്ചു് നല്ലവണ്ണം മനസിലാക്കീട്ടാണു് ഇപ്രകാരം ഒരു ഉപക്ഷേപം തന്നെ കൊണ്ടുവന്നിട്ടുള്ളതു്. നമ്പൂതിരി സമുദായത്തിലെ ഭൂരിപക്ഷം ആളുകളുടേയും അഭിപ്രായം ഇങ്ങിനെയാണെന്നാണു് എന്റെ വിശ്വാസം. ഏകദേശം ഫ ൦ —ഫ ന്നു സ്ത്രീകൾ മൊഴികൊടുത്തിട്ടുള്ളതും ഇപ്രകാരമാണു്. ആ സ്ഥിതിയ്ക്കു് ഇതുകൊണ്ടല്ലാതെ പിന്നെ ഏതുകൊണ്ടാണു് അവർക്കു രക്ഷ കിട്ടുവാൻ മാർഗ്ഗമുള്ളതെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല.

പിന്നെ ദുഷ്പ വാസന അധികമായിരിക്കും എന്നു പറഞ്ഞു. ഇപ്പോൾ കത്തോലിക്കാ ജാതിക്കാരുടെയിടയിൽ നടന്നുവരുന്ന രീതിയിൽ എന്താണു ദുഷ്പമുള്ളതെന്നു് ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം. അവർക്കു ഡൈവാഴ്സ് അനുവദിച്ചിട്ടില്ല എന്നാണു ഇവിടെ പറഞ്ഞുകേട്ടതു്. രണ്ടാമതു് ഒരു സ്ത്രീക്കു് വിവാഹം കഴിക്കുവാൻ പാടില്ല എന്നു് എന്റെ മാന്യ സ്നേഹിതൻ നമ്പൂതിരി അവർകൾ ഇവിടെ പറയുകയുണ്ടായി, അവനു് അതാകാമെങ്കിൽ അവനവന്റെ ഭാര്യയും ദുർനടപ്പു് ആകുന്നതിനെ അവനവൻ കണ്ടുകൊണ്ടിരിക്കുകയേ വേണ്ടു. മിസ്റ്റർ കെ. ജി. നായർ പറഞ്ഞു, ബ്രിട്ടീഷ് ബില്ലിൽ ഇതില്ലാത്തതുകൊണ്ടു് ഇവിടേയും വേണ്ട. അവിടെ നായർ റഗുലേഷൻ ഉള്ളപ്പോഴാണു് ഇവിടെ അതു് പാസാക്കിയതു്. എന്നിട്ടും യാതൊരു ബുദ്ധിമുട്ടും അവിടെ ഉണ്ടായതായി കണ്ടില്ല. ഞങ്ങൾതമ്മിൽ മിക്കവാറും അടുത്താണു താമസിക്കുന്നതു്. അതുകൊണ്ടു് എന്നെപ്പോലെയുള്ള അറിവു് അദ്ദേഹത്തിനും ഉണ്ടായിരിക്കും.

പിന്നെ മിസ്റ്റർ രാമചന്ദ്രയ്യർ പറഞ്ഞതു് നമ്പൂതിരിമാരെല്ലാം ഹിന്ദു ലാ പ്രകാരമാണു നടക്കുന്നതു് എന്നാണു്. എന്നാൽ പട്ടന്മാരുടെ ഇടയിൽ അങ്ങനെയാകുവാൻ ഒരു പ്രയാസം കൂടിയുണ്ടു്. അവർക്കു പണം വളരെ ചിലവാക്കിയിട്ടു വേണം വേറൊരു ഭാര്യ

LIBRARY ARCHIVES Kerala Legislative Assembly

യെകൂടി കൊണ്ടുവരുവാൻ. നമ്പൂതിരിമാരുടെ ഇടയിൽ അങ്ങനെയല്ല. പട്ടന്മാർ വിസ്സുകളല്ല. പൈ ചാലവാകുന്ന കാര്യത്തിൽ അവർ പിന്മാറും. അതിനെപ്പറ്റി എനിയ്ക്കു നല്ലപോലെ അറിയാം. തമ്പുരാനു് ഈ ബിൽ വേണ്ടെന്നുവെക്കണമെങ്കിൽ ഈ കാരണം പറഞ്ഞിട്ടു വേണോ?

മിസ്റ്റർ പി. എസ്സു് കേശവൻനമ്പൂതിരി.—എങ്കിലും ഈ ഉപാകൃപ്തകം എടുത്തുകളയുകയാണോ വേണ്ടതു്?

മിസ്റ്റർ എ. ഈച്ചരമേനോൻ.—ഇതിൽ പുരുഷന്മാരുടെ കാര്യം മാത്രമേ നോക്കുന്നുള്ളൂ. സ്ത്രീകളുടെ കാര്യം നോക്കാത്തതുകൊണ്ടാണു് ഈ തക്കം വരുന്നതു്. അതിനെപ്പറ്റി ആലോചിക്കുവാൻ അങ്ങു ഭാവമില്ല.

പുത്രന്മാരില്ലെങ്കിൽ അവർ നരകത്തിലേക്കു പോകും എന്നു പറഞ്ഞു. അവരുടെ ഇടയിൽ അഛന്മാർ എന്നൊരു ജാതിക്കാരുണ്ടായിരുന്നു. അവരുടെ പോക്കു് ഏതു നരകത്തിലേക്കാണാവോ? അവർ ജേഷ്ഠന്റെ പുത്രനെക്കൊണ്ടു് അതു കൂടാതെ കഴിച്ചില്ലേ. ജേഷ്ഠനു് അനുജപുത്രനെ കൊണ്ടും ആ വിധം നിർവ്വഹിക്കാം. ഞാൻ ഇതിനെ പ്രസ്സു ചെയ്യുന്നു.

Mr. K. T. Mathew.—On behalf of my party, I just want to make a statement.

Deputy President.—You may put it into action by voting for or against.

Mr. K. T. Mathew.—We know that we have got a right to vote. But we are asking the Chair to give us permission to make a statement and explain our position.

Deputy President.—Yes, you may do so.

Mr. K. T. Mathew.—Though most of the Members of the party spoke in favour of the amendment, in view of the appeal made to us by the members of the Nambudiri community, we take up an attitude of benevolent neutrality, as regards the amendment which we have been considering.

Dr. A. R. Menon.—Are we also allowed to explain our views?

Mr. George Chakyamuri.—Can I also make a statement?

Deputy President.—No. You can't.

Amendment put and negatived.

Sections 16 and 17 were then put and carried.

16. No Nambudiri male shall marry again during the continuance of a prior marriage except in the following cases:—

Polygamy to be restrained.

(a) where the wife is afflicted with an incurable disease for more than five years;

(b) where the wife has not borne him any child within 10 years of her marriage and

LIBRARY ARCHIVES Kerala Legislative Assembly

(c) where the wife has become outcaste.

Punishments for violating the provisions of section 16.

17. Whoever contracts or abets any marriage prohibited by section 16 shall, on conviction by a Magistrate of the First Class, be punishable with fine which may extend to Rs. 1,000 or with simple imprisonment which may extend to three months or with both:

Provided that no female or minor shall be dealt with for an offence under this section;

Provided also that no Court shall take cognizance of the offence except on complaint in writing made within one year of the commission of the offence by a Nambudiri who shall give security to the satisfaction of the Court at the time of preferring the complaint, to pay such compensation to the accused not exceeding Rs. 100 as the Court may order in the event of the complaint being found to be false or vexatious.

Mr. P. S. Kesavan Nambudiri.—Sir, I oppose the whole section.

Deputy President.—No, you cannot.

Mr. P. S. Kesavan Nambudiri.—Can I not oppose the whole section?

Deputy President.—You can oppose it by vote; not by speech.

മിസ്റ്റർ പി. എസ്. കേശവൻ നമ്പൂതിരി.—ഞാൻ ഭൂതിനെ എതിർക്കുവാനുള്ള കാരണങ്ങളെയാണ് പറയുവാൻ തുടങ്ങുന്നതു്

Deputy President.—You have not sent in your amendment, and the section as it stands should be put to vote.

Mr. P. S. Kesavan Nambudiri.—In fact, I have sent in an amendment, but it was disallowed.

Mr. C. J. Mathew.—The amendment was disallowed by the President.

Sections 18—27 were then put and carried.

Offence committed outside the State.

18. If any person, to whom this Regulation applies, commits the offence outside the State he may be dealt with in respect of the offence as if it had been committed at any place within the State at which he may be found:

Provided that any proceedings taken against him for the offence at the place where it was committed shall be a bar to further proceedings against him in State for the same offence.

Guardianship of minors

19. (1) Subject to the provisions of sub-section (2), the following persons in the order named shall be the legal guardian of a minor, male or female, in respect of his or her person and separate property, namely, father, mother, full brothers in the order of seniority, paternal grand-father, paternal uncles in the order of seniority, father's mother and consanguine brothers in the order of seniority.

(2) The husband shall be the legal guardian of his minor wife in respect of her person and separate property.

Saving of the operation of Guardians and Wards Regulation.

20. Nothing contained in section 19 shall be deemed to affect the operation of the Guardians and Wards Regulation, XVII of 1095.

Property as to which a person is considered to have died intestate.

21. A person is deemed to die intestate in respect of all property of which he has not made a testamentary disposition which is capable of taking effect.

LIBRARY ARCHIVES Kerala Legislative Assembly

Illustrations.

(i) *A* has left no will. He has died intestate in respect of the whole of his property.

(ii) *A* has left a will whereby he has appointed *B* his executor but the will contains no other provisions. *A* has died intestate in respect of the distribution of his property.

(iii) *A* has bequeathed his whole property for an illegal purpose. *A* has died intestate in respect of the distribution of his property.

(iv) *A* bequeathed Rs. 1,000 to B and Rs. 1,000 to the eldest son of *C* and made no other bequest and died leaving Rs. 2,000. *C* died before *A* without ever having had a son. *A* has died intestate in respect of the distribution of Rs. 1,000.

Devolution of property left by Nambudiri male intestate.

22. On the death intestate of a Nambudiri male, his property which is self-acquired or separate shall, subject to the provisions of any other law for the time being in force in Cochin, devolve in the order and according to the rules contained in sections 23, 24 and 25.

When the intestate has left widow, children and lineal descendants or children or lineal descendants or lineal descendants only.

23. Where the intestate has left surviving him by a marriage or marriages in his own community one or more of the following relations, namely,—

(a) a widow or widows,

(b) a son or sons,

(c) an unmarried daughter or unmarried daughters, and (d) a lineal descendant or descendants (other than married females) in the male line through a deceased son or sons, the whole of the property shall belong to such surviving relation or relations.

Rules of distribution in cases falling under section 23.

24. The distribution of the property among the heirs referred to in section 23 shall be made in accordance with the following rules.—

(i) The widow or, if there is more than one widow, each of the widows shall be entitled to a share equal to that of a son or unmarried daughter.

(ii) Every son or unmarried daughter shall be entitled to an equal share:

Provided that if a son has pre-deceased the intestate, his lineal descendants in the male line (other than married females) shall be entitled to the share which such son would have taken had he survived the intestate.

(iii) The sons and unmarried daughters of a deceased son shall be entitled in equal shares to what their father would have taken had he survived the intestate:

Provided that if a son's son has pre-deceased the intestate his lineal descendants in the male line (other than married females) shall be entitled to the share which such son's son would have taken had he survived the intestate.

(iv) In like manner, the property shall go to the surviving lineal descendants of the intestate in the male line (other than married females) where such descendants are in the degree of great grand-children or in a more remote degree.

Explanation.—The descendants of a son, son's son or other male descendant in the male line shall not be entitled to any share in such property, if such son, son's son or other descendant is alive at the time of the death of the intestate.

Illustrations.

(i) *Z* dies intestate leaving two widows *A* and *B*, a son *C*, a grandson *D* by such son, a married daughter *E*, an unmarried daughter *F* and by

LIBRARY ARCHIVES Kerala Legislative Assembly

a deceased son a grandson *G* a married daughter *H* and an unmarried daughter *J*, *A*, *B*, *C* and *F* each gets one-fifth of the property, *G* and *J* one-tenth each and D, *E* and *H* do not get any share.

(ii) *Z* dies intestate leaving no widow but leaving *A* a son, *B* an unmarried daughter, *E* a grandson and *F* an unmarried grand-daughter by a deceased son *C*, an unmarried grand-daughter *G* by a deceased son D and two great-grandsons *H* and *J* by a deceased son of D. *A* and *B* will each be entitled to one-fourth, of the property, *E* and *F* will each be entitled to one-eighth, *G* will be entitled to one-eight and *H* and *J* to one sixteenth each.

(iii) *Z* dies intestate leaving no widow or child but leaving three grandsons *A*, *B* and *C* by a deceased son *X* and two unmarried grand-daughters D and *E* by a deceased son *Y*. *A*, *B* and *C* will each be entitled to one sixth and D and *E* will each be entitled to one-forth of *Z*'s property.

The rule of distribution where the intestate has not left any of the heirs mentioned in section 23

25. (1) Where the intestate has not left surviving him any of the heirs mentioned in section 23, the property shall devolve on the relations and in the order specified below.—

(i) Father ;
(ii) Mother ;
(iii) Brothers and sistes ;
(iv) Sons and unmarried daughters of brothers ;
(v) Father's father ;
(vi) Paternal uncles ;
(vii) Sons of paternal uncles ;
(viii) Sisters' children ;
(ix) Father's paternal grand-father ;
(x) Father's paternal Grand-father's descendants in the male line the nearer excluding the more remote and
(xi) Father's remoter ascendants in the male line and their descendants, the nearer ascendants and his discendants excluding the more remote ascendant and his descendants and among the descendants or the same ascendant, the nearer excluding the more remote.

(2) Property devolving on two or more heirs under sub-section (1) shall be divisible among them equally.

Devolution of property left by a married Nambudiri female intestate.

26 (1) On the death intestate of a married Nambudiri female, her property which is self acquired or separate shall devolve on the relations and in the order specified below.—

(i) Sons and daughters ;
(ii) Children of deceased sons ;
(iii) Sons of deceased daughters ;
(iv) Husband ;
(v) Father ;
(vi) Mother ,
(vii) Brothers and sisters ;
(viii) Brothers' and sisters' children ;
(ix) Relations of her husband mentioned in section 23 and not included in clauses (i) and (ii) ; and
(x) Relations of her husband mentioned in sub-section (1) of section 25 in the order specified therein.

(2) Property devolving on two or more heirs under sub-section (1) shall be divisible among them equally.

Provided that where the property devolves on the relations of the husband referred to in clause (ix) of sub-section (1), it shall be divissible among them in accordance with the rules laid down in section 24.

LIBRARY ARCHIVES Kerala Legislative Assembly

Devolation of property left by an unmarried Nambudiri female intestate.

27. On the death intestate of an unmarried Nambudiri female the whole of her property which is self acquired or separate shall devolve on her parents. In the absence of her parents, it shall devolve on her brothers and sisters in equal shares and in their absence it shall devolve on her illom.

മിസ്റ്റർ ടി. കെ. നായർ.—ഇതിനു മുമ്പു ഇവിടെ വാദപ്രതിവാദം നടന്ന ഭേദഗതിയെ സംബന്ധിച്ചു് അതു ഉപകാരപ്രദമാകുന്ന കാര്യം സംശയമാണെന്നു അവർ സഭയെ ബോദ്ധ്യപ്പെടുത്തിയിരിക്ക കൊണ്ടും എന്റെ ഭേദഗതി അവരുടെ ബില്ലിൽ നിന്നും വ്യത്യാസപ്പെട്ടതായിരിക്ക കൊണ്ടും ഞാൻ ഇതിനെ ഇവിടെ അവതരിപ്പിക്കുന്നില്ല.

Hence the following amendment was considered withdrawn

Mr. T. K. NAYAR.—Add the following as the first proviso to section 28 (1).—"Provided that such separation is assented to by not less than two thirds of the major members of the illom" Renumber the existing proviso in Section 28 (1) as provsio (2).

Mr. E. Ikkanda Warriar.—*Add the following as the first proviso to Section 28 (1):—"Provided that such separation is assented to by not less than two thirds of the major members of the illom". Renumber the existing proviso in Section 28 (1) as proviso (2).*

സാർ, ഇന്നു നമ്മൾ ഇവിടെ കാണുന്ന ഈ അന്തരീക്ഷത്തിൽ ഈ ഭേദഗതി അവതരിപ്പിക്കുവാനായി സാമാന്യത്തിലധികം പരിഭ്രമം എനിക്കുണ്ടു്. ആ പരിഭ്രമം എന്റെ മാന്യ സ്നേഹിതൻ ബഹുമാനപ്പെട്ട പഴയന്നൂർ മെമ്പർ ഇതേ ഭേദഗതി തന്നെ ഇവിടെ അവതരിപ്പിച്ചിട്ടു പിൻവലിച്ചപ്പോൾ കുറച്ചുകൂടി അധികമായി എങ്കിലും ഈ ഭേദഗതി ഈ കൌൺസിലിലേയ്ക്കു് അയക്കുമ്പോൾ ആ വിഷയത്തിൽ എന്നെ പ്രേരിപ്പിച്ച കാരണങ്ങളൊന്നും ഇപ്പോൾ ഇല്ലാതെയായിട്ടില്ല. ഇതു് ഞാൻ തീരെ ആലോചിക്കാതെ ചെയ്തിട്ടുള്ള ഒരു സംഗതിയുമല്ല. അതുകൊണ്ടു് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കാതിരിക്കുന്നതു ശരിയാണെന്നും എനിക്കു തോന്നുന്നില്ല. അതിനായിട്ടാണ് ഞാൻ ഒരുങ്ങുന്നതു്. ഇപ്പോൾ നമ്മുടെ മുമ്പാകെയിരിക്കുന്ന ഈ ബില്ലിൽ ആളൊഹരി ഭാഗം അനുവദിച്ചു കാണുന്നുണ്ടു്. അതിനു് ന്യൂനത വരുത്തുന്ന ഒരു ഭേദഗതിയാണു് ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്. ഇന്നു് ഈ ബില്ലിൽ ഒരു മേജർ മെമ്പർക്കു് ഫ്രീ വയസ്സു കഴിഞ്ഞാൽ എനിക്കു ഭാഗം കിട്ടണമെന്നു പറയുവാൻ അവകാശം കൊടുത്തിട്ടുണ്ടു്. എന്നാൽ എന്റെ ഭേദഗതി കൊണ്ടു വരുന്നതു് ഒരില്ലത്തിലുള്ള മേജർ മെമ്പർമാരിൽ മൂന്നിൽ രണ്ടു ഭാഗം പേരുടെ സമ്മതമുണ്ടെങ്കിൽ മാത്രമേ ഭാഗം അനുവദിക്കുവാൻ പാടുള്ളുവെന്നാണു്. ഇതിനു മുമ്പിലുണ്ടായിരുന്ന ബില്ലിൽ ഇപ്രകാരം ഭാഗം വേണമെന്നു തന്നെ ആവശ്യപ്പെട്ടിരുന്നില്ല. ഇപ്പോൾ ബ്രിട്ടീഷിൽ പാസായിട്ടുള്ള ബില്ലിൽ ആളൊഹരി ഭാഗം അനുവദി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്. അതുകൊണ്ടു നമുക്കും അതുകൂടാതെ കഴികയില്ലെന്നാണ് ഇതിൽ ന്യായമായ ഒരു കാരണം പറഞ്ഞിട്ടുള്ളതു്. ബ്രിട്ടീഷു നിയമം പോലെ തന്നെ ഇവിടേയും നിയമം ഉണ്ടാക്കണം. അതുപോലെ ആകുന്നതു കൊണ്ടു് നല്ലതല്ലെന്നുള്ള അഭിപ്രായം എനിക്കില്ല. ചുരുക്കത്തിൽ എന്റെ അഭിപ്രായം പറയുകയാണെങ്കിൽ നമ്പൂതിരി സമുദായത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ ആളോഹരി ഭാഗം അനുവദിക്കുകയാണെങ്കിൽ അവരുടെ സമുദായത്തിനു് ഹാനികരമായി തീരുമെന്നാണു തോന്നുന്നതു്. നാം ഇവിടെ ചെയ്യുന്നതെല്ലാം തന്നെ സമുദായത്തിന്റെ ഗുണത്തിനു വേണ്ടിയാണു്. ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതു തന്നെ സമുദായത്തിന്റെ ഗുണത്തിനു വേണ്ടിയാണു്. ഇങ്ങിനെ വലുതായ ഒരു ഭാഗം ഈ നിയമത്തിൽ അടങ്ങിയിരിക്കണമെന്നും ഇതിനു യാതൊരു ഭേദഗതിയും വരുത്തെന്നുമാണു് എന്റെ അഭിപ്രായം. എന്നാൽ ഇതുപോലെ തന്നെ വലുതായ ഒരു ഭാഗം ഈ ആളോഹരി ഭാഗത്തിനു വിരോധമായി ഈ സമുദായത്തിലുണ്ടെന്നു് എനിക്കറിയാം. അതു് അവർ സിലക്ററു കമ്മിററി മുമ്പാകെ ഹാജരാക്കുകയോ അതിനെ പററി പറയുകയോ ചെയ്തിട്ടില്ല. ഇതിനെപ്പററി സിലക്ററു കമ്മിററി ആലോചിച്ചിട്ടുണ്ട് എന്നും മറും പറയുമായിരിക്കാം. അവർ ഈ സിലക്ററ് കമ്മിററിയെ സഹകരിച്ചു പ്രവൃത്തിച്ചു എന്നെല്ലാം പറയുമായിരിക്കാം.

മിസ്റ്റർ പി. എസ്സ്. ശേഷൻനമ്പൂതിരി.—ആരും സഹകരിച്ചില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.—അങ്ങിനെ ഒരു സംശയംതോന്നിയിട്ടു പറഞ്ഞതാണു്. ഇല്ലെങ്കിലും വിരോധമില്ല. അവരെ കണ്ടു് ആക്ഷേപം പറവാനുള്ള പ്രാപ്തി ഈ കൂട്ടക്കാക്കു് ഇല്ലാത്തതു കൊണ്ടോ അവരോടു എതിരായി പൊരുതുവാൻ ഉള്ള ശക്തി ഇവക്കില്ലാഞ്ഞിട്ടോ ഇന്നു പ്രത്യേകമായി നിയമിച്ചിട്ടുള്ള മെമ്പർ കൂടി ഭയം തോന്നിയതു പോലെ ഒഴിഞ്ഞുപോയതുകൊണ്ടോ എന്തുതന്നെ ആയാലും ഭാഗം അനുവദിക്കുന്നതു സമുദായത്തിനും വിദ്യാഭ്യാസ സംബന്ധമായും മറും ഹാനികരമാണെന്നു ബോധമുള്ള ഒരു കക്ഷി അവരുടെയിടയിൽ ഉള്ളതു കൊണ്ടു് അവരുടെ ആവശ്യപ്രകാരമാണു് ഞാൻ ഈ ഭേദഗതി ഇവിടെ ഹാജരാക്കിട്ടുള്ളതു്.

കുറച്ചു വിലയുള്ള രണ്ടു പ്രധാന കാരണങ്ങളാണു് ഇതിനു് എതിരായി എനിക്കു് പറയുവാനുള്ളതു്. അതു ഞാൻ ചുരുക്കത്തിൽ പറയാം. ബ്രിട്ടീഷിൽ ഇപ്പോൾ ഒരു നിയമമുണ്ടു്. അതുപോലെയല്ല ഇവിടത്തെ നിയമമെങ്കിൽ കുറച്ചു ബുദ്ധിമുട്ടും വിഷമവും ഉണ്ടായേക്കും. പണക്കാരായ ചില ജന്മികൾക്കു് അവിടേയും ഇവിടേയും സ്വത്തുക്കളുണ്ടു്. അവിടെ ഭാഗമുണ്ടു്. ഇവിടെ അതില്ല. എന്നുള്ള നില വരുവാനിടയുണ്ടെന്നും പറയുന്നു. അതിൽ കുറെ വാസ്തവമുണ്ടു്. അങ്ങിനെയുള്ള നമ്പൂതിരിമാർ

LIBRARY ARCHIVES Kerala Legislative Assembly

വളരെ കുറച്ചേയുള്ളൂ. അധികമാളുകളും കൊച്ചിരാജ്യക്കാർ തന്നെയാണ്.

പിന്നെ ഒരു കാരണം പറയുന്നതു് ഒരു നമ്പൂതിരി ഗൃഹത്തിൽ എല്ലാ പുരുഷന്മാർക്കും വേളി കഴിക്കാമെന്നുള്ള ഒരു നിയമം വരികയാണെങ്കിൽ പലേ ഗൃഹത്തിലുള്ളവർ തമ്മിൽ യോജിക്കാനിടവരുമെന്നും അതുകൊണ്ടു് വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നും ഭാഗം അനുവദിച്ചില്ലെങ്കിൽ കഴുപ്പം നേരിടുമെന്നുമാണ്. ഏതായാലും ഒരു കുടുംബമായി വരുമ്പോൾ അതിന്റെ ഗുണദോഷമനുസരിച്ചു് പ്രവൃത്തിക്കുവാനുള്ള ബുദ്ധി അവർക്കുണ്ടാകും. അവരുടെ ഇഷ്ടം പോലെ നടക്കും. ഇന്നു വളരെ പരിഷ്കാരം അറിവുമുള്ള നായർസമുദായത്തിൽ തന്നെ നോക്കുക. അവർക്കു തായ്വഴി ഭാഗം മാത്രമേ അനുവദിച്ചിട്ടുള്ളൂ. പഴയ നായർ കുടുംബങ്ങൾ അതേ രീതിയിൽ തന്നെയിരിക്കണമെന്നല്ല ഞാൻ പറയുന്നതു്. അവർക്കും കാലാവസ്ഥക്കനുസരണമായ സ്വാതന്ത്ര്യം വേണമെന്നുള്ള പക്ഷക്കാരനാണ് ഞാൻ. ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നതിന്റെ താല്പര്യം ആളോഹരി ഭാഗം നമ്പൂതിരിമാർക്കു വേണ്ട എന്നുള്ളതല്ല. അവരെ കുറച്ചുകൂടി മുമതലാബോധമുള്ള നിലയിൽ ആക്കി തീർക്കണമെന്നു മാത്രമാണ്. ഈ ബിൽ ഇവിടെ പാസായി തമ്പുരാന്റെ അനുമതി വാങ്ങിയതിനു് ശേഷം ഉടനെയെങ്കിലും ഒരു ഭേദഗതി കൊണ്ടുവരുവാനിടയായാൽ അത്രത്തോളം ആളുകൾക്കും ഒരുക്കത്തിനു് ഇടയുണ്ടാകും.

ഇപ്പോഴത്തെ നിലയിൽ എല്ലാ മെമ്പർമാർക്കും വേളി കഴിക്കുവാൻ വിരോധമില്ല. ചിലവിനു് ആവശ്യപ്പെട്ടാൽ കിട്ടും. പ്രത്യേകിച്ചും ഒരു മെമ്പറായാൽ എന്തെല്ലാം സൌകര്യങ്ങൾ വേണമോ അതെല്ലാം ഈ ബില്ലുകൊണ്ടു കിട്ടുന്നുണ്ടു്. വസ്തുക്കൾ അന്യാധീനപ്പെടുത്തുവാനുള്ള പൂർണ്ണ സ്വാതന്ത്ര്യം കിട്ടിയിട്ടില്ല എന്നേയുള്ളൂ. രണ്ടു മൂന്നു കൊല്ലം കഴിഞ്ഞാൽ ഈ ബിൽ നടപ്പിലായി തുടങ്ങുമ്പോൾ ഒരു ഭേദഗതി വഴിക്കു് അതു കൊണ്ടുവരാവുന്നതാണെങ്കിൽ അങ്ങനേയും ചെയ്യാം. കുട്ടികളായുള്ളവർക്കു മുമതലാബോധമോ കാര്യവിവരമോ ഇല്ലാതെ ഭാഗസംബന്ധമായി എന്തും പ്രവൃത്തിയ്ക്കാമെന്നുള്ള നിലവന്നു് കുടുംബം ഇല്ലാതെവന്നാലോ എന്നുള്ള വിചാരത്തോടു കൂടിയാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. ഇതും പറഞ്ഞുകൊണ്ടു് ഈ ഭേദഗതിയെ ക്ലേശകരമായി ആലോചിച്ചു പാസാക്കുവാനായിട്ടു് ഞാൻ സഭയിൽ അവതരിപ്പിച്ചുകൊള്ളുന്നു.

Amendment lost for want of a seconder.

Section 28—30 were then put and carried.

28. (1) Any member of an illom, male or female, can claim to take his or her share of all the properties of the illom over which it has power of disposal and separate from the illom.

Right of member to claim partition.

LIBRARY ARCHIVES Kerala Legislative Assembly

Provided that, where a male member of an illom whose wife is also a member thereof claims to separate from the illom, he shall do so on behalf of himself and his wife, and the shares of the husband and the wife shall be allotted to them jointly.

(2) (a) A member of an illom separating from it under sub section (1) shall be entitled to such share of the illom properties as would fall to him or her if a division per capita were made among all the members of the illom then living.

(b) A husband and wife separating from an illom under the proviso to sub section (1) shall be entitled to such share of the illom properties as would fall to them if a division per capita were made among all the members of the illom then living.

(3) No claim to separate from an illom made on behalf of a minor shall be allowed by any Court unless it is satisfied that such separation would be to the benefit of such minor.

Partition on change of religion.

29. Any member of an illom who has changed his or her religion may claim, or be compelled by any other member of the illom, to take his or her share of the illom properties and separate from the illom.

Character of property taken on partition.

30. The share obtained by any member separating from an illom under sub-section (1) or section 28 or under section 29 shall be the separate property of such member.

Provided that the share obtained by a husband and wife separating jointly under the proviso to sub-section (1) of section 28 shall be taken by them with the incidents of illom property.

Provided also that members who take their shares on partition shall be at liberty to reunite and form themselves into an illom.

Mr. P. S. Kesavan Nambudiri.—In Chapter VI after section 30 insert section 33 as section 31 and renumber the subsequent sections accordingly.

ഈ ഭേദഗതി വളരെ പ്രധാനമായിട്ടുള്ള ഒന്നല്ല. ഒരു സെക്ഷന്റെ നമ്പർ മാറിയിട്ടുള്ളതു് ശരിയാക്കണമെന്നു മാത്രമാണു്. നമ്പർ വകുപ്പായി കൊടുത്തിട്ടുള്ളതിനെ നമ്പർ ഇട്ടു ചേർക്കണം. നമ്പർ വകുപ്പിൽ പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം സ്വത്തു ഭാഗിച്ചു കൊടുന്നതിനുമുമ്പു് അതിനെ മറ്റൊരാൾക്കു് കൈമാറ്റം ചെയ്യുവാൻ പാടില്ല എന്നുള്ളതാണു്. അതു ഭാഗത്തെ സംബന്ധിച്ചു വിവരിക്കുന്ന സെക്ഷനു താഴെയായി നമ്പർ എന്ന നമ്പരിട്ടു ചേർത്താൽ കൊള്ളാമെന്നു മാത്രമേ അപേക്ഷിക്കുന്നുള്ളു.

Mr. Joseph Pettah.—I second it.

Amendment put and carried.

Deputy President.—Then the present section 33 will read as section 31 and sections 31 and 32 will be sections 32 and 33 respectively.

Sections 31—33 were then put and carried.

Restriction on alienation and attachment of undivided share in illom property.

31. A Nambudiri male or female shall not dispose of his or her share in the illom property nor shall it be liable to be attached until a severance in status has been attained.

LIBRARY ARCHIVES Kerala Legislative Assembly

32. Nothing contained in this Regulation shall be deemed to affect any law, custom or usage applicable to Nambudiris except to the extent expressly lay down in this Regulation.

Saving.

33. The provisions of this Regulation shall also apply to the following communities in Cochin, namely, Adigal, Elayads, Moosads or Moothathu and Nambissans and Nambiyars, who do not follow the Marumakkathayam system of inheritance and who follow customs and usages similar to those of the Nambudiries.

Application of the Regulation to certain communities.

Mr. T. K. Nayar.—I don't move the next amendment.

As the following amendment was not moved it was considered withdrawn.

Mr. T. K. Nayar.—Add the following Chapter to the Bill.

CHAPTER VIII.
Impartible Illoms.

34. Any Illom wishing to exclude itself from the operation of the sections as to partition in this Regulation may, within six months from the passing of this Regulation, notify its intention of impartibility, by registering its name in the office of the Diwan Peishkar.

35. Notice of such intention as specified in S. 34 shall be given by not less than two-thirds of the major members of the Illom.

36. On receipt of such notice, the Diwan Peishkar shall, if he is satisfied that the said notice is agreed to and signed by the majority as provided for by section 35, register the Illom as an impartible Illom and, if he is not so satisfied, reject the notice.

37. It shall be competent to an Illom registered as impartible to exempt itself from the provisions of this chapter by a further notice, stating its desire to cancel the registration previously made, provided that all such notices shall be agreed to and signed by not less than two-thirds of the major members of the Illom.

38. On receipt of the notice contemplated in section 37, the Diwan Peishkar shall, if he is satisfied that it is agreed to and signed by the majority mentioned above, cancel the registration of impartibility.

39. The Diwan Peishkar shall keep a register of all such applications and orders as provided for in this chapter, and such register shall be open to the public who shall be allowed copies of the same.

40. All proceedings taken by the Diwan Peishkar under this chapter shall be deemed to be judicial proceedings and his orders shall be final.

Mr. E. Ikkanda Warriar.—Add the following chapter to the Bill.

CHAPTER VIII.
Impartible Illoms.

34. Any Illom wishing to exclude itself from the operation of the sections as to partition in this Regulation may, within six months from the passing of this Regulation, notify its intention of impartibility, by registering its name in the office of the Diwan Peishkar.

35. Notice of such intention as specified in S. 34 shall be given by not less than two-thirds of the major members of the Illom.

36. On receipt of such notice, the Diwan Peishkar shall, if he is satisfied that the said notice is agreed to and signed by the majority as provided for by section 35, register the Illom as an impartible Illom and, if he is not so satisfied, reject the notice.

LIBRARY ARCHIVES Kerala Legislative Assembly

37. It shall be competent to an Illom registered as impartible to exempt itself from the provisions of this chapter by a further notice, stating its desire to cancel the registration previously made, provided that all such notices shall be agreed to and signed by not less than two thirds of the major members of the illom.

38. On receipt of the notice contemplated in section 37, the Diwan Peishkar shall, if he is satisfied that it is agreed to and signed by the majority mentioned above, cancel the registration of impartibility.

39. The Diwan Peishkar shall keep a register of all such applications and orders as provided for in this chapter, and such register shall be open to the public who shall be allowed copies of the same.

40. All proceedings taken by the Diwan Peishkar under this chapter shall be deemed to be Judicial proceedings and his orders shall be final.

ഇതിനു മുമ്പിലത്തെ ഭേദഗതിയുടെ വിധി കണ്ടിട്ട് ഇതിനായിട്ട് ഒന്നുകൂടി പുറപ്പെടുന്നതു സാഹസമായിരിക്കുമെങ്കിലും ഞാൻ അതിനെകുറിച്ചു ഭയപ്പെടുന്നില്ല. ഞാൻ ഇതിലേക്കു വേണ്ടി അധികം സമയം കളയുവാനും വിചാരിക്കുന്നില്ല. ആളോഹരി ഭാഗം വേണമെന്നുള്ളതിനെ സംബന്ധിച്ച് ഈ കൌൺസിലിന്റെ അഭിപ്രായം ഇന്നതാണെന്നു കണ്ടുകഴിഞ്ഞു. എന്റെ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു് ആളോഹരി ഭാഗം അനുവദിച്ചിട്ടുണ്ടെങ്കിലും ഏതെങ്കിലും കുടുംബത്തിൽ അധികഭാഗം മെമ്പർമാരും അവിഭക്തകുടുംബമായിരിക്കണമെന്ന നിയമം ഉണ്ടാക്കുവാൻ വേണ്ടി അവർക്കു വേണ്ട സൌകര്യം ചെയ്തുകൊടുക്കണമെന്നു മാത്രമേയുള്ളൂ. ഇന്നു് ഒരു കുടുംബത്തിൽ മൂന്നിൽരണ്ടു ഭാഗം മേജർ മെമ്പർമാക്ക് ഓഹരി വാങ്ങി പിരിയണമെന്നും അവിഭക്ത കുടുംബമായാൽ കൊള്ളാമെന്നും മോഹമുണ്ടെങ്കിൽ അതിനനുവദിക്കണമെന്നാണ് ഇപ്പോഴും തന്നെ നായർ റെഗുലേഷനിൽ ഇങ്ങിനെയുള്ള സംഗതിക്കു് ദിവാൻപേഷ്കാർക്കു ഹർജി കൊടുക്കുക, ദിവാൻപേഷ്കാർരജിസ്റ്റർ ചെയ്യുക എന്നുള്ള ഒരു നിയമമുണ്ടു്. അതും പിന്നീടുള്ള മാറ്റത്തെ തടയുന്നതാണു്. എന്നു തന്നെയല്ല അവർക്കും പൂർണ്ണ സ്വാതന്ത്ര്യം അതുകൊണ്ടു വരുന്നുണ്ടു്. ഇല്ലെന്നു ഞാൻ പറയുന്നില്ല. അങ്ങിനെയാണെങ്കിലും അതുകൊണ്ടു് ആർക്കും ഒരു ദോഷവും വരുവാനില്ല. അതുപോലെതന്നെ എപ്പോഴെങ്കിലും ഒരു കുടുംബക്കാർക്കു് ഭാഗിക്കണമെന്നതോന്നുന്നപക്ഷം അവിഭക്തത്തെ നടാക്കുവാൻ കൂടി അവർക്കു് അധികാരമുണ്ടു്. ഈ നിയമത്തോടുകൂടിയുള്ള നാലഞ്ചു വകുപ്പുകൾ ഒരു പുതിയ അദ്ധ്യായമായി ഇതിൽ ചേർക്കണമെന്നാണു് എന്റെ ഭേദഗതി. ഇതിൽ ആദ്യഭാഗം അവതരിപ്പിച്ചു് അതിന്റെ ഫലം കണ്ടതിനുശേഷം ബാക്കിയുള്ളതു് അവതരിപ്പിക്കണോ വേണ്ടയോ എന്നു തീരുമാനിക്കാം. ഈ ഭേദഗതിയിൽ ആദ്യത്തെ ഭാഗം മാത്രം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. എൻ. ഇട്ടിഅച്ചി നമ്പൂതിരി.—ഞാൻ ഇതിനെ second ചെയ്യുന്നു. അതിനു ഞാൻ ചില പ്രത്യേക കാരണവ

LIBRARY ARCHIVES Kerala Legislative Assembly

ശാൽ നിർബ്ബന്ധിതനായിരിക്കുന്നു. ഞാൻ ഈ കൌൺസിലിലെ ജന്മി പ്രതിനിധിയാണ്. ജന്മിമാരിൽ വച്ചു പ്രധാന ജന്മി ദേശമംഗലത്തു നമ്പൂതിരിപ്പാടവർകളാണ്- അതിനെ സംബന്ധിച്ചു പറയാനാണ് ഞാൻ എഴുന്നേറ്റതു്. ജന്മി മെമ്പർക്കു് ഈ വിഷയത്തിൽ പ്രത്യേകം ഒരു ബന്ധമുണ്ടു്. നമ്പൂതിരി സമുദായത്തിനു ഭാഗവ്യവസ്ഥ നാശകാരണമാണെന്നു് ദേശമംഗലത്തു നമ്പൂതിരിപ്പാടവർകൾ ചൂണ്ടിക്കാണിച്ചു എനിക്കു് ഒരു കത്തയച്ചിട്ടുണ്ടു്. ഞാനും അദ്ദേഹത്തിനു മറുപടി അയച്ചു. അയച്ചു കത്തു കിട്ടി നമ്പൂതിരിമാരിൽ എത്ര പേർക്ക് ഈ അഭിപ്രായമുണ്ടെന്നറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ എഴുതിയതിനു് ജന്മിവോട്ടർമാരായ മിക്ക നമ്പൂതിരിമാർക്കും ഇതുതന്നെയാണു് അഭിപ്രായം എന്നദ്ദേഹം മറുപടി തന്നു. ജന്മികൾക്കു ഭാഗവ്യവസ്ഥയിൽ വളരെ എതിരുണ്ടു്. ഭാഗവ്യവസ്ഥ കൂടാതെ നമ്പൂതിരിമാർക്കു് ഒരു നിയമമുണ്ടാക്കുകയാണെങ്കിൽ തീർച്ചയായും ഞാൻ അതിനെതിരാണെന്നാണു് എന്റെ മനസ്സാക്ഷിയനുസരിച്ചു പറയുന്നതു്. ചുരുക്കി പറഞ്ഞാൽ ഞാൻ ഒരു കാരണവനാണു്. പക്ഷെ ജന്മിയാണോ എന്നു് എനിക്കു സംശയമുണ്ടു്. ഭാഗവ്യവസ്ഥയുണ്ടായാൽ ഗുണമൊന്നുമില്ലെന്നു ജന്മികൾക്കഭിപ്രായമുണ്ടെന്നുള്ള സംഗതിയെ സഭയിൽ ധരിപ്പിക്കുന്നതോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ പി. കൃഷ്ണമേനോൻ.—സാർ, എനിക്കു ജന്മിമാരുടെ കത്തുകളോ, വേറെയുള്ള ശാസനങ്ങളോ ഒന്നുംതന്നെ കിട്ടീട്ടില്ല. എന്നാൽ സിലക്ററു കമ്മിറ്റി മെമ്പറായിരുന്ന ഘട്ടത്തിൽ ഞാൻ ഈ റിപ്പോർട്ടു സ്വീകരിച്ചു് അതിൽ ചുരുക്കമായിട്ടു ഒരു അഭിപ്രായം രേഖപ്പെടുത്തീട്ടുണ്ടു്. അതു ഇവിടെ ഒന്നു വായിച്ചു കേൾപ്പിക്കാം.

"സാധാരണ സംഗതികളിൽ ആളോഹരി ഭാഗം അനുവദിച്ചുകൊണ്ടുള്ള ആറാമദ്ധ്യായത്തിലെ വ്യവസ്ഥകളെ സംബന്ധിച്ചു കമ്മിറ്റി ഈ ഭേദഗതി ഒരു വലിയ ഭേദഗതിയാണെന്നു പറയുന്നു. ഈ വ്യവസ്ഥ ബില്ൽ അവതരിപ്പിച്ചിട്ടുള്ള നമ്പൂതിരി മാന്യൻ കൂടി ആഗ്രഹിച്ചിട്ടില്ലാത്തതും, "കൂട്ടുകുടുംബസ്വത്തിന്റെ അനുഭവത്തെ സംബന്ധിച്ചുള്ള ജനങ്ങളുടെ ആചാരങ്ങളും ധാരണകളും ഇതു പഴ്വന്തം അവർക്കു ബാധകമായിരുന്നിട്ടുള്ളതും അടുത്തകാലം വരെ തൃപ്തികരമായി അവരെ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്തു പോന്നിരുന്നതുമായ ആചാര നിയമത്തെ തുടീകരിച്ചുള്ള നിയമത്തിന്റേയും നടപടിചട്ടങ്ങളുടേയും തത്വങ്ങളെ അതിലംഘിച്ചിരിക്കുന്നു." എന്നുള്ള കമ്മിറ്റിയുടെ വിശ്വാസത്തിന്റെ (ആ വിശ്വാസത്തോടു ഒരു വിരോധാഭിപ്രായത്തോടുകൂടി. ഞാനും പൂർണ്ണമായി യോജിക്കുന്നു)—ഫലമായിട്ടുള്ളതുമാകുന്നു. എനിക്കിവിടെ പറയുവാനുള്ളതു് ഈ ആശയാവലോകന വ്യത്യാസങ്ങൾ പ്രധാനമായി സംഭവിച്ചിട്ടുള്ളതു് ഭൂരിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെന്നു സമ്മതിപ്പാൻ തന്നെ വിരോധമില്ലാത്ത നമ്പൂതിരിയുവജനങ്ങളിലാണെന്നുള്ള സംഗതിയാണ്. എന്നാൽ ഭൂരിപക്ഷക്കാരായിരുന്നാൽ പോലും അവക്ക് സർക്കാർ രക്ഷകൊടുക്കുമുള്ള ന്യൂനപക്ഷക്കാരെ കുത്തുകയുവാനുള്ള അവകാശമുണ്ടെന്നു സമ്മതിക്കുവാൻ ഞാൻ ഒരിക്കലും തയ്യാറില്ല. അതുകൊണ്ട് ഇല്ലത്തെ ഭൂരിപക്ഷ മെമ്പർമാർ സമ്മതമാണെങ്കിൽ, അങ്ങിനെയുള്ള ഇല്ലങ്ങളെ നായർ റഫറേഷനിൽ പറഞ്ഞിരിക്കുന്ന നടപടികൾ പോലെയുള്ള നടപടികൾ നടത്തി ഈ റഫറേഷന്റെ പ്രവർത്തനത്തിൽനിന്നും പുറമെ നില്ക്കുന്നതിനനുവദിച്ചുകൊണ്ട് ഒരു വകുപ്പുകൂടി ഇതിൽ ചേർക്കേണ്ടതാണെന്നാണ് എന്റെ ശുപാർശ."

ഇതു് സിലക്ഷൻ കമ്മിറ്റി റിപ്പോർട്ടോടുകൂടി തന്നെ ഞാൻ കൌൺസിലിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. അതുകൊണ്ട് എന്റെ അഭിപ്രായത്തെ കൂടുതലായിട്ട് ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി ഞാൻ ഇതിൽ പിൻതാങ്ങുന്നതല്ലാതെ വേറെ ഒരാളുടെ ശുപാർശ പ്രകാരം ചെയ്യുന്നതല്ല. ഇതിനെപ്പറ്റിയുള്ള ന്യായങ്ങളെല്ലാം ഓരോന്നായി എടുത്തു പറയുവാൻ ഞാൻ വിചാരിക്കുന്നില്ല. മിസ്റ്റർ ഈച്ചരമേനവന്റെ ഭേദഗതിയെ സംബന്ധിച്ചിടത്തോളം പറഞ്ഞ സംഗതികളിൽനിന്നും എനിക്കു കിട്ടീട്ടുള്ള ഒരു ന്യായം കൂടി ഇവിടെ പറയാം. ഇന്നലെ വരെ വിവാഹ കാര്യത്തിൽ സ്വാതന്ത്ര്യം ഉള്ള നമ്പൂതിരിമാർക്ക് നാളെ വെളിച്ചമാകുമ്പോൾ അതു മുഴുവൻ ഇല്ലായ്മ ചെയ്താൽ വളരെ കഠിനമാണ്. അതുകൊണ്ട് ആ ഭേദഗതി സ്വീകരിക്കേണ്ടതല്ലെന്നാണ് എന്റെ അഭിപ്രായമെന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല.

നമ്പൂതിരിയില്ലങ്ങൾ വിഭജിക്കത്തക്കതല്ലെന്നാണ് നമ്പൂതിരി സമുദായക്കാരുടെയെല്ലാം അഭിപ്രായം. അങ്ങിനെയിരിക്കുമ്പോൾ നാളെ അവർക്കു ഫൈ, ഫൻ വയസ്സുള്ള കുട്ടികളുണ്ടായാൽ എനിക്കുള്ളതെവിടെ? തരിക, എന്നു ചോദിച്ചു വാങ്ങത്തക്ക സ്ഥിതി വരുത്തരുതെന്നാണ് എന്റെ താഴ്മയായ അഭിപ്രായം: ഞാൻ ഇതു് ആരേയും ആക്ഷേപിക്കുവാനല്ല പറയുന്നതു്. ഒരു ഉദാഹരണം കൂടി പറയുവാനുണ്ട്.

പനി പിടിച്ച് കണ്ണുമങ്ങിയും പൊടിയരിക്കഞ്ഞിയും കഴിച്ചു കൊണ്ടിരിക്കുന്ന ഒരാൾക്ക് പിറ്റേ ദിവസം വലിയ പുട്ടും പ്രഥമനും കൂട്ടി ഒരു സദ്യകൊടുത്തിയാൽ എന്തായിരിക്കും അയാളുടെ മോഹം, അതുപോലെ പരിചയമില്ലാത്ത ആളുകൾക്ക് ഈ ഒരു കോടാലി കയ്യിൽ കൊടുത്തുവെന്നുണ്ടെങ്കിൽ ഇന്നലെ കണ്ടകാഴ്ച പോലെ നമ്പൂതിരി സമുദായത്തെ സംബന്ധിച്ച് ശിവ ശിവ! നമശിവായ!! എന്നു മാത്രമേ പറയുന്നുള്ളൂ. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പാർവ്വതി നെന്മിനിമംഗലം.—സാർ, ഈ ഉപക്ഷേപത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. മൂന്നിൽ രണ്ടുഭാഗം അളുകൾ സമ്മതിച്ചേ ഭാഗിയ്ക്കാവു, അല്ലെങ്കിൽ മൂന്നിൽ രണ്ടുഭാഗം മെമ്പർമാർ അപേക്ഷിച്ചാൽ അവിഭക്തമാക്കണമെന്നാണല്ലോ ഈ ഉപക്ഷേപത്തിലുള്ളതു്. ഇതിനെ എനിയ്ക്കു് എതിർക്കാതെ നിവൃത്തിയില്ല.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി അവതരിപ്പിച്ച ബില്ലിൽ ഭാഗവ്യവസ്ഥ ഉണ്ടായിരുന്നില്ലെന്നു ഞാൻ സമ്മതിയ്ക്കുന്നു. എന്നാൽ ഇന്നു് നിയമസഭയുടെ ആലോചനയിലിരിയ്ക്കുന്ന ബില്ലിൽ ആളോഹരി ഭാഗവ്യവസ്ഥ ചേർത്തിട്ടുണ്ടു്. ഇതു സിലക്ടു കമ്മിറ്റിയുടെ ഒരു പൊടിക്കയ്യൊന്നുമല്ല. അവരുടെ സേവാധികാരത്തിന്റെ തെരുപ്പിടിയ്ക്കലുമല്ല. സമുദായത്തിന്റെ അഭിപ്രായം അറിയുവാനായി സെലക്ടു കമ്മിറ്റി ആവുന്നതും പണിയെടുത്തിട്ടുണ്ടു്. നമ്പൂതിരി സമുദായത്തെ മൻകൂട്ടി വിവരമറിയിച്ചു് കൊച്ചീരാജ്യമാസകലം സക്കീട്ടചെയ്തു് തെളിവെടുത്തു. അതിനുംപുറമെ, പല സമുദായപ്രമാണികൾക്കും ചോദ്യങ്ങളയച്ചു് സമുദായത്തിന്റെ അഭിപ്രായം അറിയുകയും ചെയ്തു. ഇങ്ങിനെ സമുദായത്തിന്റെ ഹിതമനുസരിച്ചു് കമ്മിറ്റിയ്ക്കു കിട്ടിയ തെളിവിനെ ആസ്പദമാക്കി ചെയ്ത ഉചിതമായ ഒരു മാറ്റമാണു് ആളോഹരിഭാഗവ്യവസ്ഥ. സാമുദായികബില്ലുകൾ അതാതു സമുദായത്തിന്റെ ആവശ്യത്തേയും നിർദ്ദേശത്തേയും അനുസരിച്ചാണല്ലൊ രൂപവല്ക്കരിയ്ക്കേണ്ടതു്. നമ്പൂതിരിബില്ലിനെസംബന്ധിച്ചാകട്ടെ വളരെ കാലമായി സമുദായപ്രമാണികൾ ചിന്തിയ്ക്കുവാൻ തുടങ്ങിയിട്ടു്. ഇതു് ഈ നിയമസഭയ്ക്കു് അറിഞ്ഞുകൂടാത്തതൊന്നുമല്ല. ഇതിനു മുമ്പും ഒരു നമ്പൂതിരിബിൽ ഈ സഭ പാസ്സാക്കീട്ടുണ്ടു്. അത്രയധികം ഗർഭക്ലേശം സഹിച്ചുണ്ടായ ആ ദുർബ്ബലശിശുവിന്റെ അകാലമരണംകൊണ്ടുള്ള തീവ്രവേദയുടെ മുറിവുകൾ ഈ നിയമസഭാമാതാവിന്റെ മാറിടത്തിൽ ഇന്നും കല്ലകെട്ടി കിടക്കുന്നുണ്ടാവും.

ആളോഹരിഭാഗവ്യവസ്ഥയോടുകൂടിയ ഒരു ബില്ലാണു് സമുദായത്തിനാവശ്യമെന്നുള്ള മുറവിളി അന്നുമുതല്ക്കു മുഴങ്ങിത്തുടങ്ങീട്ടുണ്ടു്. തൽഫലമായിട്ടാണു് മലബാറിൽ ഒരു നമ്പൂതിരിബിൽ അടുത്തുതന്നെ നിയമമാക്കികിട്ടിയതു്. ഈ ബില്ലിനുവേണ്ടി മദിരാശി നിയമസഭയിൽനിന്നും അനേകം തെളിവുകൾ സംഭരിക്കയുണ്ടായിട്ടുണ്ടു്. ആ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയാണു് മലബാർ നമ്പൂതിരിബിൽ തയ്യാറാക്കീട്ടുള്ളതു്. മലബാർ നമ്പൂതിരി ബില്ലിലെ ആറാം അദ്ധ്യായം ഭാഗവ്യവസ്ഥയാണു്. അതിലും ആളോഹരിഭാഗമാണു് വ്യവസ്ഥചെയ്തിട്ടുള്ളതു്. അതുകൊണ്ടു് ഈ കൊച്ചീ നമ്പൂതിരിബില്ലിലും ആളോഹ

LIBRARY ARCHIVES Kerala Legislative Assembly

രിവ്യവസ്ഥ കൂടിയേകഴിയൂ. കാരണം, മലബാറിലേയും കൊച്ചിയിലേയും നമ്പൂതിരിമാർ തങ്ങളിൽ നടപ്പിലാകട്ടെ, ആചാരത്തിലാകട്ടെ, നിയമത്തിലാകട്ടെ യാതൊരു വ്യത്യാസവുമില്ല. അങ്ങിനെ നിയമത്തിൽ വ്യത്യാസമുണ്ടാക്കുന്നതു് സമുദായത്തിന്റെ നിലനില്പിനു യോജിച്ചതുമല്ല. തൊട്ടുകിടക്കുന്ന രണ്ടു ഗവൺമെൻറുകളുടെ കീഴിലുള്ള ഒരു സമുദായത്തിനു് ഒരേ ഒരു നിയമമാണുണ്ടാകേണ്ടതു് എന്ന സലക്ററുകമ്മിറ്റിയുടെ അഭിപ്രായം വളരെ വാസ്തവമാണു്.

മലബാറിലേയും കൊച്ചിയിലേയും നമ്പൂതിരിബില്ലുകൾ ഇരട്ടപെറ കുട്ടികളെപോലെ സമുദായമാതാവിന്റെ മടിത്തട്ടിൽ കിടന്നുകളിയ്ക്കട്ടെ.

ന്യൂനപക്ഷക്കാരാണു് എതിരാളികൾ.

ഭാഗത്തിനു വിരോധമായി ഇങ്ങനെ ഒരു ഉപക്ഷേപം അവതരിപ്പിയ്ക്കുന്നതിൽ ഉപക്ഷേപകത്താവിനു പറയുവാനുള്ള ന്യായം തന്റെ നിയോജക മണ്ഡലത്തിന്റെ ആവശ്യമനുസരിച്ചാണെന്നായിരിയ്ക്കണമല്ലോ? ഏതു നിയോജകമണ്ഡലത്തിന്റെ മുക്കിലും മൂലയിലും തപ്പിനോക്കിയാൽ ബിൽ വിരോധികളേയോ ഭാഗവിരോധികളേയോ കണ്ടുകിട്ടില്ലെന്നു വാദിയ്ക്കാൻ വയ്യ. എന്നാൽ അവരെയൊന്നും ധാരാളമായി പുറത്തുകണ്ടില്ല. അതുകൊണ്ടു ഭാഗത്തിനു വിരോധമായി സമുദായത്തിൽ ഒരു ന്യൂനപക്ഷിമാത്രമേയുള്ളുവെന്നാണു് കമ്മിറ്റിയുടെ അനുഭവവും വിശ്വാസവും. ബിൽ വിരോധികളെന്നു പുറയപ്പെടുന്ന ചിലരുടെ ആവശ്യത്തിനുവേണ്ടി മാത്രം ഒരു പ്രത്യേക സ്ഥലത്തു്, അതായതു് ചാലക്കുടിയിൽ യോഗംകൂടി കമ്മിറ്റിക്കാർ തെളിവെടുക്കുകയുണ്ടായി. അവിടേയും കേവലം നിസ്സാരമായ ഒരു ന്യൂനപക്ഷത്തെ മാത്രമേ കമ്മിറ്റിയ്ക്കു കാണുവാൻ കഴിഞ്ഞുള്ളൂ. ഈ ന്യൂനപക്ഷത്തിന്റെ വാദം ഭാഗവ്യവസ്ഥ സമുദായത്തിനു ദോഷകരമാണെന്നാണു്. എന്നാൽ ഞാൻ തിരുത്തുപയുന്നു; അതൊരിയ്ക്കലും സമുദായത്തിനു ദോഷകരമല്ല. വ്യക്തിത്വമാണല്ലൊ ഇന്നത്തെ ശരിയായതത്വം. ഇതു നമ്പൂതിരിയ്ക്കും ബാധകമാണു്. കേവലം അല്പസത്യത്തിനുമാത്രം കാരണഭൂതമായ കൂട്ടുകുടുംബത്തിന്റെ സ്വത്തു് ഇന്നത്തെ അഭിപ്രായമനുസരിച്ചു പരിഷ്കരിച്ചു വിനിയോഗിയ്ക്കുന്നതു് വ്യക്തിത്വത്തിനു പറ്റിയതാണു്.

ഭാഗവും വിദ്യാഭ്യാസവും.

ഭാഗം കിട്ടാതെ കുട്ടികൾക്കു വിദ്യാഭ്യാസത്തിനുപോലും വകയില്ല. തൃശ്ശിവപേരൂരിൽ നടക്കുന്ന നമ്പൂതിരിവിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സ്ഥിതിതന്നെ ഇതിനുദാഹരണമാണു്. പന്തീരായിരവും അതിലധികവും സ്ത്രീകൾക്കൊടുക്കുന്ന വമ്പിച്ച തറവാടുകളിലെ അനന്തിരവന്മാർ പഠിയ്ക്കുവാൻ പണമില്ലാതെ, പ

LIBRARY ARCHIVES Kerala Legislative Assembly

രെയുദ്ധത്തിന്റെ പടിവാതില്ക്കൽ പാട്ടകിടന്നാണ പഠിച്ചുപോരുന്നത്. ഇല്ലത്താണെങ്കിൽ കാരണവരുടെ കൈകായ്പും നടത്തുന്നകൈ തറവാട്ടുസ്വത്തുകൊണ്ട് തന്നിഷ്ടംപോലെ തായാട്ടനുണ്ടാവാം. ഇതിലും വലിയ കഷ്ടാവസ്ഥ മറെന്താണ്. അവരുടെ അച്ഛനു് തന്റേയും മക്കളുടേയും ഓഹരികം കിട്ടുമായിരുന്നെങ്കിൽ ഈ സ്ഥിതിയൊന്നും വരികയില്ലായിരുന്നു; മക്കളെ പഠിപ്പിയ്ക്കാമായിരുന്നു.

നമ്പൂതിരി സമുദായത്തിന്റെ നല്ലകാലമെന്നു പറയട്ടെ, സമുദായത്തിലെ ചെറുപ്പക്കാരായ പുരുഷന്മാരും അല്പം ചില അന്തർജ്ജനങ്ങളും നവീനലോകത്തെ നല്ലവണ്ണം നോക്കിക്കാണുവാൻ തുടങ്ങീട്ടുണ്ട്. തൽഫലമായി അവർ ഇന്നത്തെ ലോകഗതിയനുസരിച്ചു് കാലോചിതമായി ജീവിയ്ക്കുവാനും തുടങ്ങീട്ടുണ്ട്. ഇതുകാരണം, പഴമക്കാരെന്നഭിമാനിക്കുന്ന കാരണവന്മാരുമായി ഇവക്കു കുറേശ്ശെ സ്വരച്ചേർച്ച കുറഞ്ഞുവരുന്നുണ്ട്. എന്നല്ല പലയിടത്തും വലിയ കശപിശയും നടക്കുന്നുണ്ട്. ഒരു ചെറിയ ഉദാഹരണം പറയാം. ചെറുപ്പക്കാരികളായ പല അന്തർജ്ജനങ്ങളും എന്നെപോലെ മറുകര കണ്ടവരാണ്. എന്നല്ല ഇന്നത്തെ ചെറുപ്പക്കാരികളായ അന്തർജ്ജനങ്ങളിൽ അധികംപേരും മറുകര കണ്ടു മനുഷ്യരെപോലെ ജീവിക്കുവാൻ മോഹിക്കുന്നവരുമാണ്. അങ്ങിനെ ഒരുവശം മറുകര കണ്ടുവെന്നിരിയ്ക്കട്ടെ, പിന്നെ അകുടുംബത്തിലെ സ്ഥിതി എന്തായിരിയ്ക്കും? കാരണവർ കണ്ണുരുട്ടി അട്ടഹസിയ്ക്കുകയായി, മുത്തശ്ശിമാർ മുഞ്ഞിക്കുപ്പിച്ചു് മുറുമുറുക്കുകയായി, മുള്ളുവാക്കു പറയുകയായി. ചുരുക്കത്തിൽ ആ കുടുംബത്തിന്റെ അകവും പുറവും ഈ മറുകര കണ്ട അന്തർജ്ജനത്തിന്റേയും അതിനു സഹായിച്ച അവരുടെ ഭർത്താവിന്റേയും നേരെ ഓരോ ഓർഡിനൻസുകം (ചാര) പ്രയോഗിച്ചുതുടങ്ങുകയായി. അവക്കു മറുള്ളവരോടൊപ്പം കളത്തിൽ കളിയ്ക്കാൻ പാടില്ല; ഒപ്പം ഇരുന്നു് ഉണ്ണാൻപാടില്ല, അതു പാടില്ല, ഇതു പാടില്ല, ഒന്നുംപാടില്ല എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഇതു കാരണം പലേ ബുദ്ധിമുട്ടുകളും വഴക്കുകളും വന്നുകൂടുന്നു. ഇവിടെ എന്താണ് കുത്തവുമായിട്ടുള്ളതു്? തറവാട്ടിൽനിന്നും തങ്ങളുടെ ഓഹരി വാങ്ങി വല്ലയിടത്തും പോയി സ്വൈരമായി ജീവിതം നയിയ്ക്കുവാനുള്ള സ്വാതന്ത്ര്യം അവക്കു കൊടുക്കുകയോ വേണ്ടതു്; അതോ മനുഷ്യരേപ്പോലെ ജീവിയ്ക്കുവാൻ ശ്രമിച്ചു എന്ന കുറത്തിനു് ആ പാവപ്പെട്ട അന്തർജ്ജനസഹോദരിയേയും അവരുടെ ഉദാരനായ ഭർത്താവിനേയും നിസ്സഹായതയിലും നിരാധാരതയിലും കിടന്നുഴലുവാൻവേണ്ടി വെറുംകയ്യോടെ വിടുകയോ വേണ്ടതു്? അങ്ങിനെയാണെങ്കിൽതന്നെ അവർ സ്വന്തം ഓഹരി കിട്ടാൻ കോടതിമുഖാന്തരം ശ്രമിയ്ക്കാതിരിയ്ക്കുമോ കോടതികയറുന്നതു് ഇ

LIBRARY ARCHIVES Kerala Legislative Assembly

രുക്കുട്ടക്കും നല്ലതിനല്ല; അതിന്റെ ഫലം സ്വത്തുനാശം മാത്രമാണ്. ആ നിലയ്ക്കു നോക്കുമ്പോഴും ആളോഹരി ഭാഗവ്യവസ്ഥ കൂടിയേകഴിയൂ. പ്രായപൂർത്തിവന്ന ഏതു മെമ്പർക്കും വേണമെന്നു തോന്നുന്നപക്ഷം തന്റെ ഓഹരി കിട്ടാൻ അനുവാദമുണ്ടായിരിയ്ക്കണം.

അന്തർജ്ജനങ്ങളും ഭാഗവ്യവസ്ഥയും.

ഞങ്ങളെ—അന്തർജ്ജനങ്ങളെ സംബന്ധിച്ചാണെങ്കിൽ ആളോഹരി ഭാഗവ്യവസ്ഥയില്ലാത്തപക്ഷം ഈ ബില്ലുകൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടെന്നു തോന്നുന്നില്ല. കാരണം, ഞങ്ങളുടെ കഠിനങ്ങളായ കഷ്ടപ്പാടുകളെ പരിപൂർണ്ണമായി പരിഹരിയ്ക്കുവാൻ ആളോഹരിഭാഗവ്യവസ്ഥകൊണ്ടേ സാധിക്കൂ. ആയിരമായിരം നൂറാണ്ടുകളായി സമുദായത്തിൽ വേരുറച്ചുനിൽക്കുന്ന വൃദ്ധകന്യകാത്വം, വൃദ്ധഭോഗിത്വം, സാപത്ന്യം, ബാലവൈധവ്യം മുതലായ വിഷവൃക്ഷങ്ങളെ സമുദായത്തിൽനിന്നും കടയോടുകൂടി പറിച്ചുകളയുവാൻ ഒരൊറ്റ ആയുധമേയുള്ളൂ. സ്വജാതിവിവാഹം സാവർത്രികമാക്കൽ, തറവാട്ടിലുള്ള എല്ലാവരുടേയും അനുമതിയോടുകൂടി സ്വജാതിയിൽ വിവാഹംചെയ്യുകയെന്നതു് അത്രക്ഷിപ്രസാദ്ധ്യമല്ലെന്നാണു് അനുഭവപ്പെട്ടിരിയ്ക്കുന്നതു്. അങ്ങിനെ തറവാടിന്റെ സമ്മതംകൂടാതെ സ്വജാതിയിൽ നിന്നു വിവാഹംചെയ്യുന്നവർക്കു് ഈ ആളോഹരിഭാഗവ്യവസ്ഥപോലെ പ്രേരകവും സാഹായ്യകരവുമായി മറ്റൊന്നില്ല. അതിനുംപുറമെ ആളോഹരിഭാഗവ്യവസ്ഥയില്ലെങ്കിൽ ജ്യേഷ്ഠാനുജന്മാർ മൂന്നുനാലുപേർ വിവാഹംചെയ്തു് കൂട്ടുകുടുംബമായി താമസിക്കേണ്ടിവരും. അതു പലേ അസുഖങ്ങൾക്കും കാരണമായേക്കും. പലപ്പോഴും പലേ ബുദ്ധിമുട്ടുകളും അനുഭവിയ്ക്കേണ്ടിവരും. ചിലപ്പോൾ വലിയ ഗൃഹഛിദ്രത്തിനും തമ്മിൽതല്ലുകൾക്കും തന്നെ കാരണമായി തീരും. അങ്ങിനെയിരിയ്ക്കുമ്പോൾ മൂന്നിൽ രണ്ടുഭാഗം അനുവദിച്ചു ഭാഗിക്കാവൂ അല്ലെങ്കിൽ മൂന്നിൽ രണ്ടുഭാഗം ആളകം ആവശ്യപ്പെട്ടാൽ അവർക്കതുമാക്കണം എന്നു ബില്ലിൽ വ്യവസ്ഥചെയ്യുന്നതു് അന്തർജ്ജനങ്ങൾക്കു സങ്കടകരമാണു്. ആളോഹരി ഭാഗവ്യവസ്ഥയില്ലാത്ത ബില്ലു് താലിയില്ലാത്ത തരുണിയെപ്പോലെയാണു്. ഈ ബില്ലിൽനിന്നു് ആളോഹരിഭാഗവ്യവസ്ഥയെ തരംമാറ്റുന്നതു് ഒരു സ്ത്രീയുടെ കഴുത്തിൽനിന്നും മംഗല്യത്താലിപൊട്ടിച്ചുകളയുന്നതുപോലെ കഠിനവും നിർദ്ദയവുമാണു്. കഴുത്തിൽനിന്നും താലി പൊട്ടിച്ചുകളയുകയെന്നതിൽപരം സങ്കടകരമായതു് ഞങ്ങൾക്കു മറ്റെന്താണുള്ളതു്? ഞാൻ ആവർത്തിച്ചുപറയുന്നു, അന്തർജ്ജനങ്ങളുടെ എല്ലാ അഭിവൃദ്ധിയും ഈ ആളോഹരിഭാഗവ്യവസ്ഥയെ ആശ്രയിച്ചാണു നില്ക്കുന്നതു്. അതിനെ തരംമാറ്റുന്നതു ഞങ്ങൾക്കു വളരെ സങ്കടകരമാണു്.

LIBRARY ARCHIVES Kerala Legislative Assembly

അന്തർജ്ജനങ്ങളുടെ ഈ ദുരന്തദുഃഖത്തിൽ ഈ ഉപക്ഷേപക്കാർക്കു തെല്ലെങ്കിലും അലിവു തോന്നുന്നുണ്ടെങ്കിൽ ഇങ്ങിനെ ഒരു ഉപക്ഷേപം ഇവിടെ വരുമായിരുന്നുവോ? ഇനിയും ഞങ്ങൾ കഷ്ടപ്പെടണമെന്നുതന്നെയാണോ ഈശ്വരേച്ഛ. ഹാ! കഷ്ടം!! എത്ര കാലമായി അന്തർജ്ജനങ്ങൾ ഇങ്ങിനെ കഷ്ടപ്പെടുവാൻ തുടങ്ങീട്ട്? ഇനിയും എത്രകാലം ഈ നരകക്കുണ്ടിൽ കിടന്നു നരകിയ്ക്കണമാവോ? വൃദ്ധഭോഗ്യാതപം, വൃദ്ധകന്യകാതപം, സാപത്ന്യം, ബാലവൈധവ്യം മുതലായ നരകവിഭാഗങ്ങളിൽ, ഒന്നിൽനിന്നു മറൊന്നിലേക്കായി ഇഴഞ്ഞുകൊണ്ട് എത്രകാലമായി ഞങ്ങൾ കഴിച്ചുകൂട്ടുന്നു? ഈ കഷ്ടപ്പാടിന്റെ കാഠിന്യത്തിനു് ഒരു പരിധി വരലില്ലെന്നോ? ഈ കണ്ണുനീരിന്റെ വഷ്ത്തിനു് ഒരു വേനലില്ലെന്നോ? ഈ നെടുവീർപ്പിന്റെ കൊടുങ്കാറ്റിനു് ഒരടങ്ങലില്ലെന്നോ? ഈ നീണ്ട കഷ്ടകാലത്തിനു് ഒരു പൂർണ്ണവിരാമമില്ലെന്നോ?

ബഹുമാനപ്പെട്ട പുരുഷസാമാജികന്മാരെ! അന്തർജ്ജനങ്ങൾ പാവപ്പെട്ടവരാണു്. യാതൊന്നും അറിവില്ലാത്ത അബലകളാണു്; നിങ്ങളോ? എന്തിനുംപോന്ന പുരുഷന്മാർ. നിങ്ങൾ ഞങ്ങളിൽ കുറച്ചുകമ്പയുള്ളവരാവണം. നിങ്ങൾ ഞങ്ങളെ സഹായിയ്ക്കുമാറാകണം. നിങ്ങളെല്ലാവരും ഈ ഉപക്ഷേപത്തെ എന്നോടൊപ്പം എതിർക്കുമാറാകണം.

മിസ്റ്റർ എ. ശങ്കര പുത്തുവാൾ—ഈ ഉപക്ഷേപത്തെ ഞാനും എതിർക്കുന്നു. സരസവും ഫലിതസമ്മിശ്രവും അനുഭവരസികതാവൈശിഷ്ട്യവും കലർന്നുള്ള ഒരു പ്രസംഗം കേട്ടിട്ട് രണ്ടുവാക്കു പറഞ്ഞു് ആ സവിശേഷമായ പ്രസംഗത്തിന്റെ മഹിമയെ മലിനമാക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ സിലക്ടുകമ്മിറ്റി ഈ ഒരുസംഗതി ബില്ലിൽ ചേർത്തിട്ടുള്ളതിനെപ്പറ്റി രണ്ടുവാക്കു് പറയേണ്ടതായിരിക്കുന്നു. എന്നാൽ ചില സംഗതികളാൽ ആ കൃത്യം ഞാൻ നിർവ്വഹിക്കേണ്ടതായി വന്നു. ഗവമ്മെണ്ടു മെമ്പർമാർ ഈ വാദപ്രതിവാദത്തിൽ പങ്കുകൊള്ളാത്തതുകൊണ്ടു് ഇതിനെപ്പറ്റി ഒന്നും പറയുവാൻ കമ്മിറ്റിയിൽപ്പെട്ട വിവസ്വമെമ്പർക്കു് സാധിക്കുന്നതല്ല. ഇതിലെ പ്രെയർമാനായ ഡെപ്യൂട്ടി പ്രസിഡെണ്ടു് അവർകൾ അഗ്രാസനാധിപതിയും ആയിരിക്കുന്നു. മറൊരാളായ മിസ്റ്റർ കേശവൻ നമ്പൂതിരി ഈ ബില്ലിന്റെ അവതാരകനുമായി. ആ സ്ഥിതിയ്ക്കു ഞങ്ങളുടെ നിലയെപ്പറ്റി രണ്ടുവാക്കു് പറയേണ്ട ആവശ്യമുണ്ടല്ലൊ എനിക്കുതോന്നുകയുണ്ടായി. അന്തർജ്ജനങ്ങളുടെ അവശതകളെ സംബന്ധിച്ചു് അന്തർജ്ജന മെമ്പർ പറഞ്ഞതിൽ അധികമായി വിശേഷിച്ചൊന്നും പറയണമെന്നു് വിചാരിക്കുന്നില്ല. ഈ ബിൽ സിലക്ടു കമ്മിറ്റിയിൽവന്നശേഷം പല സ്ഥലങ്ങളിലും പുരുഷന്മാർക്കും സ്ത്രീകൾക്കും ചോദ്യങ്ങൾ അയച്ചു് ഉത്തരങ്ങൾ കിട്ടുകയും പലരേയും വിസ്തരിച്ചു് തെളിവെടുക്കുകയുംചെയ്തു. അതിൽ വളരെ ബലമായ ഒരഭിപ്രായം ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിമാരുടെയിടയിലുള്ള കഷ്ടങ്ങൾക്ക് പരിഹാരമാർഗ്ഗമായി പ്രധാനമായിട്ട് പറഞ്ഞിട്ടുള്ളത്, എല്ലാ പുരുഷന്മാരും വിവാഹംചെയ്യണമെന്നും ഗൃഹസ്ഥജീവിതം സൌകര്യപ്രദം ആക്കുന്നതിന് ആളോഹരിഭാഗം വേണമെന്നുമാണ്. അതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ചിന്തിച്ചിരിക്കുമ്പോഴാണ് മദിരാശി ബിൽ വന്നതു്. ഞങ്ങളുടെ ഉദ്ദേശവും അനേകമാളുകളുടെ അഭിപ്രായവും ഒന്നുപോലെയായതുകൊണ്ടാണ് ഇവിടത്തെ ബില്ലിൽ ഈ മാറ്റം വരുത്തുവാൻ കാരണം. ഇതിനെപ്പറ്റി അറിയണമെങ്കിൽ അവിടെ തെളിവെടുത്തിട്ടുള്ള പുസ്തകത്തിൽ ഒന്നാം ഭാഗത്തു് ക്വസ്റ്റ്യൻ-ക്വസ്റ്റ വരെങ്ങളിലുള്ള അന്തർജ്ജനങ്ങൾക്കു് പരിഹാരമാർഗ്ഗം എന്ന ഭാഗം വായിച്ചാൽ മനസ്സിലാകും. ഇതുപോലെതന്നെ ക്വസ്റ്റ്യൻ-ാംവരെത്തും ചില സംഗതികൾ കാണുന്നുണ്ടു്".

ഇതിൽ പലരും അഭിപ്രായം പറഞ്ഞിട്ടുണ്ടു്. അതു മുഴുവൻ ഇവിടെ വായിച്ചു കേൾപ്പിക്കണമെന്നു വിചാരിക്കുന്നില്ല. 'അധിവേതനം' എന്ന പദത്തിന്റെ അർത്ഥം പലരും തെറ്റിദ്ധരിച്ചിട്ടുണ്ടു്. ബഹുഭാര്യാത്വം അധിവേതനമല്ല. അധിവേതനമെന്നുപറഞ്ഞാൽ ഒരു ഭാര്യയെ ഉപേക്ഷിച്ചു് വേറൊരു ഭാര്യയെ സ്വീകരിക്കയെന്നതാണ്. ഇപ്പോഴത്തെ ബില്ലുകൊണ്ടു നമ്പൂതിരിമാക്കു് എന്തെങ്കിലും ഗുണം വേണമെന്നുണ്ടെങ്കിൽ പ്രധാനമായിട്ടു് എല്ലാ മെമ്പർമാക്കും വിവാഹംചെയ്യാമെന്നുള്ള സൌകര്യം വരണം. അങ്ങിനെ വിവാഹംചെയ്തു വേറെ താമസിക്കുവാനാണ് അധികപേരുടേയും താല്പര്യം. ആളോഹരിഭാഗവ്യവസ്ഥകൊണ്ടല്ലാതെ സ്വത്തു് യഥേഷ്ടം വ്യാപരിപ്പാൻ സൌകര്യപ്പെടുകയില്ല. അതില്ലാതെവന്നാൽ കഷ്ടമാണ് എന്നു വിചാരിച്ചാണ് ആഭാഗംകൂടി ഇബില്ലിൽനിന്നുപ്രത്തീട്ടുള്ളതു്. ഈ വ്യവസ്ഥകൂടി ചേർത്തില്ലെങ്കിൽ ഇതിനുമുമ്പിലുള്ള ബില്ലുപോലെ ഈ ബില്ലും ഫലമില്ലാതെയാകും. അതുകൊണ്ടു് സന്ധ്യയാകുന്നതുവരെ വെള്ളം ചുമന്നു് അന്തിയാകുമ്പോൾ കുടം ഇട്ടുടയ്ക്കരുതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—ആകപ്പാടെ ഈ ഉപക്ഷേപത്തിന്റെ ഭാവി ഇന്നതാണെന്നു് ഇപ്പോൾ മനസ്സിലായി. ഇതിനെ അനുകൂലിച്ചു് ആരുംകൂടി എനിക്കു് വോട്ടുചെയ്യുമെന്നു തോന്നുന്നില്ല. അദ്ദേഹം ഒരെഴുത്തിന്റെ സംഗതി പറയുവാനാണ് ഇതിനെ അനുകൂലിച്ചതു്. ഞാൻ ദേശമംഗലത്തു് നമ്പൂതിരിപ്പാടിലെ കത്തനുസരിച്ചുമാത്രമല്ല.... ....

മിസ്റ്റർ പി. എസ്. കേശവൻ നമ്പൂതിരി.—കത്തുണ്ടായിരുന്നുവോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ—എന്റെ നിയോജകമണ്ഡലത്തിൽ നാന്നൂറിൽ ചില്വാനം വോട്ടർമാരുള്ളതിൽ നൂറിൽചില്വാനംപേരും നമ്പൂതിരിമാരാണ്. ദേശമംഗലത്തു് നമ്പൂതിരിപ്പാടും ഒരു വോട്ടറാണ്. അവരിൽ അധികപക്ഷം ആളുകളുടെ ആവശ്യപ്രകാരമാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഇതു് ഞാനവിടെ കൊണ്ടുവന്ന അവസരത്തിൽ നാരിമാരുടെ താലിപൊട്ടിച്ചു കളയുന്ന ഘോരകൃത്യമായി തീരുമെന്നുള്ള ബോധം എനിക്കുണ്ടായിരുന്നില്ല. ഞാൻ സ്വല്പംകൂടി കേട്ടിരുന്നാൽ മുമ്പിലത്തെ രീതിയിൽ കുറച്ചുകൂടി ശകാരം കേൾക്കാമെന്നേയുള്ളൂ. അതിനുവേണ്ട. വേണമെങ്കിൽ ഞാൻ കാത്തിരിക്കാം അതല്ല; നിങ്ങൾ സമ്മതം തരുന്നുവെങ്കിൽ വേഗം പിൻവലിച്ചേക്കാം.

The amendment was, with leave, withdrawn.

Deputy President.—Mr. Kesavan Nambudiri, you can now move for the final reading of the bill.

Mr. P. S. Kesavan Nambudiri.—No Sir, I intend to move it only in the next meeting.

Mr. P. Krishna Menon—Sir, as we have passed such an important measure to-day, and as a mark of respect for the labours of those who have successfully taken it through, I request an adjournment of the House.

Dr. A. R. Menon.—Sir, I second it, on the ground that there is a tea-party at the Diwan's bungalow at 5-45 p. m. to-day.

The House rose for the day at 4-35 p. m.

C. J. MATHEW
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി നമ്പൂതിരി ബിൽ.

നമ്പൂതിരിമാരേയും മറ്റു ചില സമുദായങ്ങളേയും സംബന്ധിക്കുന്ന നിയമം വിവരിക്കുകയും ക്രമപ്പെടുത്തുകയും ഭേദപ്പെടുത്തുകയും ചെയ്യുന്നതു യുക്തമായിരിക്കുകയാൽ ഇതിനാൽ താഴെ പറയുംപ്രകാരം നിയമിച്ചിരിക്കുന്നു.

പീഠിക.

അദ്ധ്യായം ൧

ആരംഭം.

൧. ഈ റഗുലേഷനു് ൧൦൭൨-ലെ കൊച്ചി നമ്പൂതിരി റഗുലേഷൻ എന്ന പേർ പറയുവാകുന്നതാകുന്നു.

ചുരുക്കപ്പേർ.

൨. കൊച്ചീരാജ്യത്തു സ്ഥിരവാസികളായ എല്ലാ നമ്പൂതിരിമാരേയും അങ്ങിനെ സ്ഥിരവാസികളല്ലാത്ത നമ്പൂതിരിമാരെ അവർക്കു കൊച്ചിയിൽ സ്ഥിരമായിട്ടുള്ള സ്ഥാവര വസ്തുക്കളെ സംബന്ധിച്ചു ഇതു് ബാധിക്കുന്നതാകുന്നു.

വ്യാപ്തിയും ബാധകവും.

൩. ഇതു് -൦൯- മുതൽ നടപ്പിൽ വരുന്നതാകുന്നു.

പ്രാരംഭം.

൪. വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായിയാതൊന്നും ഇല്ലാത്തപക്ഷം ഈ റഗുലേഷനിൽ—

(എ) 'അനന്തിരവൻ' എന്നതിനു് കാരണവനൊഴികെ ഒരില്ലത്തെ മറ്റൊരെങ്കിലും മെമ്പർ എന്നർത്ഥമാകുന്നു.

(ബി) 'ഇല്ലം' എന്നതിനു പൊതുസ്വത്തിനവകാശികളായ ഒരു നമ്പൂതിരി കുട്ടു കുടുംബത്തിൽ ചേർന്ന എല്ലാ അംഗങ്ങളും എന്നർത്ഥമാകുന്നതും ഒരു 'മന' ഇതിൽ ഉൾപ്പെടുന്നതുമാകുന്നു.

വ്യാഖ്യാനം.

ഒരു നമ്പൂതിരി സ്ത്രീ അവരുടെ വിവാഹത്തിനു ശേഷം ജനിച്ച ഇല്ലത്തിലെ അംഗമല്ലാതാവുന്നതും ഭർത്തൃഗൃഹത്തിലെ അംഗമായിത്തീരുന്നതുമാണു്.

(സി) 'കാരണവൻ, എന്നതിനു് ഒരു ഇല്ലത്തെ വസ്തുവകകളെ ഭരിപ്പാനുള്ള അവകാശമിരിക്കുന്ന ഏറ്റവും പ്രായം കൂടിയ

LIBRARY ARCHIVES Kerala Legislative Assembly

പുരുഷമെമ്പർ എന്നും അങ്ങിനെ ഒരു പുരുഷ മെമ്പർ ഇല്ലെങ്കിൽ ഏറ്റവും പ്രായം കൂടിയ സ്ത്രീമെമ്പർ എന്നും അർത്ഥമാകുന്നു.

വ്യാഖ്യാനം.

വിവാഹം മൂലം ഇല്ലത്തെ മെമ്പർമാരായിതീരുന്ന രണ്ടോ അധികമോ സ്ത്രീകളിൽ ആരാണ് പ്രായം കൂടിയവരെന്നു തീർച്ചയാക്കുന്നതു് അവരുടെ വിവാഹതിയ്യതിയനുസരിച്ചായിരിക്കുന്നതാകുന്നു.

(ഡി) 'മേജർ' എന്നതിനു ഫ വ വയസ്സു കഴിഞ്ഞ ഏതെങ്കിലും ഒരാൾ എന്നർത്ഥമാകുന്നു.

(ഇ) 'മൈനർ' എന്നതിനു ഫ വ വയസ്സു കഴിയാത്ത ഏതെങ്കിലും ഒരാൾ എന്നർത്ഥമാകുന്നു.

അദ്ധ്യായം ൨.

ഇല്ലവും അതിന്റെ ഭരണവും.

മെമ്പർമാർക്ക് ഇല്ല സ്വത്തുക്കളിൽ ഉള്ള ഉടമസ്ഥാവകാശം.

൪. (ഫ) ഒരില്ലത്തെ ഓരോ മെമ്പർക്കും ആ മെമ്പർ ആണായിരുന്നാലും പെണ്ണായിരുന്നാലും, ഇല്ലത്തെ സ്വത്തുക്കളിൽ സമമായ ഉടമസ്ഥാവകാശമുണ്ടായിരിക്കുന്നതാണ്.

(൨) ഏതെങ്കിലും മെമ്പർ യാഥാസ്ഥിതിക ആചാരങ്ങളേയോ നടപടികളേയോ അതിലംഘിച്ചു എന്ന കാരണത്താൽ അയാളുടെ ഉടമസ്ഥാവകാശത്തിനു യാതൊരു തരത്തിലുള്ള ഹാനിയോ ഭംഗമോ നേരിടുന്നതല്ല.

കണക്കുവെക്കുവാൻ കാരണവനുള്ള ചുമതല.

൫. കാരണവനോ അതാതുകാലത്തെ മാനേജരോ ഇല്ലത്തെ വരവു ചിലവുകളുടെ ശരിയായും സത്യമായും ഉള്ള ഒരു കണക്കു വെയ്ക്കേണ്ടതും, ടി കണക്കുകൾക്ക് അയാൾ ഉത്തരവാദിയായിരിക്കുന്നതും ആകുന്നു. ഓരോ കൊല്ലത്തേയും കണക്കുകൾ കൊല്ലത്തിലൊരിക്കൽ അതാതുകൊല്ലം കഴിഞ്ഞുവരുന്ന ചിങ്ങമാസം മുഴുവനും കുടുംബഭവനത്തിൽവെച്ചു മേജർമാരായ അനന്തിരവന്മാർക്കു പരിശോധിപ്പാൻ സൌകര്യമുണ്ടായിരിക്കേണ്ടതും അവർ ടി കണക്കുകളുടെ പകർപ്പുകളോ ചുരുക്കങ്ങളോ എടുക്കാവുന്നതുമാകുന്നു.

സ്ഥാവരജംഗമസ്വത്തുക്കളുടെ പട്ടിക വെയ്ക്കുവാൻ കാരണവനുള്ള ചുമതല.

൬. കാരണവനോ അതാതുകാലത്തെ മാനേജരോ ഇല്ലംവക സ്ഥാവരജംഗമസ്വത്തുക്കളുടെ ശരിയായും സത്യമായുമുള്ള ഒരു പട്ടിക വെയ്ക്കേണ്ടതും, അയതു കൊല്ലത്തിലൊരിക്കലെങ്കിലും മേജർമാരായ അനന്തിരവന്മാർക്കു പരിശോധിപ്പാൻ സൌകര്യമുണ്ടായിരിക്കേണ്ടതും അ

LIBRARY ARCHIVES Kerala Legislative Assembly

വക്ക് അതിന്റെ പകർപ്പുകളോ ചുരുക്കങ്ങളോ എടുക്കാവുന്നതും ആകുന്നു.

സ്ഥാവര സ്വത്തുക്കളെ കാരണവൻ അന്യാധീനപ്പെടുത്തൽ.

൧൬. (൧) പ്രതിഫലത്തിനും, ഇല്ല ആവശ്യത്തിനോ അല്ലെങ്കിൽ ഇല്ലത്തിന്റെ ഗുണത്തിനോ വേണ്ടിയും, ഇല്ലത്തെ ഭൂരിപക്ഷ മേജർ മെമ്പർമാരുടെ രേഖാമൂലമുള്ള സമ്മതത്തോടുകൂടിയുമല്ലാതെ യാതൊരു കാരണവനും ഇല്ലം വക സ്ഥാവരവസ്തുക്കൾ വില്ക്കുകയോ പണ്ടാണ്ടു കൊല്ലത്തിലധികം കാലത്തേക്കു കൈവശത്തോടുകൂടി പണയപ്പെടുത്തുകയോ, പാട്ടത്തിനു കൊടുക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(൨) ആ വക വസ്തുക്കളെ ഒരു കാരണവൻ പണ്ടാണ്ടു കൊല്ലത്തിലധികമല്ലാത്ത കാലത്തേക്കു കൈവശത്തോടുകൂടി പണയപ്പെടുത്തുകയോ, മുഴുവനുമോ ഒരു ഭാഗമോ തിരികെ കൊടുക്കത്തക്കവണ്ണം മുൻപാട്ടം വാങ്ങി പാട്ടത്തിനു കൊടുക്കുകയോ ചെയ്യുന്നതായാൽടി പണയപ്പെടുത്തലോ, പാട്ടത്തിനുകൊടുക്കലോ അതു പ്രതിഫലത്തിനും ഇല്ലാവശ്യത്തിനോ ഇല്ലത്തിന്റെ ഗുണത്തിനോ വേണ്ടിയുമാണെങ്കിലല്ലാതെ സാധുവായിരിക്കുന്നതല്ല.

(൩) ഭരണഗതിയിൽ, പണ്ടാണ്ടു കൊല്ലത്തിലധികമല്ലാത്ത കാലത്തേക്കു മുഴുവനുമോ ഒരു ഭാഗമോ തിരികെ കൊടുക്കേണ്ടതായ യാതൊരു മുൻപാട്ടവും വാങ്ങിക്കാതെ വസ്തുക്കൾ പാട്ടത്തിനു കൊടുക്കുകയോ നിലവില്ലുള്ള ഒരു കാണം പുതുക്കികൊടുക്കുകയോ ചെയ്യുന്നതിനു കാരണവനുള്ള അധികാരത്തെ ഈ വകുപ്പിലടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ തടസ്ഥപ്പെടുത്തുന്നതായി വിചാരിപ്പാൻ പാടുള്ളതല്ല.

കാരണവൻ വാങ്ങുന്ന കടം എപ്പോഴും ഇല്ലത്തേക്കു ബാധകമെന്നു.

൧൭. ഇല്ലാവശ്യത്തിനല്ലാതെ ഒരു കാരണവൻ കടംവാങ്ങുകയോ വസ്തുക്കൾ പണയപ്പെടുത്തുകയോ ചെയ്യുന്നതായാൽ, ആയതു് ഇല്ലത്തേക്കു ബാധകമാകുന്നതല്ല.

ഇല്ലത്തെ മെമ്പർമാർക്കു ചിലവിനു കൊടുക്കൽ.

൧൮. ഇല്ലത്തു താമസിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ഒരില്ലത്തെ ഓരോ മെമ്പർക്കും ആ ഇല്ലത്തെ വരവും അവസ്ഥയുമനുസരിച്ചു ചിലവിനു കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാകുന്നു.

കാരണവത്വത്തെ വിട്ടുകൊടുക്കൽ.

൧൯. ഏതെങ്കിലും കാരണവൻ, ഒരു രജിസ്ട്രാധാരം മൂലം കാരണവനെന്ന നിലയിലുള്ള തന്റെ അവകാശങ്ങളെ വിട്ടുകൊടുക്കുന്നതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യായം ൩.

വിവാഹം.

സജാതീയവിവാഹത്തിനു് ഓരോ മെമ്പർക്കുമുള്ള അവകാശം.

൧൨. ൧൩-ാം വകുപ്പിലെ നിബന്ധനകൾക്കു കീഴ്പെട്ടു് ഇല്ലത്തെ ഏതൊരു മേജർമെമ്പർക്കും തന്റെ ജ്യേഷ്ഠനോ ജ്യേഷ്ഠത്തിയോ വിവാഹം ചെയ്യാതിരിക്കുന്നുണ്ടെങ്കിലും, സ്വസമുദായത്തിൽ അതേ അവാന്തരവിഭാഗത്തിൽ നിന്നോ മറേതെങ്കിലും അവാന്തരവിഭാഗത്തിൽ നിന്നോ വിവാഹം ചെയ്യുന്നതിനു് അവകാശമുണ്ടായിരിക്കുന്നതാകുന്നു.

അവിവാഹിതകളായ നമ്പൂതിരി സ്ത്രീകളുടെ സ്വകായ്സ്വത്തു്.

൧൩. അവിവാഹിതയായ ഒരു നമ്പൂതിരി സ്ത്രീയുടെ സ്വകായ്സ്വത്തു് വിവാഹത്തിനു ശേഷവും അവരുടെ സ്വകായ്സ്വത്തായിത്തന്നെ ഇരിക്കുന്നതാണു്.

സ്ത്രീധനം നമ്പൂതിരിസ്ത്രീകളുടെ പ്രത്യേക സ്വത്തു്.

൧൪. ഒരു നമ്പൂതിരി സ്ത്രീക്കു വല്ല സ്ത്രീധനവും കിട്ടിയിട്ടുണ്ടെങ്കിൽ അതു് അവരുടെ പ്രത്യേക സ്വത്തായിരിക്കുന്നതാണു്.

കന്യകയെ വിവാഹം ചെയ്തുകൊടുപ്പാൻ കാരണവൻ ഉപേക്ഷ വരുത്തിയാൽ അനന്തിരവക്കുള്ള അവകാശം.

൧൫. ഒരു കന്യകക്കു ൧൨ വയസ്സു് തികഞ്ഞിട്ടും അവരെ വിവാഹംചെയ്തുകൊടുപ്പാൻ കാരണവനോ മാനേജരോ ഉപേക്ഷ വരുത്തുന്നുവെങ്കിൽ, അച്ഛനോ, അയാളുടെ അഭാവത്തിൽ ഇല്ലത്തെ 'ഉദകപൂവ്വം' ചെയ്യുവാൻ അധികാരമുള്ള മറേതെങ്കിലും അംഗത്തിനോ, അപ്രകാരം ചെയ്യുവാനുള്ള തന്റെ ആഗ്രഹത്തെ ഒരു രജിസ്റ്റർനോട്ടീസ്സു മൂലം കാരണവനേയോ മാനേജരേയോ അറിയിച്ചു് ആറു മാസം കഴിഞ്ഞതിനുശേഷം അവരെ വിവാഹംചെയ്തുകൊടുക്കാവുന്നതും അതിനു ന്യായമായി വേണ്ടിവന്നിട്ടുള്ള ചിലവു് ഇല്ലത്തു നിന്നു വസൂൽചെയ്യാവുന്നതുമാകുന്നു.

അധിവേദനം തടയണം.

൧൬. താഴെ കാണിക്കുന്ന സംഗതികളിൽ അല്ലാതെ ഒരു നമ്പൂതിരിക്കു് ഒരു വിവാഹം നിലനില്ക്കുമ്പോൾ പിന്നെയും വിവാഹം ചെയ്യാൻപാടുള്ളതല്ല.

(എ) അഞ്ചു കൊല്ലത്തിലധികം കാലമായി ഭാര്യക്കു മാറാത്ത വല്ല രോഗവും ഉണ്ടായിരിക്കുക.

(ബി) വിവാഹത്തിനു ശേഷം പത്തു കൊല്ലത്തിനകം ഭാര്യ പ്രസവിക്കാതിരിക്കുക.

(സി) ഭാര്യ ഭ്രഷ്ടയാവുക.

LIBRARY ARCHIVES Kerala Legislative Assembly

ക ൻ. ക ന്ദ-ാം വകുപ്പിനു വിരോധമായി ആരെങ്കിലും വിവാഹം ചെയ്കയോ അതിനെ സഹായിക്കുകയോചെയ്തിട്ടുണ്ടെന്നു് ഒരു ഒന്നാംക്ലാസു് മജിസ്ട്രേട്ടു് കുറ്റം കല്പിക്കുന്നതായാൽ ആ കുറ്റക്കാരൻ ആയിരം ഉറുപ്പികയിൽ അധീകരിക്കാതെയുള്ള ഒരു പിഴക്കോ, മൂന്നുമാസത്തെ വെറുംതടവിനോ രണ്ടിനും കൂടിയോ പാത്രമായിരിക്കുന്നതാണു്.

ക ന്ദ-ാം വകുപ്പിലെ നിശ്ചയങ്ങൾ ലംഘിക്കുന്നതിനുള്ള ശിക്ഷ.

എന്നാൽ ഈ വകുപ്പുപ്രകാരമുള്ള ഒരു കുറ്റം സ്ത്രീക്കോ മൈനക്കോ ബാധകമായിരിക്കുന്നതല്ല.

എന്നുമാത്രമല്ല, താൻ കൊണ്ടുവരുന്ന ആക്ഷേപം അവാസ്തവമോ വെറും ഉപദ്രവകരമോ ആണെന്നുകണ്ടാൽ ക ഠ കയിൽ കവിയാതെ കോടതിയിൽ നിന്നും കല്പിക്കുന്ന നഷ്ടം പ്രതിക്കു കൊടുത്തുകൊള്ളാമെന്നുള്ളതിന്മേൽ ആക്ഷേപം കൊടുക്കുന്ന സമയം കോടതിക്കു തൃപ്തികരമായ ജാമ്യം കൊടുത്തു് ഒരു നമ്പൂതിരി രേഖാമൂലമായ ആക്ഷേപം കുറ്റം ചെയ്തിട്ടു ഒരു കൊല്ലത്തിനകം കൊടുക്കാത്തപക്ഷം ആ കാര്യത്തിൽ കോടതിയാതൊന്നും ചെയ്യാൻപാടുള്ളതല്ല.

ക വ. ഈ റഗുലേഷൻ ബാധകമായിട്ടുള്ള ഒരാൾ കൊച്ചീ രാജ്യത്തിനു പുറമെ വെച്ചു ടി കുറ്റം ചെയ്യുന്നതായാൽ അയാളെ കൊച്ചീ രാജ്യത്തു് എവിടെവെച്ചു കണ്ടാലും അവിടെവെച്ചു ആ കുറ്റം ചെയ്തിരുന്നാലെന്നപോലെ അയാളുടെ പേരിൽ നടപടി നടത്താവുന്നതാകുന്നു.

കൊച്ചീ രാജ്യത്തിനു പുറത്തുവെച്ചു ചെയ്യുന്ന കുറ്റം.

എന്നാൽ കുറ്റം ചെയ്തതിൽ അയാളുടെ പേരിൽ അതിനു നടപടി നടത്തിയിട്ടുണ്ടെങ്കിൽ അതേ കുറ്റത്തിനു് കൊച്ചീ രാജ്യത്തു വീണ്ടും നടപടി നടത്തുവാൻ പാടുള്ളതല്ല.

അദ്ധ്യായം ൪.

മൈനർമാരുടെ രക്ഷാകർതൃത്വം.

ക ന്ദ. (ക). (ഖ)-ാം ഉപവകുപ്പിലെ നിശ്ചയങ്ങൾക്കു കീഴ്പ്പെട്ടതാഴെ പറയുന്നവർ പറയപ്പെടുന്ന ക്രമത്തിൽ പുരുഷനോ സ്ത്രീയോ ആയ ഒരു മൈനരുടെ ദേഹത്തേയും പ്രത്യേകസ്വത്തിനേയും സംബന്ധിച്ചു നിയമാനുസൃത രക്ഷകർത്താവായിരിക്കുന്നതാണു്. അതായതു്.—അച്ഛൻ, അമ്മ, വയസ്സുമൂപ്പനുസരിച്ചുള്ള സഹോദരന്മാർ, അച്ഛന്റെ അച്ഛൻ, വയസ്സുമൂപ്പനുസരിച്ചുള്ള അപ്പന്മാർ, അച്ഛന്റെ അമ്മ, വയസ്സുമൂപ്പനുസരിച്ചുള്ള ഭിന്നോദരന്മാർ.

മൈനർമാരുടെ രക്ഷാകർതൃത്വം.

(ഖ) ഭർത്താവു തന്റെ മൈനരായ ഭാര്യയുടെ ദേഹത്തേയും പ്രത്യേകസ്വത്തിനേയും സംബന്ധിച്ചു നിയമാനുസൃത രക്ഷകർത്താവായിരിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

റഗുലേഷന്റെ പ്രവത്തനത്തെ ഒഴിവാക്കൽ.

൨൦. ഫ൦ന്ത൫-ലെ ഫ൫-൦ം നമ്പരായ Guardian and Wards റഗുലേഷന്റെ പ്രവത്തനത്തെ ഫ൯-൦ം വകുപ്പിലടങ്ങിയിരിക്കുന്ന യാതൊന്നും ബാധിക്കുന്നതായി വിചാരിപ്പാൻ പാടുള്ളതല്ല.

അദ്ധ്യായം ൫.

ഒസ്യത്തില്ലാത്ത പിന്തുടർച്ച.

ഒരാൾ ഒസ്യത്തില്ലാതെ മരിച്ചിരിക്കുന്നുവെന്നു വിചാരിക്കപ്പെടേണ്ടുന്ന വസ്തുക്കൾ.

൨൧. ഏതു വസ്തുക്കളെ സംബന്ധിച്ച് ഒരാൾ ഫലവത്താകുന്നതിനു യാതൊരു മരണപത്രവും എഴുതാതെയിരിക്കുന്നുവോ ടി വസ്തുക്കളെ സംബന്ധിച്ച് അയാൾ ഒസ്യത്തില്ലാതെ മരിച്ചതായി കണക്കാക്കപ്പെടുന്നതാകുന്നു.

ഉദാഹരണങ്ങൾ.

(i) ഏ. യാതൊരു മരണപത്രവുമെഴുതാതെ മരിക്കുന്നു. അയാൾ തന്റെ സകല സ്വത്തുക്കളെ സംബന്ധിച്ചും ഒസ്യത്തില്ലാതെ മരിച്ചിരിക്കുന്നു.

(ii) ഏ. ബീയെ തന്റെ എക്സിക്യൂട്ടരായി നിയമിച്ചുകൊണ്ട് ഒരു മരണപത്രമെഴുതിയതിനുശേഷം മരിക്കുന്നു. ആ മരണപത്രത്തിൽ മറ്റു യാതൊരു വ്യവസ്ഥകളുമില്ല. ഏ. തന്റെ സ്വത്തുക്കളുടെ വിതരണത്തെ സംബന്ധിച്ചിടത്തോളം ഒസ്യത്തില്ലാതെ മരിച്ചിരിക്കുന്നു.

(iii) ഏ. തന്റെ സ്വത്തുക്കൾ മുഴുവനും ഒരു ന്യായരഹിതമായ കായ്ത്തിനായി വെച്ചെഴുതിയ ശേഷം മരിക്കുന്നു. ഏ. തന്റെ സ്വത്തുക്കളുടെ വിതരണത്തെ സംബന്ധിച്ചിടത്തോളം ഒസ്യത്തില്ലാതെ മരിച്ചിരിക്കുന്നു.

(iv) ഏ. ബീക്കു ൫,൦൦൦ ക. യും സിയുടെ മൂത്തപുത്രന് ൫,൦൦൦ ക. യും വെച്ചെഴുതിയും മറ്റു യാതൊരു ദാനവും ചെയ്യാതേയും ൨,൦൦൦ ക. വെച്ചുകൊണ്ടു മരിക്കുന്നു. ഏക്കു മുമ്പായി സി പുത്രനില്ലാതെ മരിക്കുന്നു. ഏ ൫,൦൦൦ ക യുടെ വിതരണത്തെ സംബന്ധിച്ചു ഒസ്യത്തില്ലാതെ മരിച്ചിരിക്കുന്നു.

ഒസ്യത്തില്ലാതെ മരിക്കുന്ന നമ്പൂതിരി പുരുഷന്റെ സ്വത്തുക്കൾക്കുള്ള പിന്തുടർച്ച.

൨൨. ഒരു നമ്പൂതിരി പുരുഷൻ ഒസ്യത്തില്ലാതെ മരിക്കുമ്പോൾ അയാളുടെ സ്വയാർജ്ജിതമോ പ്രത്യേകമോ ആയുള്ള സ്വത്തുക്കൾ അതാതു കാലത്തു കൊച്ചി രാജ്യത്തു നടപ്പിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു കീഴ്പ്പെട്ട ൨൩, ൨൪, ൨൫ എന്നീ വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന ക്രമത്തിലും അടങ്ങിയിരിക്കുന്ന ചട്ടങ്ങളനുസരിച്ചും പിന്തുടർച്ചയായി ഇരിക്കുന്നതാകുന്നു.

൨൩. ഒസ്യത്തില്ലാതെ മരിക്കുന്ന ഒരാളുടെ കാലശേഷം അയാളുടെ സ്വജാതീയ വിവാഹമോ സ്വജാതീയ വിവാഹങ്ങളോ മൂലം താഴെ പറയുന്ന ബന്ധുക്കളിൽ ഒന്നോ അധികമോ മാത്രം അതായത്:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഒരു വിധവയൊ വിധവകളൊ,

(ബി) ഒരു പുത്രനൊ പുത്രന്മാരൊ,

(സി) ഒരു അവിവാഹിതയായ പുത്രിയൊ അവിവാഹിതകളായ പുത്രികളൊ,

ഒസ്യത്തില്ലാതെ മരിച്ചയാൾക്കു വിധവയൊ സന്താനങ്ങളൊ പിന്തുടർച്ചക്കാരൊ ഉള്ളപ്പോൾ.

(ഡി) (വിവാഹിതകളായ സ്ത്രീകളൊഴിച്ചു) മരിച്ച ഒരു പുത്രന്റെയൊ മരിച്ച പുത്രന്മാരുടേയൊ വഴിക്കു പുരുഷവഴിക്കുള്ള പിന്തുടർച്ചക്കാരനൊ പിന്തുടർച്ചക്കാരൊ ജീവിച്ചിരുപ്പുണ്ടെങ്കിൽ അയാളുടെ സ്വത്തുക്കൾ മുഴുവനും ആ ബന്ധുവിനൊ ബന്ധുക്കൾക്കൊ ഇരിക്കുന്നതാകുന്നു.

ഉ ദാ. ഉ നം-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന അവകാശികൾക്കു സ്വത്തുക്കൾ വീതിച്ചു കൊടുക്കുന്നതു താഴെ പറയുന്ന പട്ടികപ്രകാരമായിരിക്കണം.

(i) വിധവക്കൊ ഒന്നിലധികം വിധവകളുണ്ടെങ്കിൽ ഓരൊ വിധവക്കുമൊ ഒരു പുത്രന്റെയൊ ഒരു അവിവാഹിതയായ പുത്രിയുടേയൊ ഓഹരിയൊടു തുല്യമായ ഒരു ഓഹരിക്കു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

(ii) ഓരൊ പുത്രനും അവിവാഹിതയായ ഓരൊ പുത്രിക്കും തുല്യമായ ഓരൊ ഓഹരിക്കു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

എന്നാൽ ഒസ്യത്തില്ലാതെ മരിച്ചയാൾക്കു മുമ്പായി അയാളുടെ ഒരു മകൻ മരിച്ചിരുന്നാൽ അയാളുടെ പുരുഷവഴിക്കുള്ള പിന്തുടർച്ചക്കാർക്കു (വിവാഹിതകളായ സ്ത്രീകളൊഴിച്ചു) ആ മകൻ ഒസ്യത്തില്ലാതെ മരിച്ചയാളുടെ കാലശേഷം ജീവിച്ചിരുന്നാൽ അയാൾക്കു ലഭിക്കുമായിരുന്ന ഓഹരിക്കു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

(iii) ഒരു മരിച്ച പുത്രന്റെ പുത്രന്മാർക്കും അവിവാഹിത പുത്രികൾക്കും അയാൾ ഒസ്യത്തില്ലാതെ മരിച്ച ആളുടെ കാലശേഷം ജീവിച്ചിരുന്നെങ്കിൽ അയാൾക്കു ലഭിക്കുമായിരുന്ന സ്വത്തിന്റെ തുല്യ ഓഹരികൾക്കു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

എന്നാൽ ഒരു പുത്രന്റെ പുത്രൻ ഒസ്യത്തില്ലാതെ മരിച്ചയാൾക്കു മുമ്പായി മരിച്ചിരുന്നാൽ അയാളുടെ പുരുഷവഴിക്കുള്ള പിന്തുടർച്ചക്കാർക്കു (വിവാഹിതകളായസ്ത്രീകളൊഴിച്ചു) ആ പുത്രന്റെ പുത്രൻ ഒസ്യത്തില്ലാതെ മരിച്ചയാളുടെ കാലശേഷം ജീവിച്ചിരുന്നെങ്കിൽ അയാൾക്കു ലഭിക്കുമായിരുന്ന ഓഹരിക്കു അവകാശമുണ്ടായിരിക്കുന്നതാണു.

(iv) അതുപോലെതന്നെ ഒസ്യത്തില്ലാതെ മരിച്ചയാളുടെ സ്വത്തുക്കൾ അയാളുടെ കാലശേഷം ജീവിച്ചിരിപ്പുള്ള അയാളുടെ പുരുഷവഴിക്കുള്ള പിന്തുടർച്ചക്കാർക്കു (വിവാഹിതകളായ സ്ത്രീകളൊ

LIBRARY ARCHIVES Kerala Legislative Assembly

ഴിച്ച്") അവർ പ്രപൌത്രന്മാരോ പ്രപൌത്രികളോ അതിലും അകന്നവരോ ആയിരുന്നാൽ ഇരിക്കുന്നതാകുന്നു.

വ്യാഖ്യാനം.

ഒരു പുത്രന്റേയോ പുത്രന്റെ പുത്രന്റേയോ പുരുഷവഴിക്കുള്ള മറ്റവകാശി പിന്തുടർച്ചക്കാരന്റേയോ പിന്തുടർച്ചക്കാരുടെ ആ പുത്രനൊ പുത്രന്റെ പുത്രനൊ പിന്തുടർച്ചക്കാരനൊ ഒസ്യത്തില്ലാതെ മരിച്ചയാൾ മരിക്കുന്ന സമയം ജീവിച്ചിരിപ്പുണ്ടായിരുന്നാൽ ആവക സ്വത്തുക്കൾക്കു യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ല.

ഉദാഹരണങ്ങൾ.

(i) ഇസ്ഡ് എന്നയാൾ ഒസ്യത്തില്ലാതെ മരിക്കുന്നു. അയാൾക്കു എ, ബി എന്ന രണ്ടു വിധവകളും, സി എന്ന ഒരു മകനും, ആ മകനിൽനിന്ന് ഡി എന്ന ഒരു പൌത്രനും, ഇ എന്ന ഒരു വിവാഹിതയായ പുത്രിയും, എഫ് എന്ന് അവിവാഹിതയായ ഒരു പുത്രിയും ഒരു മരിച്ച പുത്രനിൽനിന്നു ജി എന്ന ഒരു പൌത്രനും, എച്ച് എന്ന ഒരു വിവാഹിതയായ പുത്രിയും, ജെ എന്ന അവിവാഹിതയായ ഒരു പുത്രിയും ഉണ്ട്. എ, ബി, സി, എഫ് ഇവരിൽ ഓരോരുത്തക്കും സ്വത്തിന്റെ അഞ്ചിലൊരു ഭാഗവും, ജിക്കും ജെക്കും പത്തിലൊരുഭാഗം വീതവും കിട്ടുന്നു. ഡി, ഇ, എച്ച്, ഇവക്കു യാതൊരു അവകാശവും കിട്ടുന്നില്ല.

(ii) ഇസഡ് എന്നയാൾ ഒസ്യത്തില്ലാതെ മരിക്കുന്നു. അയാൾക്കു വിധവയില്ല. എന്നാൽ എ എന്ന ഒരു പുത്രനും, ബി എന്ന അവിവാഹിതയായ ഒരു പുത്രിയും, മരിച്ച സി എന്ന പുത്രനിൽനിന്ന് ഇ എന്ന ഒരു പൌത്രനും എഫ് എന്ന അവിവാഹിതയായ ഒരു പൌത്രിയും, മരിച്ച ഡി എന്ന പുത്രനിൽനിന്നു ജി എന്ന അവിവാഹിതയായ ഒരു പൌത്രിയും, ഡിയുടെ മരിച്ച ഒരു പുത്രനിൽനിന്നും എച്ച്, ജെ എന്ന രണ്ടു പ്രപൌത്രന്മാരും ഉണ്ട്. എക്കും ബീക്കും സ്വത്തിന്റെ നാലിലൊരു ഭാഗം വീതവും ഇക്കും എഫിനും എട്ടിലൊരു ഭാഗം വീതവും ജിക്കു എട്ടിലൊരു ഭാഗവും എച്ചിനും ജെക്കും പതിനാറിലൊരു ഭാഗം വീതവും കിട്ടുന്നതിനവകാശമുണ്ടായിരിക്കുന്നതാണ്.

(iii) ഇസഡ് എന്നയാൾ ഒസ്യത്തില്ലാതെ മരിക്കുന്നു. അയാൾക്കു വിധവയോ മക്കളോ ഇല്ല. എന്നാൽ അയാൾക്ക് മരിച്ച എക്സ് എന്ന ഒരു പുത്രനിൽനിന്നും എ, ബി, സി, എന്ന മൂന്നു പൌത്രന്മാരും മരിച്ച വൈ എന്ന ഒരു പുത്രനിൽനിന്നും ഡി, ഇ എന്ന അവിവാഹിതകളായ രണ്ടു പൌത്രികളും ഉണ്ട്. എ, ബി, സി, ഇവക്കു ഇസഡിന്റെ സ്വത്തുക്കളുടെ ആറിലൊരുഭാഗം വീതവും ഡിക്കും ഇക്കും നാലിലൊരുഭാഗം വീതവും കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒസ്യത്തില്ലാതെ മരിച്ചയാളുടെ സ്വത്തുക്കൾ മൂന്നാം വകുപ്പിൽ പറയുന്ന അവകാശികളില്ലാത്തപ്പോൾ സ്വത്തു വിതരണം ചെയ്യേണ്ടുന്നതിനുള്ള ചട്ടം.

൨൫. (ക) ഒസ്യത്തില്ലാതെ മരിച്ചയാളുടെ കാലശേഷം മൂന്നാം വകുപ്പിൽ പറഞ്ഞിട്ടുള്ള യാതൊരവകാശികളും ജീവിച്ചിരിപ്പില്ലെങ്കിൽ അയാളുടെ സ്വത്തുക്കൾ താഴെ പറയുന്ന ബന്ധുക്കൾക്കു യഥാക്രമം ഇരിക്കുന്നതാകുന്നു.

(i) അച്ഛൻ;
(ii) അമ്മ;
(iii) സഹോദര സഹോദരിമാർ;
(iv) സഹോദരന്മാരുടെ പുത്രന്മാരും അവിവാഹിതകളായ പുത്രികളും;
(v) അച്ഛന്റെ അച്ഛൻ;
(vi) അപ്ഫന്മാർ;
(vii) അപ്ഫന്മാരുടെ പുത്രന്മാർ;
(vii) സഹോദരികളുടെ മക്കൾ;
(ix) പ്രപിതാമഹൻ (അച്ഛന്റെ അച്ഛന്റെ അച്ഛൻ);
(x) പ്രപിതാമഹന്റെ പുരുഷവഴിക്കുള്ള പിന്തുടച്ചക്കാരിൽ അധികം അകന്നുള്ളവരെ നീക്കി അധികം അടുത്തുള്ളവർ;
(xi) അച്ഛന്റെ പുരുഷവഴിക്കുള്ള അകന്ന മുൻഗാമികളും അവരുടെ പിന്തുടച്ചക്കാരും. എന്നാൽ അധികം അകന്ന മുൻഗാമിയേയും അയാളുടെ പിന്തുടച്ചക്കാരേയും നീക്കി അധികം അടുത്ത മുൻഗാമിയും അയാളുടെപിന്തുടച്ചക്കാരും. ഒരേ മുൻഗാമിയുടെ പിന്തുടച്ചക്കാരിൽ അധികം അകന്നവരെ നീക്കിഅധികം അടുത്തവർ.

(ഖ) (i)-ാം ഉപവകുപ്പനുസരിച്ച് രണ്ടോ അധികമോ അവകാശികൾക്കിരിക്കുന്ന സ്വത്ത് അവർ തമ്മിൽ സമമായി ഭാഗിക്കേണ്ടതാകുന്നു.

ഒസ്യത്തില്ലാതെ മരിക്കുന്ന ഒരുവിവാഹിതയായ നമ്പൂതിരിസ്ത്രീയുടെ സ്വത്തുക്കൾക്കുള്ള പിന്തുടച്ച.

൨൬. (ക) ഒരു വിവാഹിതയായ നമ്പൂതിരിസ്ത്രീ ഒസ്യത്തില്ലാതെ മരിക്കുന്നതായാൽ അവരുടെ സ്വയാർജ്ജിതമോ പ്രത്യേകമോ ആയുള്ള സ്വത്തുക്കൾ താഴെ പറയുന്ന ബന്ധുക്കൾക്ക് പറയപ്പെട്ടുന്ന ക്രമത്തിൽ ഇരിക്കുന്നതാകുന്നു.—

(i) പുത്രന്മാരും പുത്രികളും;
(ii) മരിച്ച പുത്രന്മാരുടെ മക്കൾ;
(iii) മരിച്ച പുത്രികളുടെ പുത്രന്മാർ;
(iv) ഭർത്താവ്;
(v) അച്ഛൻ;
(vi) അമ്മ;

LIBRARY ARCHIVES Kerala Legislative Assembly

(vii) സഹോദര സഹോദരിമാർ.

(viii) സഹോദരന്മാരുടേയും സഹോദരിമാരുടേയും മക്കൾ.

(ix) ൟ ൨-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളവരും (i)-ം (iii)-ം ഖണ്ഡങ്ങളിൽ പെടാത്തവരുമായ ഭർത്താവിന്റെ ബന്ധുക്കൾ.

(x) ൟ ൫-ാം വകുപ്പ് (ഛ)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഭർത്താവിന്റെ ബന്ധുക്കൾ, അതിൽ പറഞ്ഞിരിക്കുന്ന ക്രമമനുസരിച്ച്.

(൨) (ഛ)-ാം ഉപവകുപ്പനുസരിച്ച് രണ്ടോ അധികമോ അവകാശികൾക്ക് ഇരിക്കുന്ന സ്വത്തു് അവർ തമ്മിൽ സമമായി ഭാഗിക്കേണ്ടതാകുന്നു.

എന്നാൽ സ്വത്തുക്കൾ (ഛ)-ാം ഉപവകുപ്പ് (ix)-ാം ഖണ്ഡത്തിൽ പറയുന്ന ഭർത്താവിന്റെ ബന്ധുക്കൾക്കിരിക്കുമ്പോൾ അതു് അവർ തമ്മിൽ ഭാഗിക്കുന്നതു് ൨൫-ാം വകുപ്പിൽ നിശ്ചയിച്ചിരിക്കുന്ന ചട്ടങ്ങളനുസരിച്ചായിരിക്കണം.

ഒസ്യത്തില്ലാതെ മരിക്കുന്ന അവിവാഹിതയായ ഒരു നമ്പൂതിരി സ്ത്രീയുടെ സ്വത്തുക്കൾക്കുള്ള പിന്തുടർച്ച.

൨൬. ഒരു അവിവാഹിതയായ നമ്പൂതിരി സ്ത്രീ ഒസ്യത്തില്ലാതെ മരിക്കുന്നതായാൽ അവരുടെ സ്വയാർജ്ജിതമോ പ്രത്യേകമോ ആയ സ്വത്തുക്കൾ മുഴുവനും അവരുടെ മാതാപിതാക്കന്മാർക്കിരിക്കുന്നതാകുന്നു; മാതാപിതാക്കന്മാരുടെ അഭാവത്തിൽ അതു് സമഓഹരികളായി ആ സ്ത്രീയുടെ സഹോദര സഹോദരിമാർക്കും, അവരുടേയും അഭാവത്തിൽ അതു ആ സ്ത്രീയുടെ ഇല്ലത്തേക്കും ഇരിക്കുന്നതാകുന്നു.

അദ്ധ്യായം ൩.

ഭാഗം.

മെമ്പർക്ക് ഭാഗംചോദിപ്പാനുള്ള അവകാശം.

൨൭ (ഛ) ഒരില്ലത്തെ പുരുഷനൊ സ്ത്രീയൊ ആയ ഏതു മെമ്പർക്കും ഇല്ലത്തിനു വിനിയോഗാധികാരമുള്ള ഇല്ലത്തെ വക സകല സ്വത്തുക്കളിലും തനിക്കുള്ള ഓഹരി കിട്ടണമെന്നു് അവകാശപ്പെടാവുന്നതും ഇല്ലത്തു നിന്നു പിരിഞ്ഞുപോകാവുന്നതും ആകുന്നു.

എന്നാൽ തന്റെ ഭാര്യയും ഇല്ലത്തെ ഒരു മെമ്പരായിട്ടുള്ള ഒരു പുരുഷമെമ്പർ ഇല്ലത്തു നിന്നു പിരിഞ്ഞുപോകുവാനവകാശപ്പെടുമ്പോൾ അയാൾ തന്നേയും തന്റെ ഭാര്യയുടേയും പേർക്ക് അങ്ങിനെ ചെയ്യേണ്ടതും, ഭർത്താവിന്റേയും ഭാര്യയുടേയും ഓഹരികൾ അവർക്കു കൂട്ടായി കൊടുക്കേണ്ടതുമാകുന്നു.

(൨) (ങ) (ഛ)-ാം ഉപവകുപ്പനുസരിച്ചു് ഒരു ഇല്ലത്തു നിന്നും പിരിഞ്ഞുപോകുന്ന ഒരു മെമ്പർക്കു്, അന്നു ജീവിച്ചിരിപ്പു

LIBRARY ARCHIVES Kerala Legislative Assembly

ള്ള ഇല്ലത്തെ എല്ലാ മെമ്പർമാർക്കും ഇല്ലം വക സ്വത്തുക്കൾ ആ ളോഹരിയായി ഭാഗിച്ചാൽ തനിക്കു കിട്ടാവുന്ന ഓഹരിക്കു് അവകാശമുണ്ടായിരിക്കുന്നതാണു്

(ബി) എ -ാം ഉപവകുപ്പനുസരിച്ചു് ഒരു ഇല്ലത്തുനിന്നും പിരിഞ്ഞുപോകുന്ന ഒരു ഭർത്താവിനും ഭാര്യക്കും, അന്നു ജീവിച്ചിരിപ്പുള്ള ഇല്ലത്തെ എല്ലാ മെമ്പർമാർക്കും ഇല്ലം വക സ്വത്തുക്കൾ ആ ളോഹരിയായി ഭാഗിച്ചാൽ, അവർക്കു കിട്ടാവുന്ന ഓഹരിക്കു് അവകാശമുണ്ടായിരിക്കുന്നതാണു്.

(സി) ഒരു ഇല്ലത്തു നിന്നും പിരിഞ്ഞുപോകണമെന്നു് ഒരു മൈനരുടെ പേർക്കു കൊണ്ടുവരപ്പെട്ടതായ യാതൊരവകാശവും, അങ്ങനെ പിരിഞ്ഞുപോകുന്നതു് ആ മൈനരുടെ ഗുണത്തിനാണെന്നു കോടതിക്കു് തൃപ്തി വരാത്ത പക്ഷം, കോടതി അനുവദിപ്പാൻ പാടുള്ളതല്ല.

മതം മാറിയാൽ ഭാഗം.

൨൯. ഒരില്ലത്തെ ഏതെങ്കിലും മെമ്പർ തന്റെ മതം മാറിയിട്ടുണ്ടെങ്കിൽ, ടി മെമ്പർക്കു ഇല്ലം വക സ്വത്തുക്കളിൽ തനിക്കുള്ള ഓഹരി കിട്ടണമെന്നും ഇല്ലത്തു നിന്നും പിരിയണമെന്നും അവകാശപ്പെടാവുന്നതും അല്ലെങ്കിൽ അങ്ങനെ ഓഹരി വാങ്ങി പിരിയുന്നതിനു് ടി മെമ്പരെ മറേറതെങ്കിലും മെമ്പർക്കു നിർബന്ധിക്കാവുന്നതും ആകുന്നു.

ഭാഗിച്ചെടുക്കുന്ന സ്വത്തിന്റെ സമ്പ്രദായം.

൩൦. ൨൯-ാം വകുപ്പു് (എ)-ാം ഉപവകുപ്പനുസരിച്ചോ ൨൯-ാം വകുപ്പനുസരിച്ചോ ഒരില്ലത്തു നിന്നും പിരിഞ്ഞുപോകുന്ന ഏതെങ്കിലും മെമ്പർക്കു കിട്ടുന്നതായ ഓഹരി ആ മെമ്പരുടെ പ്രത്യേക സ്വത്തായിരിക്കുന്നതാകുന്നു.

എന്നാൽ ൨൯-ാം വകുപ്പു് (എ)-ാം ഉപവകുപ്പിന്റെ നിബന്ധനയനുസരിച്ചു് ഒരില്ലം വിട്ടുപോയി പിരിഞ്ഞുപോകുന്ന ഭർത്താവിനും ഭാര്യക്കും കൂടി സിദ്ധിക്കുന്ന ഓഹരി ഇല്ലം വക വസ്തുക്കളുടെ സ്വഭാവങ്ങളോടു കൂടി അവർ എടുത്തുകൊള്ളുന്നതാകുന്നു.

എന്നു മാത്രമല്ല, ഭാഗിക്കുമ്പോൾ അവരവരുടെ ഓഹരികൾ വാങ്ങുന്ന മെമ്പർമാർക്കു് വീണ്ടും യോജിച്ചു് ഒരു ഇല്ലമാകുന്നതിനു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതുമാകുന്നു.

ഇല്ലം വക സ്വത്തുക്കളിലുള്ള അവിഭക്ത ഓഹരി വിൽക്കുകയോ ജപ്തി ചെയ്യുകയോ ചെയ്യുന്നതിനെ തടയൽ.

൩൧. ഒരു നമ്പൂതിരി പുരുഷനോ സ്ത്രീക്കോ ഇല്ലം വക സ്വത്തുക്കളിലുള്ള തന്റെ ഓഹരി, അതു ഭാഗം തിരിഞ്ഞു് ഒറ്റയാകുന്നതു വരെ വിൽപ്പാനോ അതിനെ ആക്കിക്കിലും ജപ്തിചെയ്യുവാനോ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യായം ൬.

പലവക.

ഒഴിവാക്കൽ.

൯൫. ഈ റഗുലേഷനിലടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ, നമ്മുതിരിമാക്ക് ബാധകമായിട്ടുള്ള യാതൊരു നിയമത്തേയോ, ആചാരത്തേയോ, നടപടിയേയോ ഈ റഗുലേഷനിൽ വ്യക്തമായി നിശ്ചയിച്ചിട്ടുള്ളിടത്തോളമല്ലാതെ, ബാധിക്കുന്നതായി വിചാരിപ്പാൻ പാടുള്ളതല്ല.

ഈ റഗുലേഷൻ ചില സമുദായങ്ങൾക്കു ബാധകമാക്കൽ.

൯൬. ഈ റഗുലേഷനിലെ നിശ്ചയങ്ങൾ, മരുമക്കത്തായപിന്തുടർച്ച ക്രമമനുസരിക്കാത്തവരും നമ്മുതിരിമാരുടേതുകൾ പോലെയുള്ള ആചാരങ്ങളും നടപടികളും അനുസരിക്കുന്നവരുമായ കൊച്ചി രാജ്യത്തുള്ള താഴെ പറയുന്ന സമുദായങ്ങൾക്കും ബാധകമായിരിക്കുന്നതാകുന്നു.— അതായതു്—അടികൾ, എളയതുമാർ, മൂസ്സതുമാർ അല്ലെങ്കിൽ മൂത്തതുമാർ, നമ്പീശന്മാർ, നമ്പ്യാർമാർ.

(True copy)

C. J. MATHEW,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly